Reg. M. No. 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ചിങ്ങം 23—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 സെപ്റ്റംബർ 8 | ലക്കം 4

## കത്തോലിക്കരും രാഷ്ട്രീയവും

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

കത്തോലിക്കാ തിരുസ്സഭയുടെ ഒരു ഓമനസന്താനം മാതൃരാജ്യത്തിലെ ഒരു ഉത്തമപൗരനാണ്. ഒരു നല്ല കത്തോലിക്കൻ ഒരു നല്ല ഭരണകൂടത്തിനുവേണ്ടി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവനാണ്. കത്തോലിക്കാ സ്ത്രീപുരുഷന്മാർ സ്വരാജ്യത്തിന്റെ ഭരണകാര്യങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുകയും സുശക്തവും, സുസ്ഥിരവും, ശ്രേഷ്ഠവുമായ ഒരു ഭരണകൂടം നിർമ്മിക്കുവാൻ തങ്ങളുടെ വിലപിടിച്ച വോട്ടുകൾ പൗരബോധത്തോടുകൂടി വിനിയോഗിക്കുകയും ചെയ്യണം. വോട്ടവകാശമുള്ളവർ വോട്ടുചെയ്യേണ്ടതു അവർക്കു ലഭിച്ചിട്ടുള്ള അവകാശം ഉപയോഗിക്കുക മാത്രമല്ല അതു അവരുടെ കർത്തവ്യമാണെന്നുകൂടി കത്തോലിക്കർ ധരിക്കണം.

"സീസറിനുള്ളതു് സീസറിനും ദൈവത്തിനുള്ളതു് ദൈവത്തിനും കൊടുക്കുവിൻ." (Matt.22,21) രാഷ്ട്രീയസേവനം സംബന്ധിച്ചു ഉത്തമകത്തോലിക്കർ സ്വീകരിക്കേണ്ടമാനദണ്ഡം ക്രിസ്തുവിന്റെ ഈ പഠനമാണ്. ദൈവത്തിനു കൊടുക്കേണ്ടതിന്റെ ഈ അളവു ക്രിസ്തുതന്നെ തിട്ടപ്പെടുത്തിയിട്ടുണ്ടു്. പന്ത്രണ്ടുവയസ്സായ ഒരു യുവാവായിരുന്നപ്പോൾ ക്രിസ്തു ജെറുസലേം ദേവാലയത്തിൽ വേദാന്തികളോടു തർക്കിച്ചു മൂന്നുദിവസം കഴിച്ചുകൂട്ടി. എന്തിനു ദേവാലയത്തിൽ ഇത്ര സമയം കഴിച്ചു എന്നു അമ്മ പരിശുദ്ധ കന്യകമറിയം ചോദിച്ചപ്പോൾ "ഞാൻ എന്റെ പിതാവിന്റെ ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നുവെന്നു അറിഞ്ഞില്ലയോ?" എന്നാണ് ക്രിസ്തു മറുപടി പറഞ്ഞതു്. പിതാവായ ദൈവത്തിന്റെ കാര്യമാണ് പ്രഥമവും പ്രധാനവുമായതു്; അതു കഴിഞ്ഞിട്ടേ മറ്റേതുകാര്യങ്ങളും ഉള്ളൂ എന്നാണ് ക്രിസ്തുവിന്റെ മറുപടിയുടെ സാരം. രാജ്യത്തിനുവേണ്ടിയോ രാഷ്ട്രീയത്തിനുവേണ്ടിയോ ദൈവകാര്യങ്ങളെ ബലികഴിക്കുവാൻ പാടില്ലാ എന്നു ക്രിസ്തു പഠിപ്പിക്കുന്നു. എന്നാൽ മാതൃരാജ്യത്തെ സ്നേഹിക്കണം എന്നു ക്രിസ്തു വ്യക്തമായി പഠിപ്പിക്കുന്നുണ്ടു്. ക്രിസ്തു ദൈവമാണ്, വിശ്വം മുഴുവനും അവിടുത്തെ സൃഷ്ടിയാണ്. തൻമൂലം ഒരു രാഷ്ട്രത്തിന്റെ നിയമങ്ങൾക്കു ദൈവമായ ക്രിസ്തു വിധേയനല്ല. എന്നിരുന്നാലും തന്റെ ശിഷ്യന്മാർക്കു ഒരു മാതൃക നൽകുന്നതിനുവേണ്ടി അവിടുന്നു ഒരു അത്ഭുതം പ്രവർത്തിച്ചുകൂടി സീസറിനു കരംകൊടുക്കുന്നു. അവിടുന്നു പത്രോസിനോടു അരുളിച്ചെയ്തു കടലിൽപോയി ചൂണ്ടയിടുക. ആദ്യം കിട്ടുന്ന മത്സ്യത്തിന്റെ വായ തുറന്നുനോക്കുമ്പോൾ ഒരു എസ്റ്ററം (റോമൻനാണയം) നീ കണ്ടെത്തും. നീ അതെടുത്തു എനിക്കും നിനക്കും വേണ്ടി കൊടുക്കുക." (Matt. 17. 26.) രാഷ്ട്രത്തിന്റെ ന്യായമായ നിയമങ്ങൾക്കു വിധേയമായി വർത്തിച്ചുകൊണ്ടു എങ്ങനെയാണ മാതൃരാജ്യത്തെ സ്നേഹിക്കേണ്ടതു് എന്നു ക്രിസ്തു അത്ഭുതം പ്രവർത്തിച്ചുകൂടിയാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നതു്.

ഇൻഡ്യ ഇന്നു ഒരു മതേതര രാഷ്ട്രമാണ്. എല്ലാ മതങ്ങളേയും ഇൻഡ്യൻ ഗവമ്മെണ്ടു തുല്യനിലയിൽ പരിഗണിക്കുന്നു. ഇൻഡ്യൻ ഭരണഘടന പ്രത്യേകാനുകൂല്യങ്ങൾ ഒരു മതത്തിനും അനുവദിച്ചിട്ടില്ല. എങ്കിലും ഭരണയന്ത്രത്തെ തിരിക്കുന്നവർ ഇന്ത്യയിലെ ഭൂരിപക്ഷക്കാരായ ഹിന്ദുക്കളാണ്. അവർ ഹിന്ദുമതം ഒഴിച്ചു മറ്റെല്ലാ മതങ്ങളേയും വിദേശീയ മതങ്ങളായി പരിഗണിക്കുന്നപോലെ തോന്നുന്നു. ഇന്ത്യയുടെ മണ്ണിൽ വേരൂന്നിയിട്ടു 2000 സംവത്സരങ്ങളോളമായിട്ടുള്ള ക്രിസ്തുമതത്തേയും അവർ വിദേശീയതച്ഛായംകൊണ്ടു പൂശുന്നു. ഇന്ത്യയിലെ പൂർവ്വനിവാസികളായ ആര്യന്മാരും ദ്രാവിഡന്മാരും ക്രിസ്തുമതം സ്വീകരിച്ചു ക്രിസ്ത്യാനികളായതാണ് ഇന്ത്യൻ ക്രിസ്ത്യാനികൾ. ഈ ക്രിസ്ത്യാനികളും ഇവരുടെ കണ്ണിൽ വിദേശീയരാണ്. ഇന്ത്യൻ സംസ്കാരമെന്നതു ഹിന്ദുസംസ്കാരമാണെന്നും മറ്റെല്ലാ സംസ്കാരങ്ങളും വൈദേശികങ്ങളാണെന്നും മററുമാണ് ദേശീയവീക്ഷണഗതിയില്ലാത്ത ഇടുങ്ങിയ മനഃസ്ഥിതിക്കാരായ വർഗ്ഗീയവാദികൾ വാദിക്കുന്നതു്. ഈ വർഗ്ഗീയവാദികൾ ഇന്ത്യയുടെ ദേശീയവികസനത്തിനും ഉയർച്ചയ്ക്കും വിലങ്ങുതടികളായി നിലകൊള്ളുന്നു. ഐക്യഭാരതം വിഭജിക്കപ്പെടുവാൻ ഹേതുഭൂതർതന്നെ ഈ വർഗ്ഗീയവാദികളാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റുവിനെപ്പോലെ ഇന്ത്യയിലെ ഹിന്ദുക്കളേയും മുസൽമാന്മാരേയും, ക്രിസ്ത്യാനികളേയും എല്ലാവരേയും സമഭാവനയോടെ ഇന്ത്യാരാജ്യത്തിന്റെ പ്രേഷ്ഠസന്താനങ്ങളായി പരിഗണിക്കുവാനുള്ള വിശാലമനസ്കതയും ദേശീയവീക്ഷണഗതിയും ഓരോ ഇന്ത്യൻ പൗരനിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവുമായ അഭിവൃദ്ധിക്കും ദേശീയ ഐക്യത്തിനും ഇന്ത്യയിലെ ജനങ്ങൾ വിഭാഗീയമനഃസ്ഥിതി കൈവെടിഞ്ഞു ദേശീയബോധം കൈവളർത്തുവാൻ ശ്രമിക്കേണ്ടതാണ്.

ഇത്തരുണത്തിൽ കത്തോലിക്കർ അവരുടെ മാതൃരാജ്യമായ ഇന്ത്യയുടെ ദേശീയ വളർച്ചയിൽ വഹിക്കുന്ന പങ്കു വലുതാണ്. "എല്ലാററിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക. അതു കഴിഞ്ഞാൽ അവന്റെ സഹോദരനെ സ്നേഹിക്കുക." ഇതാണ് ക്രിസ്തുവിന്റെ പ്രമാണം. ഒന്നാമതായി നമ്മുടെ സഹോദരന്മാർ നമ്മുടെ മാതൃരാജ്യത്തിലെ ജനങ്ങളാണ്. ഹിന്ദുവെന്നോ, മുസ്ലീമെന്നോ ഉള്ള വിഭാഗീയ ചിന്തകൂടാതെ അവരെ നാം സ്വന്തം സഹോദരന്മാരായി പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്യണം. ക്രിസ്തു എല്ലാവരേയും സ്നേഹിച്ചു. എല്ലാവർക്കും നന്മചെയ്തു ജീവിച്ചു. ഭാരതത്തിന്റെ പ്രഥമ പ്രേഷിതനായ മാർ തോമ്മാ ഹിന്ദുവിനേയും മുസ്സൽമാനേയും, യഹൂദനേയും എല്ലാവരേയും സ്നേഹിച്ചു ജീവിച്ചു. വി. പൗലോസിന്റെ വാക്കിൽ "എല്ലാവർക്കും എല്ലാമായി ജീവിക്കണം" ഓരോ കത്തോലിക്കനും. ക്രിസ്തു തൊട്ടു ഇന്നുവരെയുള്ള കത്തോലിക്കാസഭയുടെ പാരമ്പര്യം തികഞ്ഞ ദേശഭക്തിയാണ്. കത്തോലിക്കർ ഏതു രാജ്യനിവാസികളാണോ ആ രാജ്യത്തെ അവർ മറെറല്ലാ രാജ്യങ്ങളേക്കാൾ അതിയായി സ്നേഹിക്കുന്നു. മാതൃരാജ്യത്തിന്റെ അരുമസന്താനങ്ങളായി അവർ വർത്തിക്കുന്നു. മാതൃരാജ്യത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി രാവും പകലും അവർ പ്രയത്നിക്കുന്നു. അതാണു കത്തോലിക്കരുടെ മഹനീയപാരമ്പര്യം. ഇന്ത്യയിൽ കത്തോലിക്കർ ന്യൂനപക്ഷമാണെങ്കിലും അവർ മാതൃരാജ്യത്തിനു ചെയ്യുന്ന സേവനം മഹത്തായതാണ്. കൃഷി, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, ആ



"ഡൊമസ്റ്റിക്കു് പ്രിലേററ്" സ്ഥാനത്തേക്കു് ഉയർത്തപ്പെട്ട റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകൾ.

# നമ്മുടെ അമ്മയുടെ ജന്മദിനം

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

മനുഷ്യഹൃദയത്തെ അവഗാഢം സ്പർശിക്കുന്ന ഒരു പദമാണ് അമ്മയെന്നതു്. മാതൃബന്ധത്തെ സൂചിപ്പിക്കുന്ന ആ കൊച്ചുവാക്കിൻെറ ശക്തി സ്ഥലകാലഭേദംകൂടാതെ ആബാലവൃദ്ധം എല്ലാവരുടേയും ഏതുജാതി ഹൃദയത്തിലും വലിയ വിപ്ലവമുണ്ടാക്കുവാൻ പോരുന്നതാണ്. വിശേഷബുദ്ധിയില്ലാത്ത ജന്തുലോകംപോലും അതിൻെറ അമ്മയെ ആദരിക്കുന്നു. ഇത്ര സ്വാധീനശക്തിയുള്ള മാതൃചിന്തയെ ഉദ്ദീപിപ്പിക്കുന്നവ എന്തും ചെയ്യുവാൻ വിശേഷബുദ്ധിയുള്ള മനുഷ്യൻ തയ്യാറാകുന്നതിൽ അത്ഭുതത്തിനവകാശമില്ല തന്നെ. അതുകൊണ്ടാണ് അമേരിക്കയിലും മററു മാതൃദിനങ്ങൾ വിപുല പരിപാടികളോടുകൂടി ആഘോഷിക്കുവാൻ തുടങ്ങിയിരിക്കുന്നതു്.

നമ്മുടെ സ്വർഗ്ഗീയമാതാവിൻെറ പിറവിത്തിരുനാൾ സന്തോഷം കൊണ്ടാടുന്നൊരു മഹദ്ദിനമാണല്ലോ ഇന്നു്. സ്വർഗ്ഗത്തിൽ ഇന്നു് പരിശുദ്ധതമ ത്രിത്വം മുതൽ ഏററവും താഴ്ന്ന സ്വർഗ്ഗവാസിവരെ സകലരും പരിശുദ്ധ കന്യകമറിയത്തിൻെറ പിറവിത്തിരുനാൾ ആഘോഷിക്കുന്നു. അതിനാൽ സ്വർഗ്ഗീയഗണങ്ങളോടു ചേർന്നുകൊണ്ടു് നമ്മുടെ അമ്മയുടെ ജന്മദിനം കൊണ്ടാടുവാൻ തിരുസ്സഭ നാമോരോരുത്തരേയും ക്ഷണിക്കുന്നു.

വിശുദ്ധരുടെ മഹത്വത്തിലേക്കുള്ള പ്രവേശനദ്വാരമായ മരണത്തിൻെറ സ്മരണയാണ് വിവേകമതിയായ സഭാമാതാവു് സാധാരണ ആഘോഷിക്കാറുള്ളതു്. എന്നാൽ മൂന്നുപേരുടെ മാത്രം, അതായതു് ഈശോയുടേയും അവിടത്തെ പരി. മാതാവിൻെറയും യോഹന്നാൻ മാംദാനായുടേയും പിറവിത്തിരുനാളുകളുംകൂടി സഭ ആഘോഷിക്കുന്നു. ജന്മപാപവിമുക്തമായിരുന്നതിനാൽ അവരുടെ പിറവിയും തുല്യമഹത്വപൂർണ്ണമായിരുന്നു എന്നതാണ് ഇതിനു കാരണം. തിരുസ്സഭ 6-ാം നൂററാണ്ടിൽ തുടങ്ങി ഈ മാതൃദിനം—മാതാവിൻെറ പിറവിത്തിരുനാൾ— ആഘോഷിച്ചുവരുന്നു. 1245-ാമാണ്ടു് ലയൺസിൽ കൂടിയ ഒന്നാം സൂനഹദോസിൽവച്ചു് ഈ തിരുനാളിനു് ഒരു എട്ടാമിടവും (Octave) കല്പിച്ചനുവദിച്ചു.

ഈ അവസരത്തിൽ മാതാവിൻെറ ജനനസ്ഥലം, കാലം, ബാല്യം ഇവയെപ്പററി സ്വല്പം പറയുന്നതു് പ്രസക്തമായിരിക്കുമല്ലോ. അവിടത്തെ ജനനസ്ഥലത്തെപ്പററി പാരമ്പര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടു്. പാശ്ചാത്യസഭയിൽ പ്രചരിച്ച ഒരു പാരമ്പര്യം പഠിപ്പിക്കുന്നതു് പരി. കന്യകമറിയം നസറസ്സിൽ ജനിച്ചു എന്നാണ്. എന്നാൽ തുല്യപ്രാധാന്യമുള്ള വേറൊന്നു പറയുന്നു അവിടത്തെ ജനനസ്ഥലം ജറൂസലമാണെന്നു്. അവിടെ പ്രസിദ്ധമായ പ്രൊബാത്തിക്കാ കുളത്തിനു സമീപെയുള്ള തൻെറ പിതാവിൻെറ ഭവനത്തിൽവച്ചു് മറിയം ഭൂജാതയായിയെന്നു് വി. യോഹന്നാൻ ദമസേൻ പറയുന്നു. അവിടെ സ്ഥാപിതമായിരിക്കുന്ന വി. അന്നായുടെ പള്ളിയിൽ ഒരു ഭാഗം ദൈവമാതാവിൻെറ ജനനസ്ഥലമായി ഇന്നും ആദരിച്ചുവരുന്നുണ്ടു്.

രക്ഷകൻെറ വരവിനെ വിളിച്ചറിയിച്ച അവിടത്തെ മാതാവിൻെറ പിറവി ലോകത്തിനു പൊതുവേയും മറിയത്തിൻെറ മാതാപിതാക്കന്മാർക്കും നമുക്കും പ്രത്യേകിച്ചും ആഹ്ലാദത്തിൻെറയും ആശ്വാസത്തിൻെറയും സുവർണ്ണാവസരമാണ്.

അന്നത്തെ ലോകം ആദ്ധ്യാത്മികവും ഭൗതികവുമായ അടിമത്വത്തിലും അജ്ഞതയിലും കഴിഞ്ഞുകൂടിയിരുന്നു. റോമൻസമ്രാട്ടുകളുടെ അനിയന്ത്രിതദുഷ്പ്രഭുത്വത്തിൻെറ പിടിയിൽപെട്ടു് അന്നത്തെ ഭരണകൂടങ്ങളും ജനാവലിയും ഞെരുങ്ങി വിരളുന്ന ഒരവസരം. അവർ തങ്ങളുടെ സ്വാധീനശക്തി ആദ്ധ്യാത്മികമണ്ഡലത്തിലും കുത്തിച്ചെലുത്തി, അന്നു പൊതുവേ വ്യാപിച്ചിരുന്ന അധാർമ്മികാന്ധകാരത്തിൻെറ ഉഗ്രത വർദ്ധിപ്പിച്ചു. അതിനാൽ ആദ്ധ്യാത്മികവെളിച്ചം എന്തെന്നുപോലും അറിഞ്ഞിരുന്നവർ അക്കാലത്തു് അത്യല്പപരിമിതമായിരുന്നു. ഇങ്ങനെയുള്ള ഒരു കാലസന്ധിയിലാണ് ഈ ഉഷഃകാലനക്ഷത്രം ഉദിച്ചുയർന്നതു്.

ഇന്നത്തെ ലോകത്തിൻെറയും സ്ഥിതി മേൽപ്രസ്താവിച്ചതിൽനിന്നു് വളരെ വ്യത്യസ്തമല്ല. രാജ്യങ്ങളും ജനപദങ്ങളും ഭൗതികങ്ങളിൽനിന്നു് വഷളത്തങ്ങളിലേക്കും നശീകരണപ്രസ്ഥാനങ്ങളിൽനിന്നു് നാശഗർത്തത്തിലേക്കും കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നു. സന്മാർഗ്ഗത്തിനു് വിലയിടിഞ്ഞിരിക്കയാണ്. കമ്മ്യൂണിസം മുതലായ നശീകരണപ്രസ്ഥാനങ്ങൾ അവയുടെ വിഷജ്വാലകളെ ലോകമെങ്ങും പരത്തുവാൻ പരിശ്രമിക്കുന്നു. അഗ്നിജ്വാലയിൽ ശലഭങ്ങളെന്നപോലെ ആളുകൾ പ്രസ്തുത നാശഗർത്തത്തിൽ നിമിഷംപ്രതി നിപതിച്ചുകൊണ്ടിരിക്കുന്നു. ഈ അപകടഘട്ടത്തിൽ ആശ്വാസസന്ദായകമായിരുന്ന ആ മഹാസംഭവത്തിൻെറ സ്മരണ കൊണ്ടാടുന്നതു് നിശ്ചയമായും ആധുനികലോകത്തിനും ആഹ്ലാദജനകം തന്നെ.

ദിവ്യകന്യകയുടെ വന്ദ്യമാതാപിതാക്കളായ വി. അന്നായും വി. യൊവാക്കിമും തങ്ങൾക്കു് ഈ അനുഗൃഹീതശിശുവിനെ ലഭിക്കുന്നതിനു മുൻപു് അനപത്യരായിരുന്നു. ദീർഘനാളത്തെ പ്രാർത്ഥനയുടെ ഫലമായ ഈ ഓമനശിശുവിൻെറ ജനനത്തിൽ ആ വൃദ്ധമാതാപിതാക്കൾ വളരെ സന്തോഷിച്ചിരിക്കണം. മറിയത്തിൻെറ ബാലലീലകളോരോന്നും അവരുടെ ഹൃദയങ്ങളിൽ ആനന്ദത്തിൻെറ കോളിളക്കങ്ങളുണ്ടാക്കിയിരിക്കണം. ലോകപരിത്രാതാവായ ദൈവത്തിൻെറ മാതാവാകുവാനുള്ളവളാണ് തങ്ങളുടെ വൽസലസന്താനമെന്നു് അവർ അറിഞ്ഞിരുന്നെങ്കിൽ അവരുടെ വിസ്മയവുംസ്നേഹവും എത്ര വർദ്ധിക്കമായിരുന്നു എന്നു് ഊഹിക്കുകയാണുത്തമം.

നമ്മുടെ അമ്മ പരി. കന്യാസ്ത്രീമറിയത്തിൻെറ ജനനം ജന്മപാപരഹിതമായിരുന്നു. പാപപരിഹാരണാർത്ഥം തിരുവവതാരം ചെയ്യുന്ന ദൈവതിരുക്കുമാരൻെറ മാതാവു് പാപത്തിനു് അടിമയായിരിക്കുക യുക്തമല്ലല്ലോ. അതിനാൽമറിയത്തിൻെറ ശരീരവും ആത്മാവുംകൂടി യോജിച്ച ആ നിമിഷംതന്നെ ജന്മപാപത്തെ ദൈവം മാതാവിൽനിന്നു് മാററിനിറുത്തി. അങ്ങനെ പരി. കന്യകമറിയം അമലോത്ഭവയായി. ആദത്തിൻെറ സന്തതികളെ പാപപങ്കിലരാക്കുന്ന ഈ ഉത്ഭവദോഷത്തിൽനിന്നു് മറിയത്തെ ഇത്ര മഹനീയമാംവണ്ണം കാത്തുരക്ഷിച്ചതു തൻെറ തിരുക്കുമാരൻെറ തിരുരക്തംതന്നെയായിരുന്നു. ഇപ്രകാരം ദിവ്യരക്ഷകൻ പരിത്രാണകർമ്മം തൻെറ ജനനത്തിനുമുൻപുതന്നെ പരോക്ഷമായി ആരംഭിച്ചു എന്നു് ഒരുവിധത്തിൽ പറയാം.

കന്യകമറിയം മനുഷ്യൻെറ ദുർബലാകൃതിയിലാണ് ജനിച്ചതെങ്കിലും എല്ലാവിധ സ്വാഭാവികദാനങ്ങളുംകൂടി അവിടുത്തേക്കു നൽകപ്പെട്ടിരുന്നു. വി. അംബ്രോസ് മറിയത്തെ വർണ്ണിക്കുന്നതു് ഇപ്രകാരമാണ്:- "She was humble in heart, grave n words, wise in her resiolutions· She spoke seldom and little. She injured none, was beneiicient to all, honoured her superiors, envied not equals, shunned vain-glory, tollowed reason, ardently loved virtue." (പരി. കന്യകാമറിയം ഹൃദയത്തിൽ എളിമയുള്ളവളും സംഭാഷണത്തിൽ ഗൗരവം പാലിക്കുന്നവളും പ്രതിജ്ഞകളിൽ വിവേകമതിയുമായിരുന്നു. മിതഭാഷിയും നിരുപദ്രവകാരിയും എല്ലാവർക്കും ഉപകാരതല്പരയും ആയി വർത്തിച്ചിരുന്നു. അധികാരികളെ അക്ഷരശഃ അനുസരിച്ചു; അസൂയാലുവായിരുന്നില്ല; അഹങ്കാരം ഉപേക്ഷിച്ചു് യുക്തിയെ അവഗണിക്കാതെ വിശുദ്ധിയെ അവഗാഢം സ്നേഹിക്കയും ചെയ്തിരുന്നു.) ഇതിൽനിന്നു മനസ്സിലാക്കാം പരി. കന്യ

ഇരുശുശ്രൂഷണം എന്നീ രാജ്യാഭിവൃദ്ധിക്കു നിദാനങ്ങളായ പ്രധാനസംഗതികളിൽ കത്തോലിക്കർ ചെയ്യുന്ന സേവനം രാജ്യക്ഷേമതല്പരർ അഭിമാനത്തോടെ ഉദ്ഘോഷിക്കുന്നുണ്ടു്.

ഇന്ത്യയിലെ കത്തോലിക്കർ ഇന്ത്യയുടെ അഭിമാനസ്തംഭങ്ങളായി പരിലസിക്കണം. അവർ അവരുടെ ദിവ്യനാഥനായ ക്രിസ്തുവിനെ അനുകരിക്കുകയും, അപ്പസ്തോലപ്രമുഖനായ വി. പൗലോസിൻെറ ഉപദേശത്തെ ശ്രവിച്ചു തദനുസാരം പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെ മാതൃരാജ്യത്തിലെ ഉത്തമപൗരന്മാരായി വർത്തിക്കുവാൻ സാധിക്കും. വി. പൗലോസു് ആദിക്രിസ്ത്യാനികളോടു അവരുടെ പേഗൻ മതാവലംബികളായ ഭരണാധികാരികളോടു അനുവർത്തിക്കേണ്ട നയത്തെപ്പററി പറയുന്നതു് കേൾക്കുക. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല. ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കുകയും ചെയ്യുന്നു.......ഇതിനാൽ കോപത്തെക്കുറിച്ചു മാത്രമല്ല; നമ്മുടെ മനസ്സാക്ഷിയെക്കുറിച്ചുകൂടിയും കീഴ്പ്പെടുവാൻ നമുക്കു ആവശ്യമാകുന്നു.......ആകയാൽ ഓരോരുത്തനും കടപ്പെട്ടിരിക്കുന്നതു എല്ലാ മനുഷ്യർക്കും കൊടുത്തുവിട്ടുവിൻ. തലവരി കൊടുക്കേണ്ടവനു തലവരി, ചുങ്കം കൊടുക്കേണ്ടവനു ചുങ്കം, ഭയം കാണിക്കേണ്ടവനു ഭയം, ബഹുമാനം കാണിക്കേണ്ടവനു ബഹുമാനം......പിന്നെയോ, നിങ്ങൾ നമ്മുടെ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ."

(Rom. 13)



ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ.

പെരുവന്താനം

# അത്യുന്നത കർദിനാൾ തിസരാങ്ങ് തിരുമനസ്സുകൊണ്ട്

## "ജയഭാരതം" പത്രാധിപക്കയച്ച കത്ത്

റോമാ, ആഗസ്റ്റ് 18, 1954
വിയാ ദെല്ലാ
കൊൺസിലിയാസോൺ, 54.

സാക്രാ കോൺഗ്രഗാസിയോ
"പ്രോ എക്ലേസിയാ ഓറിയെന്താലി"
എൻെറ പ്രിയപ്പെട്ട മി. ദേവസ്യ,

ഇക്കഴിഞ്ഞ സംവത്സരത്തിൽ താങ്കൾ എന്നോടു കാണിച്ചിട്ടുള്ള അനേകം ഔദാര്യങ്ങൾക്കും, പ്രത്യേകിച്ചു "ജയഭാരത"ത്തിൻെറ ബയണ്ടുചെയ്ത പ്രതികൾ എനിക്കു സമ്മാനിച്ചതിനും ഏററവും ഹൃദയംഗമമായ നന്ദിപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെയേറെ സമുന്നതന്മാരായ മാന്യന്മാർ—നമ്മോടു വിശ്വാസൈക്യമില്ലാത്തവരുൾപ്പെടെ—ഈ പാണ്ഡിത്യോചിതമായ മാസികയെ എത്രമാത്രം മതിപ്പോടുകൂടിയാണു വീക്ഷിക്കുന്നതെന്നറിയുന്നതിലും സന്തോഷമുണ്ടു്. യഥാർത്ഥത്തിൽ നിങ്ങൾ ഏർപ്പെട്ടിരിക്കുന്നതു് നിങ്ങളുടെ ജനങ്ങളുടെ സാഹിത്യചരിത്രത്തിൽ അതിപ്രധാനമായ ഒരുദ്യമത്തിലാണു.

ഉൽകൃഷ്ടമായ ഈ സദ്വ്യവസായം തുടർന്നുകൊണ്ടുപോകുവാനുള്ള ശക്തിയും പ്രസാദവും നിങ്ങൾക്കു ലബ്ധമാകുമെന്നും, നിങ്ങളുടെ ശ്രമങ്ങൾ നമ്മുടെ വിശ്വാസത്തിൻെറ പ്രകാശത്താലും പ്രചോദനത്താലും അനുഗൃഹീതമായതാകയാൽ അവ ഒരു കാലത്തു സമൃദ്ധമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതു കാണുവാൻ നിങ്ങൾക്കു കഴിയുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

താങ്കൾക്കും സുപ്രധാനമായ ഈ സാഹിത്യപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന താങ്കളുടെ സഹപ്രവർത്തകന്മാരായ എല്ലാവർക്കും വളരെ പ്രത്യേകവിധമായ ആശീർവ്വാദം നൽകിക്കൊണ്ടു്,

ഹൃദയംഗമമായ സ്നേഹവികാരങ്ങളോടെ,
ക്രിസ്തുവിൽ നിങ്ങളുടെ വിശ്വസ്തൻ
എവുജീൻ കർദ്ദിനാൾ തിസരാങ്ങ് (ഒപ്പ്)

മി. പി. സി. ദേവസ്യ എം. ഏ.
എഡിററർ ആൻഡ് പബ്ലിഷർ
"ജയഭാരതം"
തേവര, എറണാകുളം 3
സൗത്തു് ഇൻഡ്യ.



പത്താംപീയൂസ് മാർപ്പാപ്പായുടെ വിശുദ്ധപദപ്രഖ്യാപനം സംബന്ധിച്ചു് 1954 മേയ് 29-ാംനു- പറവൂർ കോട്ടക്കാവു പള്ളിയിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ.



# എൻെറ യൂറോപ്പപര്യടനം

(വെരി റവ. ഫാദർ വിക്ടർ സി. ഡി.)

III

## ഇററലിയിൽനിന്നു സ്പെയിനിലേക്ക്

കൃത്യാന്തരബാഹുല്യം നിമിത്തം എൻെറ റോമിലെ താമസം ഒന്നരമാസക്കാലം ദീർഘിച്ചു. ഫെബ്രുവരി 23-ാംതീയതി മാത്രമേ എനിക്കു സ്പെയിനിലേക്കു പുറപ്പെടുവാൻ സാധിച്ചുള്ളു. എൻെറ പ്രിയപ്പെട്ട ജന്മദേശമായ സ്പെയിനിൽ എത്തിച്ചേരുവാൻ ഞാൻ അത്യാകാംക്ഷയോടെ പാർത്തിരുന്നുവെങ്കിൽ അതു വെറും മനുഷ്യസഹജം മാത്രമാണല്ലോ. റോമിൽനിന്നു മാഡ്റിഡിലേക്കുള്ള യാത്ര തീവണ്ടിമാർഗ്ഗമായാൽ 26 മണിക്കൂറുകൾ വേണ്ടിവരും വിമാനത്തിലാണെങ്കിൽ 4 മണിക്കൂർ മതി. അതുകൊണ്ടു വിമാനത്തിൽതന്നെ ഞാൻ യാത്രയായി. ചുങ്കം സംബന്ധിച്ച പാസ്സുകൾ, വിദേശനാണ്യങ്ങൾ, പാസ്സ്പോർട്ടുകൾ മുതലായവയെല്ലാം ക്രമപ്പെടുത്തി വൈകിട്ടു 4 മണിക്കു റോമിലെ ചിയപ്പീനോ വിമാനത്താവളത്തിൽനിന്നു ഞാൻ ഇററലി വിട്ടു വിമാനത്തിലെ സ്പെയിൻകാരിയായ ഹോസ്റ്റസ്സ് എൻെറ പാസ്പോർട്ട പരിശോധിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അവർ വേറൊരു യാത്രക്കാരനോടു പറയുകയാണു്: "നമ്മുടെ വിമാനത്തിൽ ഒരു ഇന്ത്യൻ വൈദികൻ യാത്ര ചെയ്യുന്നുണ്ടു്. അദ്ദേഹത്തെ കണ്ടിട്ടു ഒരു യൂറോപ്യനെപ്പോലെ ഇരിക്കുന്നു." സ്പാനിഷ്ഭാഷയിൽ സംസാരിക്കുന്നതുകൊണ്ടു ഈ ഇന്ത്യാക്കാരൻ അതു മനസ്സിലാക്കുകയില്ലെന്നാണു് ആ പാവം വിചാരിച്ചതു്! ബർസലോനാ വിമാനത്താവളത്തിൽ ഇറങ്ങിയശേഷം ഞാൻ സ്പാനിഷ്സംസാരിക്കാൻതുടങ്ങിയപ്പോഴാണു് ഹോസ്റ്റസ്സ് അത്ഭുതപ്പെടുവാനും കുറച്ചൊന്നു "മഞ്ഞളരയ്ക്കാനും" തുടങ്ങിയതു്. പരിശോധനോദ്യോഗസ്ഥന്മാരുടെ അടുത്തു വന്നപ്പോൾ അവർക്കൊരു ശങ്ക. സ്വദേശമായ സ്പെയിനിലേക്കുള്ള എൻെറ "വിസാ"യിൽ മൂന്നുമാസത്തെ കാലാവധിമാത്രമേയുള്ളു! എത്ര വിചിത്രം! അതിനു കാരണമുണ്ടു്. റോമിൽവച്ചു എനിക്കു വിസാ അനുവദിച്ച സ്പാനിഷ് നയതന്ത്രപ്രതിനിധിയോടു 4 മാസത്തെ കാലാവധി ഞാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷെ ഞാൻ റിക്കാർട്ടുകൾകൊണ്ടു ഒരു ഇന്ത്യൻ പൗരനായിരുന്നതുമൂലം വിദേശികൾക്കു ആദ്യവിസായിൽ അനുവദിക്കുന്ന മൂന്നുമാസത്തിൽ കൂടുതൽ അനുവദിക്കാൻ നിയമമനുസരിച്ചു നിവൃത്തിയില്ലെന്നാദ്ദേഹം വ്യക്തമാക്കി. മാത്രമല്ല, ഞാൻ കുടുംബാംഗങ്ങളൊരുമിച്ചു ഇന്ത്യയിൽ സ്ഥിരതാമസമാക്കിയിരിക്കയാണെന്നു കരുതി അദ്ദേഹം വീണ്ടും ചോദ്യമായി ഞാനെന്തിനാണു് സ്പെയിനിലേക്കു പോകുന്നതെന്നു്. അതും വിശദീകരിച്ചു മനസ്സിലാക്കേണ്ടിവന്നു. നോക്കണേ, രാജ്യാന്തരപര്യടനത്തിൻെറ കുഴപ്പങ്ങൾ!

## ദക്ഷിണസ്പെയിൻ

സ്പെയിൻരാജ്യത്തോടു ഞാൻ യാത്രപറഞ്ഞു പിരിഞ്ഞിട്ടു കൊല്ലങ്ങൾ 20 കഴിഞ്ഞു എന്നു മുൻപു പ്രസ്താവിച്ചുവല്ലോ. സംഭവബഹുലമായ ഈ കാലഘട്ടത്തിൽ എന്തെല്ലാം വ്യതിയാനങ്ങളാണു് അവിടെ സംഭവിച്ചിട്ടുള്ളതെന്നറിയുന്നതിനുള്ള ഔൽസുക്യം എന്നിൽ വർദ്ധമാനമായിക്കൊണ്ടിരുന്നു. പാതിരാത്രി സമയമായിരുന്നു, ഞാൻ മാഡ്റിഡിലെത്തിയപ്പോൾ. പിറേറദിവസം രാവിലെ കുർബാനകഴിഞ്ഞു എൻെറ പര്യടനത്തിൻെറ പ്ലാൻ തയ്യാറാക്കുകയായി. വടക്കെ സ്പെയിനിൽ പിരണീസ് പർവ്വതപ്രാന്തങ്ങളിലെ പ്രകൃതിമനോഹരമായ ബാസ്ക്കപ്രദേശത്താണു് എൻെറ വീട്. ആദ്യമായി അങ്ങോട്ടു തിരിച്ചാലോ എന്നു ഒരാവേശം എനിക്കുണ്ടാകാതിരുന്നില്ല. പക്ഷെ പല അസൗകര്യങ്ങളും അതിൽ ഞാൻ വീക്ഷിച്ചു.




മാഡ്റിഡിലെ രാജകൊട്ടാരം
(സ്പെയിൻ രാജാക്കന്മാർ ഇവിടെയാണു വസിച്ചിരുന്നതു്)

ഇക്കൊല്ലം യൂറോപ്പിൽ പലേടത്തും, സ്പെയിനിൽ പ്രത്യേകിച്ചും തണുപ്പുകാലം ഭയങ്കരമായിരുന്നു. ബാസ്ക്കപ്രദേശങ്ങളാണു് ഏററം കൂടുതൽ തണുപ്പുള്ള രാജ്യം. അതുകൊണ്ടു ഫെബ്രുവരിമാസത്തിൽ അങ്ങോട്ടു പോയാൽ തണുപ്പുകൊണ്ടു മരച്ചുപോയേക്കുമോ എന്നു ഞാൻ ആശങ്കപ്പെട്ടു. മാത്രമല്ല സ്പെയിൻ മുഴുവനിലും ഒരു നിരീക്ഷണപര്യടനം നടത്തണമെന്നാണല്ലോ എൻെറ യാത്രോദ്ദേശ്യവും. അതുകൊണ്ടു എനിക്കു അത്ര സുപരിചിതമല്ലാത്ത ദക്ഷിണഭാഗങ്ങളിൽതന്നെ ആദ്യഭാഗം ചിലവഴിക്കാമെന്നും അവസാനം ഉത്തരഭാഗങ്ങളിലേക്കു തിരിക്കാമെന്നുംതന്നെ നിശ്ചയിച്ചു.

## മാഡ്റിഡ്

സ്പെയിനിലെ പ്രമുഖപട്ടണമായ മാഡ്റിഡിൽ ഒരാഴ്ചക്കാലം ഞാൻ താമസിച്ചു. അവിടെയുള്ള പല സ്ഥാപനങ്ങളും ഞാൻ സന്ദർശിച്ചു മിഷനറിസ്ഥാപനങ്ങളും സാമൂഹികപ്രവർത്തനകേന്ദ്രങ്ങളുമായിരുന്നു എൻെറ മുഖ്യലക്ഷ്യം. ഒരു സന്ദർശകനു വിജ്ഞാനപ്രദമായ പലതും മാഡ്റിഡിലുണ്ടു്. "രണ്ടാമത്തെ പാരിസ്" എന്നാണു് ആ നഗരത്തിൻെറ പര്യായംതന്നെ. അവിടെയുള്ള ചരിത്രപ്രഖ്യാതവും കലാസുന്ദരവുമായ നിരവധി സ്മാരകസ്ഥാപനങ്ങൾ, അതിനു് യൂറോപ്പിലുള്ള മനോഹരമായ മഹാനഗരങ്ങളിൽ രണ്ടാമത്തെ സ്ഥാനം നേടിക്കൊടുത്തിരിക്കുന്നുവെന്നു പറയുന്നതിൽ അതിശയോക്തിയില്ല. അതിലെ ജനസംഖ്യ 20 ലക്ഷത്തിൽപ്പരമാണു്. എസ്കോറിയൽ, റോയൽ പാലസ്, റോയൽ പന്തെയോൺ, മോണസ്റ്ററി മുതലായ മനോഹരങ്ങളായ മഹാസൗധങ്ങൾ മാഡ്റിഡിനു സമീപത്താണു സ്ഥിതിചെയ്യുന്നതു്. ലോകമഹാത്ഭുതങ്ങളിൽ ഒന്നായി അതിനെ എണ്ണാവുന്നതത്രെ.

മാഡ്റിഡിൽനിന്നും ടൊളെഡോ, സലമാങ്ക, സെവില്ലാ, ഗ്രാനഡാ, കൊർദോബാ മുതലായ പ്രസിദ്ധ സ്ഥലങ്ങളിലേക്കാണു് ഞാൻ തിരിച്ചതു്. ഈ സ്ഥലങ്ങളെല്ലാം സന്ദർശിച്ചു് അവയിൽ സംഗ്രഹിച്ചിട്ടുള്ള ചരിത്രപരവും സംസ്കാരപരവുമായ വിലമതിക്കാൻ വഹിയാത്ത സ്മാരകസമ്പത്തുകളെപ്പററി പഠിച്ചതിൽ എനിക്കുണ്ടായിട്ടുള്ള അഭിപ്രായം ലോകത്തിൽ ഇററലികഴിഞ്ഞാൽ ഇക്കാര്യത്തിൽ മുന്തിയ സ്ഥാനമർഹിക്കുന്നതു സ്പെയിൻ രാജ്യമാണെന്നാണു്. ഗ്രീക്കുസംസ്കാരത്തിൻേറയും റോമൻസംസ്കാരത്തിൻേറയും നിഴലാട്ടങ്ങളാണു് സ്പെയിനിൽ നൃത്തമാടുന്നതു്. ദക്ഷിണസ്പെയിനിൽ അറബിസംസ്കാരത്തിൻെറ അവശേഷങ്ങളും കാണാൻ വിഷമമില്ല കൊർദോബായിലേയും സെവില്ലായിലേയും കത്തീഡ്രൽദേവാലയങ്ങളും, ഗ്രാനഡായിലെ അൽഹാംബ്രായും, സെവില്ലായിലെ അൽകാസറും മററും അറബിസംസ്കാരത്തിൻെറ സ്മാരകങ്ങളാണു്. ഈ സംസ്കാരസമ്പത്തിനെപ്പററി സ്പാനിഷ് ജനതയ്ക്കു വലുതായ അഭിമാനവുമുണ്ടു്. വിദേശികളെ സമാകർഷിക്കത്തക്ക കലാപരവും സംസ്കാരപരവുമായ പലേ അനർഘസ്മാരകങ്ങളും സ്പെയിനിൽ സസൂക്ഷ്മം സംരക്ഷിക്കപ്പെടുന്നുണ്ടു്. ദക്ഷിണസ്പെയിനിലെ പലേ പ്രധാനനഗരങ്ങളിലും അമേരിക്കാക്കാരായ സന്ദർശകരെ ഞാൻ കാണുകയുണ്ടായി. അനതിവിദൂരഭാവിയിൽ സ്പെയിൻ വിദേശസന്ദർശകരുടെ ഒരു പറുദീസയായി തീരാവുന്നതും ഇററലിക്കും റേമാസ്സുമുള്ള സമുന്നതസ്ഥാനംതന്നെ അതിനും കൈവരിക്കാവുന്നതുമാണെന്നു തോന്നുന്നു.



ടൊളെഡോ നഗരത്തിൻെറ വിഹഗവീക്ഷണം
(വിശ്വവിഖ്യാതമായ അൽകാസർ മന്ദിരത്തിൻെറ നഷ്ടശിഷ്ടങ്ങളാണു് ചിത്രത്തിൻെറ പശ്ചാത്തലത്തിൽ കാണുന്നതു്)

## കത്തോലിക്കാ ജീവിതം

സ്പെയിനിലെ കത്തോലിക്കാസഭ വളരെ പൗരാണികമായ ഒരു സ്ഥാപനമാണു്. പ്രശസ്തമായ ഒരു ചരിത്രമാണു് അതു സ്പെയിനിൽ സൃഷ്ടിച്ചിട്ടുള്ളതു്. സാഹിത്യപരവും, സൈനികവും, മതപരവുമായ എല്ലാ ചരിത്രരംഗങ്ങളിലും ക്രിസ്തീയസംസ്കാരത്തിൻെറ കാൽപ്പാടുകൾ തെളിഞ്ഞുകിടക്കുന്നുണ്ടു്. പ്രമുഖരായ സഭാസന്താനങ്ങളാണു് പ്രശസ്തരായ ചരിത്രകാരന്മാർതന്നെ. 1931 മുതൽ 1936 വരെയുള്ള റിപ്പബ്ളിക്കുഭരണകാലത്തു കത്തോലിക്കാസഭയ്ക്കു സ്പെയിനിൽ ഒരഗ്നിപരീക്ഷണത്തെ നേരിടേണ്ടിവന്നു എന്നുള്ളതു് ചരിത്രപ്രസിദ്ധമാണല്ലോ. ചിരകാലമായി സഭ അനുഭവിച്ചുപോന്ന അവകാശാധികാരങ്ങൾ അന്നത്തെ ഗവമെൻറു് കൈയടക്കുകയുണ്ടായി. എന്നാൽ ജനറൽ ഫ്രാങ്കോയുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ഗവമെൻറു് അവയെല്ലാം വീണ്ടുമനുവദിച്ചുകഴിഞ്ഞിട്ടുണ്ടു്. സ്പെയിൻരാജ്യത്തിൻെറ ഔദ്യോഗികമതം കത്തോലിക്കാമതമാണു്. സഭ അവിടെ സുശക്തവും, സുസംഘടിതവുമാണു്. പ്രോട്ടസ്റ്റൻറു് മുതലായ ഇതരമതവിഭാഗങ്ങൾ അവിടെ രഹസ്യമായി ആചരിക്കുന്നതിനുള്ള അനുമതിമാത്രമാണു് നിയമത്താൽ അനുവദിക്കപ്പെട്ടിട്ടുള്ളതു്. മതേതരരാഷ്ട്രമായിമാത്രം പരിചയപ്പെട്ടിട്ടുള്ളവർക്കു ഒരു മതരാഷ്ട്രത്തെപ്പററി അടിസ്ഥാനരഹിതമായ ആശങ്കകൾ ഉണ്ടായേക്കാം. പക്ഷെ ക്രിസ്തീയസംസ്കാരത്തിൽ അടിയുറച്ച യൂറോപ്യൻ രാഷ്ട്രങ്ങളിൽ ഈ ചിന്താക്കുഴപ്പത്തിനു സ്ഥാനമില്ല.

സ്പെയിൻ ഒരു കത്തോലിക്കാരാജ്യമാണെന്നു പറയുമ്പോൾ അവിടെയുള്ള 2 കോടി 80 ലക്ഷം ജനം മുഴുവനും മാതൃകാപരമായ കത്തോലിക്കാജീവിതം നയിക്കുന്നുവെന്നർത്ഥമില്ല. യഥാർത്ഥസ്ഥിതി അതിൽനിന്നു വളരെ വിദൂരത്തിലാണു്. ജനത പൊതുവെ കത്തോലിക്കാമതാവലംബികളാണെന്നും, ഒരു ഗണ്യമായ ഭൂരിപക്ഷം യഥാർത്ഥ കത്തോലിക്കാജീവിതം നയിക്കുന്നവരാണെന്നും, നിയമേന അതൊരു കത്തോലിക്കാരാജ്യമാണെന്നും മാത്രമേ മനസ്സിലാക്കേണ്ടതുള്ളു. അവിടെ 25,000 ത്തോളം പ്രോട്ടസ്റ്റൻറുകാരുണ്ടു്; 1500 ഓളം യഹൂദന്മാരുണ്ടു്; നല്ലൊരുഭാഗം യാതൊരു മതവും അനുഷ്ഠിക്കാത്തവരായുമുണ്ടു്. കത്തോലിക്കാസഭയിൽ മാമ്മോദീസാ സ്വീകരിച്ചവരെയെല്ലാം കത്തോലിക്കരായി ഗണിച്ചാൽ സ്പെയിനിൽ 99 ശതമാനവും കത്തോലിക്കരാണെന്നു പറയാം. പക്ഷെ ഇതു വസ്തുനിഷ്ഠമായ ഒരു പരിഗണനയാവുകയില്ലല്ലോ. കത്തോലിക്കാസഭയുടെ നിർദ്ദേശങ്ങളും കല്പനകളും അനുസരിക്കുന്ന പ്രായോഗികകത്തോലിക്കരെ കണക്കാക്കുകയാണെങ്കിൽ 60-നും 65-നും ഇടയ്ക്കുള്ള ഒരു ശതമാനമേ ഉണ്ടാവുകയുള്ളു. എങ്കിലും രാജ്യത്തിൻെറ സംസ്കാരവും ആചാരവും കത്തോലിക്കാമയമായതുകൊണ്ടു് ബാഹ്യമായി അവയെ അനുഷ്ഠിക്കുന്ന പാരമ്പര്യമാണു് പൊതുവായുള്ളതു്. നിരീശ്വരപരമായ രാജ്യങ്ങളിൽ നടക്കുന്നതുപോലെ സിവിൽവി

---

കുമറിയം ഗുണപൂർണ്ണയായിരുന്നുവെന്നു്. ചുരുക്കത്തിൽ "പൂർവ്വപിതാവായ അബ്രാഹത്തിൻെറ അനുസരണയും യൗസേപ്പിൻെറ വിശുദ്ധിയും യോബിൻെറ ക്ഷമയും മോശയുടെ ഹൃദയശാന്തതയും യോഷ്വായുടെ വിവേകവും മറിയത്തിൽ സമ്മേളിച്ചിരുന്നു." ഇങ്ങനെ, മാതാവിൻെറ അമലോത്ഭവവും നമുക്കുവേണ്ടി അവിടുന്നു കൈക്കൊണ്ട എല്ലാവിധ പരിപൂർണ്ണതകളും മക്കളായ നമുക്കും ആഹ്ലാദജനകമാണല്ലോ.

വിവേകമതിയായിരുന്ന മറിയം തൻെറ ജീവിതത്തിൻെറ ആദ്യനിമിഷംതന്നെ തൻെറ ആത്മശരീരങ്ങളെ ഒരു ഹോമബലിയായി ദൈവത്തിനു സമർപ്പിച്ചു അപ്പോൾമുതൽ "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല പിന്നെയോ, കർത്താവു് എന്നിൽ ജീവിക്കുന്നു്" എന്നായിരുന്നു മറിയത്തിൻെറ ദിവ്യസ്നേഹഗീതത്തിൻെറ ഏക പല്ലവി. ആന്തരികമായി മാത്രം സ്വയം സമർപ്പിച്ചതുകൊണ്ടു് മറിയം സംതൃപ്തയായില്ല. ബാഹ്യമായും തന്നെത്തന്നെ ദൈവത്തിനു് കാഴ്ചവയ്ക്കണമെന്നു് ആ ദിവ്യപൈതൽ ആഗ്രഹിച്ചു. കേവലം മൂന്നു വയസ്സുമാത്രം പ്രായമുള്ളപ്പോൾ ദൈവാലയത്തിൽ ചെന്നു് പ്രസ്തുത ആഗ്രഹം ഈ ബാലിക യഥാവിധി നിർവ്വഹിച്ചു. അഞ്ജലിബദ്ധയായി, അവനതശിരസ്കയായി ദൈവാലയാങ്കണത്തോടടുക്കുന്ന ആ നിഷ്കളങ്ക ശിശുവിനെ തൻെറ വൃദ്ധമാതാപിതാക്കൾ നിർന്നിമേഷരായി നോക്കിനിന്നിരിക്കണം. വിവേകബുദ്ധിയാൽ അനുഗൃഹീതയായിരുന്ന ആ പൈതലിൻെറ അപ്പോഴത്തെ ആനന്ദം അവർണ്ണനീയമായിരുന്നിരിക്കണം. ലോകകോലാഹലങ്ങളുടെയിടയിൽ ദൈവത്തെ കാണുവാൻ ദുസ്സാദ്ധ്യമെന്നു ഗ്രഹിച്ച പരിശുദ്ധ ബാലിക ദൈവാലയത്തിൻെറ രക്ഷാകരമായ ഏകാന്തതയിൽ എത്തിച്ചേർന്നു. ലോകമായകളിൽ നിശ്ശേഷം താണുജീവിക്കുവാൻ വെമ്പൽകൊള്ളുന്ന ഇന്നത്തെ യുവലോകത്തിനു് ഇതൊരു പാഠമായിരിക്കട്ടെ. വി. യൗസേപ്പുമായുള്ള തൻെറ വിവാഹം വരെ, ദൈവാലയത്തിൽ പ്രാർത്ഥനയുടേയും പ്രയത്നത്തിൻേറയും ഒരു ഒതുങ്ങിയ ജീവിതം മറിയം നയിച്ചു എന്നു് സുപ്രസിദ്ധ വേദശാസ്ത്രപണ്ഡിതനായ സ്വാരസ് പ്രസ്താവിക്കുന്നു.

നമ്മുടെ അമ്മയുടെ പിറവിയെപ്പററിയും ബാല്യകാലത്തെപ്പററിയും ചുരുക്കമായി പ്രതിപാദിച്ചുകഴിഞ്ഞു. പരി. കന്യകമറിയത്തിൻെറ പിറവി ലോകത്തിനു് പ്രത്യാശയും, ജീവിതം നമുക്കു് ആദ്ധ്യാത്മികവെളിച്ചവും പ്രദാനംചെയ്തു. ഈ അമ്മയുടെ അരുമസന്താനങ്ങളായ നാം നമ്മുടേയും ബാല്യകാലത്തിലേക്കും ഭൂതകാലജീവിതത്തിലേക്കും ഈ അവസരത്തിൽ ഒന്നു കണ്ണോടിച്ചുനോക്കണം. അപ്പോൾ അതിൽ കണ്ടേക്കാവുന്ന വൈകല്യങ്ങൾ തിരുത്തി തൽസ്ഥാനത്തു് നമ്മുടെ അമ്മയിൽ പ്രശോഭിച്ചിരുന്ന നിസ്തുല ഗുണങ്ങൾ നട്ടുവളർത്തുവാൻ പരിശ്രമിക്കുന്നതു് നമുക്കു അവിടുത്തോടു ചെയ്യാവുന്നതിൽ ഏററവും വലിയമാതൃസ്നേഹപ്രദർശനമായിരിക്കും. അതു നമ്മുടെ കർത്തവ്യവുമാണല്ലോ.

വാഹങ്ങളോ മററിതുപോലുള്ള നടപടികളോ അവിടെയില്ല. കുട്ടികൾക്കു മാമ്മോദീസാ എന്നതുപോലെ, മതപരമായ ശവസംസ്കാരവും അവർക്കു നിർബന്ധമാണ്. അതുകൊണ്ടാണ് കത്തോലിക്കാപരമായ ഒരു മതജീവിതം അനുഷ്ഠിക്കുന്നതിന് കൂട്ടാക്കാത്തവർപോലും കത്തോലിക്കാസഭയുടെ ബാഹ്യമായ ആചാരവിധികളിൽ ഉൽസുകരായി കഴിഞ്ഞുകൂടുന്നതു്.

### ദേവാലയങ്ങൾ

സ്പെയിനിൽ പര്യടനം നടത്തുന്നസന്ദർശകനു അവിടത്തെ ദേവാലയങ്ങളിൽ തിങ്ങിക്കൂടുന്ന ജനതയെപ്പററി ശ്രദ്ധിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. ഞായറാഴ്ച ദിവസങ്ങളിൽ നഗരങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും പള്ളികൾ ജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കും. മററു യൂറോപ്യൻ രാജ്യങ്ങളിൽനിന്നു വളരെ വിഭിന്നമായ ഒരു സ്ഥിതിവിശേഷമാണിതു്. പക്ഷേ ഈ അനുഭവംമാഡ്റിഡ്, ബർസലോനാ മുതലായ ചില വലിയ പട്ടണങ്ങളെ സംബന്ധിച്ചെങ്കിലും മുഴുവൻ ശരിയല്ല. കാരണം, വളരെയേറെ ജനം തിങ്ങിത്താമസിക്കുന്ന പ്രസ്തുത നഗരങ്ങളിൽ അവരുടെ ആവശ്യത്തിനു വേണ്ടത്ര ദേവാലയങ്ങളില്ല. അതുകൊണ്ടാണ് ഇത്രയേറെ തിരക്കുകാണുന്നതു്. യഥാർത്ഥത്തിൽ അവിടങ്ങളിൽ 45 ശതമാനത്തിലധികം ആളുകൾ ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കുന്നില്ല. വ്യവസായകേന്ദ്രങ്ങളായ മലാഗാ, ബിൽബാവോ മുതലായ സ്ഥലങ്ങളിലെ സ്ഥിതിയും ഇതിൽ


### കൃതജ്ഞത

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എൻെറ മകളുടെ സുഖക്കേടിനു ആശ്വാസം ലഭിച്ചതിനു ഉപകാരസ്മരണ.

Mrs. M. C. Aype
Alwaye.


മെച്ചമല്ല. ദക്ഷിണസ്പെയിനിലെ ചില സ്ഥലങ്ങളിലെ സ്ഥിതി കൂടുതൽ മോശമാണെന്നും അറിയാൻ എനിക്കിടയായി. പക്ഷേ മററു സ്ഥലങ്ങളിൽ സ്ഥിതി കൂടുതൽ ശോഭനമാണ്. ചില ദക്ഷിണപ്രോവിൻസുകളിൽ 80 ശതമാനത്തിലധികം ദിവ്യബലിയിൽ കൃത്യമായി സംബന്ധിക്കുന്നവരുണ്ടു്. ഇവരിലധികവും ഇടത്തരക്കാരായ ജനങ്ങളാണ്. വളരെ ശോചനീയമായ വിധത്തിൽ മതാനുഷ്ഠാനവും ഞായറാഴ്ച കുർബാനയും മുടക്കുന്നവർ വ്യവസായതൊഴിലാളികളാണ്. വേറൊരു സങ്കടകരമായ വസ്തുത അനുദിനകുർബാനയിൽ സംബന്ധിക്കുന്നവരുടെ വിരളതയാണ്. ഇടദിവസങ്ങളിൽ പള്ളിയിൽ പോകുക, മററു മതകർമ്മങ്ങളിൽ സംബന്ധിക്കുക ഇതെല്ലാം ഭക്തസ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്നതുപോലെ തോന്നുന്നു. ഇതെല്ലാം ഇടക്കാലത്തുണ്ടായ കമ്മ്യൂണിസ്റ്റ് വേലിയേററത്തിൻെറ നാശഫലങ്ങളാണെന്നനുമിക്കുന്നതിനേ നിവ്വാഹമുള്ളു. ഇംഗ്ലണ്ടിലും ഐർലണ്ടിലും ഇടദിവസങ്ങളിൽപോലും സ്ത്രീകളെ അപേക്ഷിച്ചു പുരുഷന്മാർ കൂടുതലായി കുർബാനയിലും മററു മതകർമ്മങ്ങളിലും പങ്കെടുക്കുന്നതായിട്ടാണ് ഞാൻ കണ്ടതു്. യഥാർത്ഥത്തിൽ അവരുടെ മതചൈതന്യം എന്നെ ആഴമായി സ്പർശിച്ചു.

### നവജീവൻ

കത്തോലിക്കാസ്പെയിനിൽ കത്തോലിക്കാമതജീവിതത്തെ സംബന്ധിച്ചു മേൽവിവരിച്ച നിരവധി കുറവുകളെല്ലാമുണ്ടെങ്കിലും ഭാവിയെ ശോഭനമാക്കിച്ചെയ്യുന്നതിനു തക്കതായ നവജീവൻ അവിടെ എവിടെയും പ്രസരിക്കുന്നതായി കാണാൻ വിഷമമില്ല. വൈദികാന്തസ്സിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള ദൈവവിളികൾ ധാരാളമുണ്ടു്. സെമ്മിനാരികളിലും നൊവിഷ്യേററുസ്ഥാപനങ്ങളിലും നിറയെ വൈദികാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. പുതിയ പുതിയ സെമ്മിനാരികളും കത്തോലിക്കാ കലാലയകേന്ദ്രങ്ങളും നിർമ്മിക്കപ്പെടുന്നു. ഈദൃശപുരോഗതികൾ വിനാവിളംബം സ്പെയിനിൻെറ കത്തോലിക്കാനാമത്തെ അന്വർത്ഥമാക്കാതിരിക്കയില്ല എന്നു പ്രത്യാശിക്കാം.


ആധുനികസ്പെയിനിലെ സ്ഥിതിഗതികളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ഒരു സന്ദർശകൻ അവഗണിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു കാര്യമുണ്ടു്. ഫ്രാങ്കോഭരണത്തിൽ കരുപ്പിടിപ്പിക്കപ്പെടുന്ന അവിടത്തെ പ്രത്യേകതരമായ സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥിതി. കമ്മ്യൂണിസത്തെ അടർക്കളത്തിൽ അഭിമുഖം എതിരിടുന്നതിനും പാടെ പരാജയപ്പെടുത്തി പുറംതള്ളുന്നതിനും കഴിഞ്ഞിട്ടുള്ള ഏകയൂറോപ്യൻ രാജ്യം സ്പെയിനാണെന്നുള്ളതു് ആ രാജ്യത്തിനു കൈവന്നിട്ടുള്ള അസുലഭമായ ഒരു ബഹുമതിതന്നെയാണ്. കരടില്ലപൂർണ്ണമായ കമ്മ്യൂണിസ്റ്റ് വിപ്ലവപ്രവാഹത്തെ സധീരം ചെറുത്തു് അതിനെക്കൊണ്ടടിയറ പറയിക്കുന്നതിനും, തുടന്നു സാമൂഹികനീതിയിൽ അടിയുറച്ചു ഒരു ഭരണവ്യവസ്ഥിതി പ്രായോഗികമാക്കുന്നതിനുംവേണ്ടിയുള്ള സംരംഭത്തിൻെറ നട്ടനായകത്വം വഹിച്ചു ലോകപ്രസിദ്ധിയാർജിച്ച ജനറൽ ഫ്രാങ്കോയുടെ രാഷ്ട്രീയചരിത്രം വിശദമായി പ്രതിപാദിക്കാനുള്ളതുകൊണ്ടു് അതു അടുത്ത ലേഖനത്തിലായിക്കൊള്ളട്ടെ.

—o—

# റോമാനഗരത്തിൽ ചെങ്കൊടിയോ?

## മോൺ. ഫുൾട്ടൻ ഷീനിൻെറ അർത്ഥഗർഭമായ ചോദ്യം

(ജോസഫ് പി. റോം)



വി. പത്താംപീയൂസിൻെറ നാമകരണച്ചടങ്ങുകളിൽസംബന്ധിക്കുവാനായി റോമിൽ വന്നിരുന്ന ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ തിരുമനസ്സുകൊണ്ടു് അനേകായിരം ജനങ്ങൾ തിങ്ങിക്കൂടിയിരുന്ന ഒരു പബ്ളിക്ക് മീററിംഗിൽ പ്രസംഗിക്കയായിരുന്നു. ആ പ്രസംഗത്തിൽ തിരുമനസ്സുകൊണ്ടു ചർച്ചനടത്തിയതു്, യഥാർത്ഥസമാധാനവും, കമ്മ്യൂണിസ്റ്റുകൾ വിഭാവനംചെയ്യുന്ന സമാധാനവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടാണ്. പ്രസംഗമദ്ധ്യേ കുറെ അകലെനിന്നു് ഒരു ദേവാലയത്തിൽ കൂട്ടമണി അടിക്കുന്ന സ്വരംകേട്ടു് ബിഷപ്പ് ഷീൻ ആവേശകരമായ തൻെറ പ്രസംഗം അല്പനിമിഷത്തേക്കു നിറുത്തി. അനന്തരം കരങ്ങൾ ആകാശത്തിലേക്കുയർത്തിക്കൊണ്ടു് തീരെ താഴ്ന്നസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:-

“ഇന്നു് ഈ റോമാനഗരത്തിലാകെ നാം ഒന്നു കണ്ണോടിച്ചാൽ, പ്രത്യേകിച്ചു് ഇവിടത്തെ നിരവധി ദേവാലയങ്ങളുടെനേക്കു് നമ്മുടെ ശ്രദ്ധ അല്പമൊന്നു തിരിച്ചാൽ നാം ചോദിച്ചുപോകും: സമാധാനത്തെക്കുറിച്ചു് റോമൻജനത എന്തു വിചാരിക്കുന്നുവെന്നു്.” ആധുനികലോകത്തിലെ അദ്വിതീയ വാഗ്മിയായ അവിടുന്നു് ഇടിനാദംപോലെ സ്വരമുയർത്തിക്കൊണ്ടു് ഗർജ്ജിച്ചു: “റോമൻജനത എന്തു വിചാരിക്കുന്നുവെന്നോ?

“ഇവിടത്തെ തെരുവീഥികളുടെ ഭിത്തികളിലും വൻകെട്ടിടങ്ങളുടെ ചുവരുകളിലും ഒരു വിദേശരാജ്യത്തിൻെറ പതാക ധാരാളമായി ഞാൻ കണ്ടു. ഓ! റോം! മോസ്കോയ്ക്കു നീ സ്തുതിപാടുകയാണോ!”

തിരുമേനി മനോഹരമായ അംഗവിക്ഷേപണങ്ങളോടുകൂടി അവിടത്തെ ഭുജങ്ങൾ ശ്രോതാക്കളുടെ നേരെ നീട്ടിക്കൊണ്ടു് ശക്തിയായ സ്വരത്തിൽ പ്രശാന്തമായി ഉദീരണംചെയ്തു: “റോമാ ഒരു സാമ്രാജ്യശക്തിയായിരുന്ന കാലത്തു്, ഉദാഹരണമായി, കാറേറായുടെ ഭാസുരഭരണകാലത്തു് ഒരൊററ പൗരൻ കാർത്തേജിനയുടെ പതാക റോമൻ തെരുവുകളുടെ ഭിത്തിയിൽ പതിപ്പിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

“ഓ! ആധുനികറോമാ! എന്തു നീചകൃത്യത്തിനാണു് നീ ഒരുമ്പെടുന്നതു്? ഓ! റോമൻജനമേ, ലോകത്തിൽ എന്താണ് നിങ്ങളെ ഇത്ര വലിയവരാക്കിയതു്? ക്രിസ്തുവിൻെറയും പത്രോസിൻെറയും കുരിശുകളല്ലാതെ മററൊന്നുമല്ല.

“ഈ കുരിശിൻെറ ചിഹ്നം മാററി അതിൻെറ സ്ഥാനത്തു് അരിവാളും ചുററികയും സ്ഥാപിക്കാൻ നിങ്ങൾ അഭിവാഞ്ഛിക്കുന്നെന്നോ?

“ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു് നിങ്ങളെല്ലാം അമേരിക്കക്കാരാകണമെന്നാണോ എന്നു് നിങ്ങളിലാരെങ്കിലും എന്നോടു് ചോദിച്ചാൽ ഞാൻ മറുപടി പറയും: വേണ്ടാ! റോമൻജനമേ! നിങ്ങൾ റോമാക്കാരായിത്തന്നെ ജീവിക്കുക. നിങ്ങൾ നിങ്ങളുടെ തന്നെ അന്തസ്സിനും മഹിമയ്ക്കും അനുയോജ്യമായി ജീവിക്കുകയെന്നു്.”

—o—

“ലോകത്തെ ആവരണംചെയ്യുന്ന യുദ്ധമനസ്ഥിതിയുടേയും വിദ്വേഷവികാരങ്ങളുടേയും കുരുക്കുകളിൽനിന്നു പുറത്തുകടക്കുന്നതിനു ഏകമാർഗ്ഗമേയുള്ളു എന്നു് ഇരുഭാഗക്കാരും സമ്മതിക്കുന്ന ആ നിമിഷം, മനുഷ്യർവിചാരിക്കുന്നതിലുംനേരത്തെ സമാഗതമാകുമെന്നു വേണം വസ്തുതകളെ ശരിയായി പരിചിന്തിക്കുമ്പോൾ മനസ്സിലാക്കുവാൻ. മാനവവംശത്തിൻെറ യോജിപ്പിനെപ്പററി ഏറെനാളായി മറന്നുകിടക്കുന്ന തത്വം ആത്മാർത്ഥതയോടുകൂടി എല്ലാവരും അംഗീകരിക്കണം”

—പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ

(10-ാംപേജ് തുടർച്ച)

യ്യേണ്ടതെന്നാലോചിക്കാൻ കൂടിയ ഒരു മീററിംഗിൻെറ ആരംഭത്തിൽ നടത്തിയ പ്രാർത്ഥന ഏതാണ്ടിപ്രകാരമായിരുന്നു. “എൻെറ ദൈവമേ, അങ്ങേ നാമത്തിൽ അങ്ങേ സാധുക്കൾക്കുവേണ്ടി ഇവിടെ സമ്മേളിച്ചിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. അവരെ സഹായിക്കുന്നതിനു ഏററവും നല്ല മാർഗ്ഗങ്ങൾ ഞങ്ങൾക്കുപദേശിച്ചുതരേണമേ. ധനവാന്മാർ ഉദാരമായ സംഭാവനകൾ ചെയ്യുന്നതിനു പ്രേരിപ്പിക്കേണമേ” സന്ദർഭോചിതമായ ഇത്തരം പ്രാർത്ഥനകൾ വളരെ ഉപകാരപ്രദമായിരിക്കും.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്


My Spiritual Diary

(Revised Edition)

Best Selection for Daily Spiritual Reading

for

Priests, Religious & Devout Laymen

from the prolific pen of

Very Rev. Fr. John Berchmans T. O. C. D.
(Provincial)

Price Rs 4/12 & Rs 4/4.

LITTLE FLOWER INDUSTRIAL PRESS,
Thevara, Ernakulam-3



“മേരിവത്സരം”

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, മരിയൻജൂബിലിവത്സരം സംബന്ധിച്ചു് പുറപ്പെടുവിച്ച “ഫുൾജെൻസ് കൊറോണ” എന്ന തിരുവെഴുത്തിൻെറ മലയാളപരിഭാഷ.

വിവർത്തകൻ:

റവ. ഡോക്ടർ തോമസ് മൂത്തേടൻ M. A., D. D.

വില 100ക്കു് 4ക.

(തപാൽക്കൂലി പുറമെ)

ഒററപ്രതിക്കു് 1ണ.

തപാലിൽ അയക്കാൻ 2ണ

സ്റ്റാമ്പയക്കുക

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1





പന്തക്കു: 14-ാം ഞായർ

## ദൈവപരിപാലന

സുവിശേഷം—വിശുദ്ധ മത്തായി 6:24—33

"ഒരേസമയത്തു ഒരുവനു രണ്ടു പേരുടെ ദാസനായിരിക്കുക സാദ്ധ്യമല്ല—ഒന്നുകിൽ ഒരുവനെ വെറുത്തു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനെ പൂജിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. നീ ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ ധനത്തെ സേവിക്കണം. ഇരുവരേയും സേവിക്കുക സാദ്ധ്യമല്ല. ഭക്ഷ്യപാനീയങ്ങൾകൊണ്ടു നിങ്ങളുടെ ജീവനെ എങ്ങനെ സംരക്ഷിക്കും, നിങ്ങളുടെ ശരീരത്തെ എങ്ങനെ ഉടുപ്പിക്കും എന്നതിനെക്കുറിച്ചു നിങ്ങൾ ഉൽക്കണ്ഠിതരാകരുത് എന്നു ഞാൻ നിങ്ങളോടു പറയുന്നു. ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും വിശിഷ്ടമായ ഒരു ദാനമല്ലേ? കണ്ടാലും! ആകാശത്തിലെ പക്ഷികൾ ഒരിക്കലും വിതയ്ക്കുകയോ കൊയ്യുകയോ അറകളിൽ ധാന്യം ശേഖരിക്കുകയോ ചെയ്യുന്നില്ല. എന്നിട്ടും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീററിപ്പോറുന്നുണ്ടല്ലോ. അവയേക്കാൾ ശ്രേഷ്ഠത നിങ്ങൾക്കില്ലേ? എത്രമാത്രം ഉൽക്കണ്ഠയുണ്ടായാലും നിങ്ങളി



ഈശോ ജനക്കൂട്ടത്തോടു പ്രസംഗിക്കുന്നു

ൽ ആർക്കെങ്കിലും തന്റെ ഉയരം ഒരിഞ്ചു വർദ്ധിപ്പിക്കുവാൻ കഴിയുമോ? വസ്ത്രത്തെ സംബന്ധിച്ച് നിങ്ങൾ എന്തിനു ഉൽക്കണ്ഠപ്പെടുന്നു? കാട്ടലില്ലികളെ കണ്ടാലും. അവ അദ്ധ്വാനിക്കുന്നില്ല, നെയ്യുന്നുമില്ല. എന്നിട്ടും ശ്ലേമോൻപോലും അവന്റെ സർവ്വപ്രതാപത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നു വളർന്നുനില്ക്കുന്നതും നാളെ അഗ്നിക്കിരയായിത്തീരുന്നതുമായ വയലിലെ പുല്ലുകളെ ദൈവം ഇപ്രകാരം അണിയിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അണിയിക്കുന്നതിനു അവിടുന്നു എത്ര കൂടുതൽ സന്നദ്ധരായിരിക്കും? ഞങ്ങൾ എന്തു തിന്നും, എന്തു കുടിക്കും, എങ്ങനെ വസ്ത്രമുണ്ടാക്കും എന്നുപറഞ്ഞ് നിങ്ങൾ ഉൽക്കണ്ഠാഭരിതരാകേണ്ടാ. ഇൗവക കാര്യങ്ങളിൽ മുഴുകിയിരിക്കുക എന്നതു പുറജാതികളുടേതാണ്. ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നറിയുന്ന സ്വർഗ്ഗസ്ഥനായ ഒരു പിതാവു നിങ്ങൾക്കുണ്ട്. ദൈവത്തിന്റെ രാജ്യവും അവിടത്തെ സമ്മതിയും പ്രാപിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ പ്രഥമചിന്ത. അപ്പോൾ അപേക്ഷിക്കാതെതന്നെ ഇവയെല്ലാം നിങ്ങൾക്കുണ്ടായിക്കൊള്ളും."

പിതാവ്:-ലൂസി, ഇന്നത്തെ സുവിശേഷം എന്താണ് നമ്മെ പഠിപ്പിക്കുന്നത്?



ആകാശപറവകളെ തീററിപ്പോററുന്നവിധം

ലൂസി:- അതു ദൈവത്തിന്റെ സ്നേഹപരിപാലനയെ കുറിച്ചുള്ള മനോഹരമായ ഒരു വിശദീകരണമാണ്. കഴിഞ്ഞ ആഴ്ചയിൽ ഞങ്ങളുടെ വേദോപദേശക്ലാസിൽ കൊച്ചച്ചൻ അതേപ്പററിയാണ് പ്രതിപാദിച്ചത്.

പിതാവ്:- കൊള്ളാം, നിനക്കെന്തു മനസ്സിലായി. കേൾക്കട്ടെ.

ലൂസി: അച്ചൻ ആദ്യംതന്നെ ഈശോയുടെ ആ പ്രതിപാദനത്തിന്റെ ഭംഗിയെപ്പററി പറഞ്ഞു. വളരെ മഹത്തായ ഒരു തത്വം മനോഹരമായ രീതിയിൽ ആർക്കും ഗ്രഹിക്കത്തക്ക വിധത്തിൽ അവിടെ ഈശോ പ്രതിപാദിച്ചു. ലോകത്തിലെ ഏററവും ശ്രേഷ്ഠമായ ഒരു കവിതയാണി



വയലുകളിലെ മനോഹര ലില്ലിപ്പുഷ്പങ്ങൾ

തെന്നാണ് അച്ചൻ പറഞ്ഞത്. വാസ്തവത്തിൽ അതിലെ ഓരോ ഭാഗങ്ങളും അദ്ദേഹം ഭംഗിയായി വിവരിച്ചപ്പോൾ ഞങ്ങൾ എന്താനന്ദമാണനുഭവിച്ചത്. എല്ലാവരും കണ്ണിമയ്ക്കാതെ ഇരുന്നു കേട്ടു.

മേരി:- ചേച്ചീ അതെന്താന്നു പറ

ജോണി:- ഇതു വെറുതെ പറയുവാ.

ലൂസി:-അല്ലാ, ജോണി. അതു വാസ്തവാ. അല്ലെങ്കിൽ ആരോടെങ്കിലും ചോദിച്ചോ. അപ്പോൾ അറിയാമല്ലോ.

മേരി:- എന്നാ അതു പറയാന്നേ?

ലൂസി:- അതതുപോലെ പറയാൻ എന്നെക്കൊണ്ടു പററുമോ!

പിതാവ്:- അതു ശരിയാണ്. ലൂസിയെക്കൊണ്ടു സാധിക്കുമോ കൊച്ചച്ചനെപ്പോലെ വർണ്ണിച്ചു പറയുവാൻ? ഒരിക്കലുമില്ല. എങ്കിലും അതിൽ പറഞ്ഞിരിക്കുന്ന സംഗതികൾ ലൂസിതന്നെ പറയു. അവർ കേൾക്കട്ടെ.

ലൂസി:- നമുക്കെല്ലാം ഒരു വിചാരമില്ലേ, ഞാൻ എന്തുഭക്ഷിക്കും, എന്തുടുപ്പണിയും എന്നൊക്കെ. രാവും പകലും ഇതുതന്നെ വിചാരിച്ചു കഷ്ടപ്പെടുന്നവരെത്ര പേരുണ്ട്!

മേരി:- അതു ശരിയാ. അവക്കില്ലാഞ്ഞിട്ടല്ലേ?

ലൂസി:- ഇല്ലെന്നുകരുതി ആകുലപ്പെട്ടാലുണ്ടാകുമോ! അതല്ലേ കർത്താവു പറഞ്ഞത്, നിങ്ങൾക്കാർക്കെങ്കിലും നിങ്ങളുടെ പൊക്കത്തിൽ ഒരിഞ്ചു വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്ന്.

ജോണി:- എയ്, പൊക്കത്തിന്റെ കാര്യമല്ലല്ലോ പറഞ്ഞത്. ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും കാര്യമല്ലേ? അതിനു മറുപടിപറ.

ലൂസി:- അതും ഈശോ പറഞ്ഞില്ലേ? അവിടുന്നു പറഞ്ഞതു കേട്ടില്ലേ. നിങ്ങൾ വയലുകളിലെ കാട്ടുലില്ലികളെ നോക്കുക. അവ എത്ര മനോഹരങ്ങളായിരിക്കുന്നു. അവ അദ്ധ്വാനിക്കുന്നുണ്ടോ? വസ്ത്രം നെയ്യുന്നുണ്ടോ? ഒന്നുമില്ല. എങ്കിലും അതിനോടൊപ്പം മനോഹരമായി ഉടുത്തൊരുങ്ങിവരുവാൻ ആർക്കുകഴിയും. ശ്ലേമോൻ രാജാവിനുപോലും കഴിഞ്ഞില്ല എന്നു ഈശോ പറയുന്നു. അതുപോലെതന്നെ ഭക്ഷണത്തിന്റെകാര്യം. ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല ഒന്നും ചെയ്യുന്നില്ല എങ്കിലും എല്ലാററിനും അതിനുവേണ്ട തീററികിട്ടുന്നു. നല്ല ദൈവമല്ലേ അവയ്ക്കു തീററികൊടുക്കുന്നത്. ഒരു പുല്ലിനെ ദൈവം ഇങ്ങനെ അണിയിക്കുന്നുവെങ്കിൽ, ഒരു പക്ഷിയെ ദൈവം ഇങ്ങനെ തീററുന്നുവെങ്കിൽ, അവിടുത്തെ മക്കളായ നമ്മളെ ആ നല്ല പിതാവ് തിന്നാനില്ലാതെ, ഉടുക്കാനില്ലാതെ കഷ്ടപ്പെടുത്തുമോ! ഒരിക്കലുമില്ല. എത്ര മനോഹരമായൊരു തത്വമാണിത്.

പിതാവ്:- ലൂസി വളരെ നന്നായി ഇതു മനസ്സിലാക്കിയെന്നു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. മേരിക്കും ജോണിക്കും ഇപ്പോൾ മനസ്സിലായോ ദൈവം എത്രവലിയ സ്നേഹത്തോടെയാണ് അവിടുത്തെ സൃഷ്ടികളായ നമ്മളെ സംരക്ഷിച്ചു പരിപാലിക്കുന്നതെന്ന്. അതെ ദൈവത്തിന്റെ അനന്തവും പൈതൃകവുമായ പരിപാലനയിൽ നാം ഉറച്ചുവിശ്വസിക്കണം. അങ്ങിനെ ആ നല്ലപിതാവിനെ അറിയുമ്പോൾ അവിടുത്തോടു നമുക്കു സ്നേഹവും അവിടുത്തെ പരിപാലനയിൽ ഉറപ്പുമുണ്ടാകും. അതോടുകൂടിത്തന്നെ ആ പിതാവിന്റെ മക്കളായ മററു മനുഷ്യരേയും നാം സ്നേഹിക്കണം. അങ്ങിനെ പരസ്പരം സ്നേഹിക്കുമ്പോൾ അവരുടെ കഷ്ടങ്ങളേയും കുറവുകളേയും നമ്മുടെ കഴിവനുസരിച്ചു പരിഹരിക്കുന്നതിനു അവർക്കു നാം സഹായംചെയ്യും. ഇങ്ങനെയാണ് ലോകത്തിൽ മനുഷ്യർ സമാധാനത്തിലും യോജിപ്പിലും ദൈവത്തിന്റെ മക്കളായി ജീവിക്കേണ്ടത്. അപ്പോൾ ദൈവം നമ്മെ എല്ലാവരേയും വേണ്ടവിധത്തിൽ പരിരക്ഷിച്ചുകൊള്ളും.

## മാതാവേ മനോഹരി!

(ഹിന്ദി "പതിത"യിലെ "യാ ക്യാ ദിൻനേ കഹാ"......പോലെ)

മാതാവേ നീ മനോഹരി,
ആധാരം മേ മഹിതലേ
വാരിരാശി താരകേ ദിനംപ്രതി
മാഴ്കിടുന്നു ഭ്രമഹാഴിയിൽ സുതർ
ഓ......ജ്വാലവിശി നീയണയ്ക്കു ഞങ്ങളെ
ഓ......ശാന്തിയോലും നിത്യജീവിതാശയേ
വാ മാതാവേ മമാന്തികേ
ആശ്വാസംതാ സഹായ,മെൻ
ലോകയാത്ര തീരുമാ വിനാഴികേ
മോദമോടെ നിൻസുതാന്തികേവരാൻ

(പുഷ്പനായകം)

## വിനോദവേദി



മറിയേ: ഞാനിന്നീ വീട്ടിലൊരു "വിശ്വാസവോട്ടു" ആവശ്യപ്പെടാൻ പോകുന്നു.

"പൊന്നപ്പച്ചാ! ചതിക്കല്ലേ, അപ്പച്ചൻ പുറത്തുപോകേണ്ടിവരും!"

* * *

പ്രമാദമായ ഒരു കൊലക്കേസ്സു വിസ്താരം കഴിഞ്ഞു വിധിപറയാൻ വച്ചിരിക്കയാണ്. ഇതിനിടയിൽ കൊലപാതകിയായ പ്രതി ഒരു ജഡ്ജിയെ സമീപിച്ചു അയാളെ എങ്ങിനെയെങ്കിലും വിട്ടയിക്കണമെന്നു ശക്തിയായി ശുപാർശചെയ്തു. പ്രതിയെ വിട്ടിരിക്കുന്നതായി വിധി പ്രസ്താവിക്കപ്പെട്ടു.

പ്രതി:- (പിന്നീടു ജഡ്ജിയെ സമീപിച്ചു) യജമാനനേ, വളരെ ഉപകാരം; എന്നെ വിടുവിക്കാൻ യജമാനൻ വളരെ ബുദ്ധിമുട്ടിയിരിക്കണം.

ജഡ്ജി:- എനിക്കു സത്യമറിയാമായിരുന്നതുകൊണ്ടു ഞാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നു. എങ്കിലും മററു ജഡ്ജിമാരെ അതു ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല. തന്റെ നല്ലകാലം!

* * *

പഴയ സുഹൃത്ത്:- നിങ്ങളെ പൂർവ്വസ്ഥിതിയിൽതന്നെ കാണുന്നതിൽ വലിയ സന്തോഷം. ഇത്രയേറെ ധനമുണ്ടായിരുന്നിട്ടും നിങ്ങളിൽ യാതൊരു മാററവും ഞാൻ കാണുന്നില്ല.

കോടീശ്വരൻ:- എയ്, ചില മാററങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. പണം കടം വാങ്ങാൻ വരുന്നവരെ കാണുമ്പോൾ പണ്ട് ഞാൻ അവരോടു അല്പം മര്യാദകേടായി സംസാരിച്ചിരുന്നു; ഇപ്പോഴാകട്ടെ അവരെ കാണുന്നതെനിക്കു ഭ്രാന്താണ്. പണ്ടവരോടു ഞാൻ അല്പം പരുഷമായി പെരുമാറിയിരുന്നു; ഇപ്പോൾ അവരോടു വളരെ സരസമായി സംസാരിക്കാനറിയാം.


## ചരമവാർത്തകൾ

**വലപ്പാട്:** വലപ്പാടുപള്ളി ഇടവക കരിയാട്ടി വർക്കി ശൗരി 78-ാമത്തെ വയസ്സിൽ ആഗസ്റ്റ് 19-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറെറദിവസം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**പാണാവള്ളി:** ചിറക്കൽ കുടുംബാംഗമായ അഞ്ചുതറയിൽ ശ്രീ വർക്കി ഉലഹന്നാൻ ആഗസ്റ്റ് 26-ാംനു വ്യാഴാഴ്ച 94-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറെറദിവസം റവ. ഫാ. ഐസക്ക് ചിറക്കലിന്റെ പ്രധാനകാർമ്മികത്വത്തിലും ഒട്ടുവളരെ ബ. വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ ജോസഫ് പാനികുളം ചരമപ്രഭാഷണം നടത്തി. ശവസംസ്കാരാനന്തരം നിരവധി സാധുക്കൾക്ക് അന്നദാനവും നൽകപ്പെട്ടു.

**ചെങ്ങളം:** സ്ഥലം സെന്റ് ആന്റണീസ് ഹൈസ്കൂൾ വിദ്യാർത്ഥിനിയും സൊഡാലിററിയുടെ ഒരു സജീവാംഗവുമായ കുമാരി പി. ജെ. ഏലിക്കുട്ടി പാതലാടിക്കൽ തന്റെ 15-ാമത്തെ വയസ്സിൽ കരൾസംബന്ധമായ സുഖക്കേടുനിമിത്തം ആഗസ്റ്റ് 31-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം വിദ്യാർത്ഥിനീവിദ്യാർത്ഥികളടങ്ങിയ ഒരു വമ്പിച്ച ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും റവ. ഫാ. ജേക്കബ് കാഞ്ഞിരത്തിനാൽ, റവ. ഫാ. എബ്രാഹം നെടുന്തകിടി എന്നീ വൈദികരുടെ കാർമ്മികത്വത്തിലും നിർവ്വഹിക്കപ്പെട്ടു.

R. I. P.



For favours received

By T. M. J., Poona

## റേഡിയോപരിപാടി

കേരളത്തിലെ പ്രശസ്തകഥാപ്രാസംഗികനായ ശ്രീ ജോസഫ് കൈമാപറമ്പൻ സെപ്റ്റംബർ 12-ാംതീയതി രാത്രി 8-30 ന് സിലോൺറേഡിയോയിൽ ഒരു കഥാപ്രസംഗം പ്രക്ഷേപണം ചെയ്യുന്നതാണ്.

# സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, SEPTEMBER 8 | No. 4


## ഇന്നത്തെ യുവലോകം

കുടുംബങ്ങളുടേയും, സമുദായങ്ങളുടേയും, മതവിഭാഗങ്ങളുടേയും, രാജ്യങ്ങളുടേയും, ലോകത്തിന്റെ തന്നെയും ഐശ്വര്യങ്ങളെല്ലാം ഓരോ തലമുറയിലും അതതുകാലത്തെ യുവജനവിഭാഗത്തെയാണാശ്രയിച്ചിരിക്കുന്നതു്. ഗാർഹികവും, സാമൂഹികവും, മതപരവും, രാഷ്ട്രീയവുമായി അവർ സ്വീകരിക്കുന്ന ആദർശങ്ങളും അഭിപ്രായങ്ങളും അനുസരിച്ചായിരിക്കും അവരുടെ പ്രവർത്തനപരിപാടികൾ കരുപ്പിടിപ്പിക്കപ്പെടുക. പ്രസ്തുത പരിപാടികൾക്കനുസരണമായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണു് അവരെ ഉൾക്കൊള്ളുന്ന ജനവിഭാഗങ്ങളുടെ നേട്ടവും. അതുകൊണ്ടു് ഓരോ കാലത്തും ഉയർന്നുവരുന്ന യുവതലമുറയെ വേണ്ടവിധത്തിൽ ഉൽബുദ്ധരും കർത്തവ്യനിരതരുമാക്കിത്തീർക്കുന്നതിനുള്ള പദ്ധതികൾക്കാണു് സാമൂഹികവ്യവസ്ഥിതിരൂപവൽക്കരണത്തിൽ സർവ്വപ്രധാനമായ പരിഗണന നൽകപ്പെടേണ്ടതു്.

### സൃഷ്ടിപരമായ പദ്ധതികൾ വേണം

യൗവനം കർമ്മോന്മുഖമായ കാലമാണു്. യുവത്വത്തിനു സ്വാഭാവികമായി അലസമായിരിക്കുക ദുസ്സഹമത്രെ. ആപത്തുകൾക്കൂടാതെ വിജയലക്ഷ്യത്തെ ഉന്നംവച്ചു് വീരോചിതവും പലപ്പോഴും സാഹസികവുമായ പ്രവർത്തനങ്ങളിൽപ്പോലും ഏർപ്പെടുന്നതു അവർക്കു് ഉന്മേഷപ്രദമാണു്. എന്നാൽ ഈ പ്രവർത്തനാസക്തി വേണ്ടവിധത്തിൽ നയിക്കപ്പെടുന്നില്ലെങ്കിൽ അതു കാട്ടുകയറുക അസാധാരണമല്ല. അതുകൊണ്ടു് ഓരോ യുവാവും ഉൽബുദ്ധമായ ചിന്തനത്തിനു് അവന്റെ ജീവിതത്തിൽ ഒരു പ്രധാനസ്ഥാനം നൽകേണ്ടിയിരിക്കുന്നു. ഈ ചിന്താബോധത്തെ വെറും കർമ്മാസക്തി അടിപ്പെടുത്തുകയാണെങ്കിൽ ഒട്ടുമുക്കാലും ആ ജീവിതം ദുരുപയോഗിക്കപ്പെടുകയേ ഉള്ളൂ. കാരണം ചിന്താബോധമില്ലാത്ത ഒരു യുവഹൃദയം വ്യാമോഹജഡിലമായ വശീകരണങ്ങൾക്കു എളുപ്പത്തിൽ ഇരയായിത്തീരുകയും വഞ്ചനാത്മകമായ ആ കുരുക്കിൽ കുടുങ്ങി ജീവിതം വിഫലമാക്കുന്നതിനിടയാവുകയും ചെയ്യും.

യുവഹൃദയങ്ങളെ വ്യാമോഹിപ്പിക്കുന്ന നിരവധിതരം കുരുക്കുകൾകൊണ്ടു് നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ഉൽബുദ്ധമായ ചിന്താമനസ്ഥിതി യുവജനങ്ങൾ കൈവരിക്കണം. നിർഭാഗ്യവശാൽ ഇന്നത്തെ യുവലോകത്തിന്റെ നെട്ടോട്ടം പൊതുവെ പറഞ്ഞാൽ വിജയോന്മുഖമാണോ എന്നും, കുടുംബത്തിന്റേയും, സമുദായത്തിന്റേയും, മതത്തിന്റേയും, രാജ്യത്തിന്റേയും അഭിവൃദ്ധിക്കും ഐശ്വര്യത്തിനും സഹായകമാണോ എന്നും വളരെ ആശങ്കപ്പെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയവും, സാമൂഹികവും, ധാർമ്മികവുമായ സനാതനാദർശങ്ങളെയും അവയുടെ പ്രായോഗികപദ്ധതികളേയും വേണ്ടവിധത്തിൽ അവഗാഢമായി പഠിക്കാതെ ശബ്ദായമാനമായ പ്രചരണപ്രവാഹത്തിൽപ്പെട്ടു് എത്രയെത്ര യുവത്തിടമ്പുകൾ ഇന്നു അവരുടെ ജീവിതത്തെ പാഴാക്കുകയും അവർവഴി മാനവസമുദായത്തിനും ഭാവിലോകത്തിനും കൈവരുത്താവുന്ന ഉന്നതനേട്ടങ്ങളെ നഷ്ടമാക്കുകയും ചെയ്യുന്നു! സുചിന്തിതമായ ഒരു പ്രവർത്തനപദ്ധതി സ്വയം കരുപ്പിടിപ്പിക്കുന്നതിനു് ഓരോ യുവാവിനും കഴിയാത്തതാണു് ഈ വിപത്തിനു കാരണം.

### ജീവിതത്തെ പഠനവിഷയമാക്കണം

അമേരിക്കയിൽ ചിൻചിനാറ്റി എന്ന സ്ഥലത്തെ സെൻറ് സേവിയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്ലാനിങ്ങ് കമ്മിറ്റി അംഗമായ ജോൺ ഡി. സ്റ്റാഴ്സ് എസ്. ജെ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഒരു പൊതുയോഗത്തിൽ പ്രകടിപ്പിച്ച അഭിപ്രായം പ്രകൃതത്തിൽ വളരെ സംഗതമാണെന്നു തോന്നുന്നു. വമ്പിച്ച ആ സദസ്സിൽ, ഗവർമ്മെന്റിനേയും സാമൂഹികസംഘടനകളേയും ഇതരസ്ഥാപനങ്ങളേയും നിശിതമായി വിമർശിച്ചുകൊണ്ടുള്ള പ്രസംഗധോരണി മുഴങ്ങിക്കൊണ്ടിരുന്നു. ഏതായാലും ആവേശജനകമായ ഈ അന്തരീക്ഷത്തിലേക്കു നമ്മുടെ പ്രസംഗകൻ ചിന്തോദ്ദീപകമായ ചില തത്വങ്ങൾ എറിഞ്ഞുകൊടുത്തു. അദ്ദേഹത്തിന്റെ വാദഗതി ഇപ്രകാരമായിരുന്നു:- "നിങ്ങൾ ഈ പ്രതിപാദിക്കുന്ന കാര്യങ്ങളെല്ലാം നല്ലതുതന്നെ. പക്ഷെ അവ എത്തേണ്ടിടത്തെത്തുന്നുണ്ടോ എന്നാണു് എന്റെ സംശയം. യുവജനങ്ങൾ ഏതെങ്കിലും സ്ഥാപനങ്ങളെപ്പറ്റിയുള്ള വിമർശനത്തിലും ഏതെങ്കിലും വ്യക്തിയുടെ അവകാശസംരക്ഷണത്തെപ്പറ്റിയുള്ള വാദത്തിലുംമാത്രം ശ്രദ്ധ പതിപ്പിക്കാതെ അവരുടെ ചിന്താപരിധിയെ വികസിപ്പിക്കണം. അവരുടെ യുവത്വത്തേയും ഓജസ്സിനേയും ജീവിതദൈർഘ്യത്തേയും കൺമുമ്പിൽ വച്ചുകൊണ്ടു് അവരുടെതന്നെ ഭാവിയെ എങ്ങനെ ഭാസുരമാക്കാമെന്നവർ ചിന്തിക്കണം. ഇക്കാലത്തു പൊളിട്ടിക്സിനെപ്പറ്റി വീറോടെ പ്രസംഗിക്കുന്നവരുണ്ടു്. എന്നാൽ അവർക്കു പൊളിട്ടിക്സ് അവരുടെ സേവനരംഗമാക്കാൻ ഉദ്ദേശമുണ്ടോ? ഇല്ല. അതേപ്പറ്റി അവർ ചിന്തിച്ചുകാണുകയില്ല. ചിലർ പത്രപ്രവർത്തനസ്വാതന്ത്ര്യത്തെക്കുറിച്ചാണു് പ്രചണ്ഡമായ വാദകോലാഹലം മുഴക്കുന്നതു്. എന്നാൽ പത്രപ്രവർത്തനം അവരുടെ ജീവിതകൃത്യമായി സ്വീകരിക്കുന്നതിനവരുദ്ദേശിക്കുന്നുണ്ടോ? അവർക്കു അങ്ങനെ ഒരു ലക്ഷ്യമില്ല. അവരുടെ സാഹിത്യാഭിരുചി വികസിപ്പിക്കുന്നതിനോ പത്രപ്രവർത്തനത്തിന്റെ സാങ്കേതികതത്വങ്ങൾ ഗ്രഹിക്കുന്നതിനോ അവർ ഒന്നും ചെയ്യുന്നില്ല."

എത്ര ഗഹനവും പ്രായോഗികവുമായ ഒരു ചിന്താസരണിയാണു് ഉദ്ധൃതവാക്യങ്ങൾ ഉൾക്കൊള്ളുന്നതു്. ഇന്നെവിടെയും വിമർശനങ്ങളുടേയും എതിർപ്പുകളുടേയും ഇങ്ക്വിലാബുകളുടേയും ആക്രോശങ്ങൾ മാത്രമേ കേൾക്കാനുള്ളു. എന്നാൽ ഈ കണ്ഠക്ഷോഭം ചെയ്യുന്ന സാധുക്കൾ ചിന്തിക്കുന്നുണ്ടോ ഇതാർക്കുവേണ്ടിയാണു്, എന്തിനുവേണ്ടിയാണു് എന്നു്. രാഷ്ട്രീയപാർട്ടികളോ, വിദേശ ഏജൻറന്മാരോ അവരുടെ കാര്യം കാണുന്നതിനും കീശവീർപ്പിക്കുന്നതിനും സ്വാർത്ഥം നേടുന്നതിനും വേണ്ടി രാജ്യത്തിന്റേയും സമുദായത്തിന്റേയും സമ്പത്തായ യുവത്വത്തെ ചൂഷണംചെയ്യുന്ന ഈ സമ്പ്രദായത്തിനു ഒരു പൂർണ്ണവിരാമമിടേണ്ടതത്യാവശ്യമാണു്. അതിനായി യുവലോകം പ്രത്യേകിച്ചും അവരുടെ ജീവിതലക്ഷ്യത്തെ ശരിയായി പഠിക്കുന്നതിനും പരിപക്വമായ ആദർശദാർഢ്യത്തോടുകൂടി അതിനുള്ള പ്രായോഗികപദ്ധതികളെ അനുധാവനം ചെയ്യുന്നതിനും തന്റേടമുള്ളവരാകണം.

### ചരിത്രത്തിൽനിന്നു പഠിക്കണം

വിപ്ലവം എളുപ്പമാണു്. നശിപ്പിക്കുവാൻ ക്ഷണത്തിൽ കഴിയും, എന്നാൽ കെട്ടിപ്പടുക്കുക ശ്രമസാദ്ധ്യമത്രെ. ചരിത്രമാണു് വിദഗ്ദ്ധനായ ഗുരുനാഥൻ. ആ ഗുരുമുഖത്തുനിന്നാണു്, ചരിത്രത്തിൽ യുഗാന്തരങ്ങളിലായി അലിഞ്ഞുചേർന്നുകിടക്കുന്ന മാനവവംശത്തിന്റെ നിരീക്ഷണപരീക്ഷണങ്ങളേയും ജയാപജയങ്ങളേയും സംസ്കാരവിശേഷങ്ങളേയും ശരിയായി വിശകലനംചെയ്തു ത്യാജ്യങ്ങളെ ത്യജിച്ചും സ്വീകാര്യങ്ങളെ ആശ്ലേഷിച്ചും ആധുനികസാഹചര്യങ്ങളോടു അവയെ കോർത്തിണക്കിയും പ്രയോഗത്തിൽ വരുത്തുന്നതഭ്യസിക്കേണ്ടതു്. അതിനുവേണ്ടിയാണു് വിദഗ്ദ്ധന്മാരായ നേതാക്കളും കർമ്മധീരന്മാരായ യുവസഞ്ചയവും തോളോടുതോൾ ചേർന്നു അത്യധ്വാനം ചെയ്യേണ്ടതു്. പഴയ പരാജയങ്ങളെ പഴിച്ചും നേട്ടങ്ങളെ തട്ടിത്തകർത്തും വിപ്ലവത്തിന്റെ വെന്നിക്കൊടിയെ പാറിപ്പറത്തിക്കൊണ്ടും നടത്തുന്ന നെട്ടോട്ടത്തിൽ കുടുംബജീവിതമോ, സമുദായമോ, രാഷ്ട്രമോ ഒന്നും നേടാൻപോകുന്നില്ല. ചരിത്രമാകുന്ന ഗുരുനാഥന്റെ മുമ്പിൽ യുവലോകം ആത്മസംയമനത്തോടും വിനയത്തോടുംകൂടി ജീവിതപാഠങ്ങളേയും വിജയമാർഗ്ഗങ്ങളേയും പഠിച്ചു് ശരിയായ പുരോഗതിക്കുവേണ്ടി പണിപ്പെട്ടു പരിശ്രമിച്ചെങ്കിൽ മാത്രമേ ആധുനികചരിത്രത്തെ ഭാവിതലമുറയ്ക്കു മാർഗ്ഗദർശകമായും ഇന്നത്തെ യുവത്വത്തിന്നഭിമാനകരമായും രചിക്കുന്നതിനു സാധിക്കുകയുള്ളു. ഏതാദൃശമായ ഒരു വ്യവസ്ഥിതിയെ പ്രായോഗികമാക്കുന്നതിൽ വ്യക്തിജീവിതത്തിനും മതവിശ്വാസത്തിനും സാമൂഹികവഴക്കങ്ങൾക്കും ധാർമ്മികമൂല്യങ്ങൾക്കും രാഷ്ട്രമീമാംസയ്ക്കും തദനുഗുണമായ ഭാഗങ്ങൾ നീക്കിവയ്ക്കണം. അവയോരോന്നും ജീവിതത്തിന്റെ പരമവും പ്രത്യക്ഷവുമായ ലക്ഷ്യങ്ങൾക്കനുസരിച്ചു വിവേചിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യണം. ഇപ്രകാരം വ്യക്ത്യനുയോജ്യവും പുരോഗമനോന്മുഖവും സൗഭാഗ്യദായകവുമായ മാർഗ്ഗങ്ങളിൽക്കൂടി യുവലോകം അനർഘങ്ങളായ അതിന്റെ കഴിവുകളെ പ്രയോഗിക്കുന്നുവെങ്കിൽ സുകരമായി ജീവിക്കാവുന്ന ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനു അതിനു സാധിക്കും. യുവലോകം അതിനു തയാറാകുന്നില്ലെങ്കിൽ ആധുനികലോകം "വറച്ചട്ടിയിൽനിന്നടുപ്പിലേക്കു" എന്നുള്ള പ്രമാണമനുസരിച്ചു അനുപദം നാശഗർത്തത്തിലേക്കാണ്ടുപോകാതെ ഗത്യന്തരമില്ലതന്നെ.

## പ്രസാധകക്കുറിപ്പുകൾ

### ട്രാൻസ്പോർട്ട് തൊഴിലാളികളിൽ മഹാഭൂരിപക്ഷം പണിമുടക്കിനു് എതിരു്

തിരുക്കൊച്ചിയിലെ ഗവമ്മെൻറ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു പെൻഷൻ പോരാ, പ്രൊവിഡൻറ് ഫണ്ടും ബോണസ്സും വേണം, എന്ന വാദത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് നേതൃത്വം അവരെക്കൊണ്ടു് പണിമുടക്കം നടത്തിക്കുകയാണല്ലോ. പ്രസ്തുത രണ്ടുതരം ആനുകൂല്യങ്ങളിൽ ഏതാണു വേണ്ടതെന്നറിയുവാൻ ട്രാൻസ്പോർട്ടു തൊഴിലാളികൾക്കിടയിൽ അവർതന്നെ ഹിതപരിശോധന നടത്തുകയുണ്ടായി. അതിന്റെ ഫലം താഴെ ചേർക്കുന്നു.

പെൻഷൻ പദ്ധതിക്കു അനുകൂലമായി വോട്ടുചെയ്തവർ ആകെയുള്ള 244 ഇൻസ്പെക്ടർമാരിൽ 192; 785 കണ്ടക്ടർമാരിൽ 490; 838 ഡ്രൈവർമാരിൽ 470; മെക്കാനിക്കൽ സ്റ്റാഫിലുള്ള 801 പേരിൽ 550; മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ള 426 പേരിൽ 258; 199 അററൻഡർന്മാരിൽ 149. പെൻഷൻ പദ്ധതി വേണ്ടെന്നു പറഞ്ഞവർ 210 കണ്ടക്ടർമാർ; 307 ഡ്രൈവറന്മാർ; മെക്കാനിക്കൽ സ്റ്റാഫിലുള്ളവർ 238; മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ളവർ 225. അഭിപ്രായം രേഖപ്പെടുത്താത്തവർ കണ്ടക്ടറന്മാർ 76; ഡ്രൈവറന്മാർ 61; മെക്കാനിക്കൽ സ്റ്റാഫിൽപ്പെട്ടവർ 13; മിനിസ്റ്റീരിയൽ സ്റ്റാഫിൽപ്പെട്ടവർ 104. ചിലർ അവധിയിലിരുന്നതിനാലും, മററു ചിലർ ഭയം നിമിത്തവുമാണു് അഭിപ്രായം രേഖപ്പെടുത്താഞ്ഞതു്. മിനിസ്റ്റീരിയൽ സ്റ്റാഫിൽപ്പെട്ട 59 പേർ നേരത്തേ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നവരാണു്. മൊത്തം 24. ശതമാനം തൊഴിലാളികളേ പെൻഷൻ പദ്ധതിയെ എതിർത്തിട്ടുള്ളു.

* * *

### ട്രാൻസ്പോർട്ട് പണിമുടക്കിനെ 'എക്സ്പ്രസ്സ്' പത്രം വിമർശിക്കുന്നു

സ്റ്റേററ് ട്രാൻസ്പോർട്ട് ജീവനക്കാർ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൻ കീഴിൽ നടത്തിയ പണിമുടക്കിനെ "എക്സ്പ്രസ്സ്" പത്രം ഇപ്രകാരംവിമർശിക്കുന്നു:

സർവ്വീസുരൂളുകളനുസരിച്ചു് സകല ആനുകൂല്യങ്ങളും വാർദ്ധക്യകാലപെൻഷനും കിട്ടാൻ അർഹതയുള്ളവർക്കു് അവ നൽകുകയാണു് സർക്കാരിന്റെ ചുമതല. ട്രാൻസ്പോർട്ടുകാരെ പെൻഷനബിൾസർവ്വീസുകാരാക്കണമെന്നും, ബോണസ് മുതലായവ നൽകുന്നതു ശരിയല്ലെന്നും ഞങ്ങൾ മുമ്പും വാദിക്കാറുള്ളതു അതിനാലാണു്. സർക്കാരിലേക്കു ധാരാളം ആദായമുണ്ടാക്കുന്ന ഒരു വകുപ്പാണെന്നതുകൊണ്ടു് അതിലെ പ്രവൃത്തിക്കാർക്കു ആ ആദായത്തിന്റെ ഒരംശം കിട്ടണമെന്ന വാദം വകവച്ചുകൊടുക്കുന്നതു് ആപൽക്കരമായേക്കും. അങ്ങനെയാണെങ്കിൽ റവന്യൂ, സെയിൽസ് ടാക്സ്, എക്സൈസ്, ഫോറസ്റ്റു തുടങ്ങി മുതലെടുപ്പുണ്ടാക്കുന്ന വകുപ്പുകളിലെ പ്രവൃത്തിക്കാർക്കെല്ലാം ബോണസ് കൊടുക്കേണ്ടിവരുമല്ലോ. സർക്കാർ എപ്പോഴും സർക്കാരാണു്. അതു് ഒരു വ്യവസായകമ്പനിയൊന്നുമല്ല. പോരെങ്കിൽ ഇവിടെ മുക്കാൽഭാഗം പ്രവൃത്തിക്കാരും ബോണസിനെതിരായും പെൻഷനനുകൂലമായും വോട്ടുചെയ്തും ഇരിക്കുന്നു. ഈ നിലയ്ക്കു് 24 ശതമാനക്കാരേയുംകൊണ്ടു് പണിമുടക്കിനു പുറപ്പെടുന്നവരുടെ ലക്ഷ്യം ട്രാൻസ്പോർട്ടുതൊഴിലാളികളുടെ നന്മയോ രാജ്യത്തിന്റെ വിശാലതാല്പര്യങ്ങളോ അല്ല; നേരെ മറിച്ചു് സ്വന്തമായ ചില നിഗൂഢതാല്പര്യങ്ങളുടെ സിദ്ധിയാണെന്നു് ആരും പറയാതെതന്നെ തെളിയുന്നുണ്ടു്. അതിനാൽ ഈ പണിമുടക്കു് തികച്ചും ദുരുപദിഷ്ടവും അനാവശ്യവുമാണെന്നു് ജനങ്ങൾ വിധിക്കുന്നുണ്ടെങ്കിൽ തെററില്ല. അനാവശ്യമായ പ്രക്ഷോഭണത്തെ നേരിടുന്ന കാര്യത്തിൽ ഗവമ്മെൻറ് ഉണർന്നു പ്രവർത്തിക്കുമെങ്കിൽ, ജനങ്ങൾ അതിനോടു സഹകരിക്കുമെന്നും സഹകരിക്കണമെന്നും ഉള്ളതു് വ്യക്തമാണു്. ബുദ്ധിശൂന്യതയും വങ്കത്തവും ധാർഷ്ട്യവും പൊതുകാര്യത്തിൽ എന്നും കൊടിനാട്ടി വാഴുന്നതിനേയും, തൊഴിലാളികളെ രാഷ്ട്രീയാവശ്യങ്ങൾക്കു ചട്ടുകങ്ങളാക്കിത്തീർക്കുന്നതിനേയും, എല്ലാക്കാലത്തും എല്ലാവരും പൊറുത്തുവെന്നു വരികയില്ലല്ലോ.

* * *

### ട്രാൻസ്പോർട്ട് പണിമുടക്കു് പരാജയം— പൗരമുഖ്യരുടെ പ്രസ്താവന

കോട്ടയം അശോക് പ്രോസ്പെക്റ്റസ് സ്റ്റുഡിയോ ബിൽഡിംഗ്സിൽ സമ്മേളിച്ച വിവിധരാഷ്ട്രീയപ്രാതിനിധ്യമുള്ള കോട്ടയം പൗരമുഖ്യർ താഴെപ്പറയുന്ന പ്രസ്താവന ആഗസ്റ്റ് 31-ാം തീയതി പുറപ്പെടുവിച്ചിരിക്കുന്നു.

ആഗസ്റ്റ് 27-ാംതീയതി രാത്രി ട്രാൻസ്പോർട്ടു തൊഴിലാളികൾ രാജ്യവ്യാപകമായ ഒരു പണിമുടക്കു് ആരംഭിക്കുന്നതാണെന്നു് സ. ററി. വി. തോമസ് ചെയ്ത പ്രഖ്യാപനത്തെ തുടർന്നു് ട്രാൻസ്പോർട്ട് തൊഴിലാളികളുടെപേരിൽ കമ്മ്യൂണിസ്റ്റുകാർ നാട്ടിൽ അരാജകത്വവും വിപ്ലവവും അഴിച്ചുവിടുകയെന്ന കമ്മ്യൂണിസ്റ്റ് ലക്ഷ്യത്തിലേക്കായി പാവപ്പെട്ട മററു തൊഴിലാളികളെ സമരത്തിലേക്കു് ഇറക്കിവിട്ടു് പരാജയത്തിൽനിന്നും പരാജയത്തിലേക്കു് മുന്നേറുന്നതു് നാട്ടുകാർ കണ്ടും അറിഞ്ഞും ഇരിക്കുകയാണല്ലോ. പറയപ്പെട്ട ട്രാൻസ്പോർട്ടുസമരം ട്രാൻസ്പോർട്ടു തൊഴിലാളികളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വെള്ളിക്കോൽസമരമാണെന്നു് താഴെക്കാണുന്ന കണക്കുകൾ തെളിയിക്കുന്നതാണു്:-

സമരത്തിൽ ഏർപ്പെട്ടവർ ഇൻസ്പെക്ടർമാരിൽ ആരും ഇല്ല. സ്റ്റേഷൻ ഇൻസ്പെക്ടർമാരിൽ ആരും ഇല്ല. 78 കണ്ടക്ടർമാരിൽ 10; 88 ഡ്രൈവറന്മാരിൽ 5; 55 മെക്കാനിക്കൽ സ്റ്റാഫിൽ 4.

കോട്ടയം ഡിസ്ട്രിക്റ്റിൽ ആകെയുള്ള 245 ട്രാൻസ്പോർട്ടു തൊഴിലാളികളിൽ പണിമുടക്കിയതു് 19 പേർ (8 ശതമാനം) മാത്രമാണു്. പ്രതിമാസം അലവൻസും ബാററായും ഉൾപ്പെടെ ഏററവും കുറഞ്ഞതു് കണ്ടക്ടർക്കു് 83 രൂപായും ഡ്രൈവറന്മാർക്കു് 93 രൂപായുമാണു കിട്ടുന്നതു്. അതിനു പുറമെ പലവിധ ആനുകൂല്യങ്ങളും പെൻഷനുംകൂടിയുണ്ടു്. ഈ നിലയ്ക്കു്—ഇതെല്ലാം നാട്ടുകാർ അറിഞ്ഞുപോയ നിലയ്ക്കു്— ഉന

കമ്മ്യൂണിസ്റ്റ്പിടിയിൽ ട്രാൻസ്പോർട്ടു തൊഴിലാളികൾ കുടുങ്ങുകയില്ലെന്നും ഇനി ഒരു ട്രാൻസ്പോർട്ടുസമരം സാദ്ധ്യമല്ലെന്നും ബോദ്ധ്യമായ കമ്മ്യൂണിസ്റ്റ് നേതൃത്വം മററു പരിപാടികൾ സ്വീകരിച്ചു് അക്രമങ്ങൾക്കും, രക്തച്ചൊരിച്ചിലുകൾക്കും തയ്യാറെടുക്കുന്നതായിട്ടാണറിയുന്നതു്. അവരുടെ അക്രമപരിപാടികളെ ചെറുത്തു നാട്ടിൽ സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ സമാധാനകാംക്ഷികളായ നാട്ടുകാർ, ഈ സാഹചര്യങ്ങളിൽ ഒരു ഐക്യനിര കെട്ടിപ്പടുത്തു് പ്രവർത്തനം തുടരേണ്ടതു് നാടിന്റെ ഒടേയന്തിര ആവശ്യമായി ഈ യോഗം കരുതുന്നു.

### പബ്ളിക്ക് റോഡിൽ കിടന്നു മാർഗ്ഗതടസ്സം ചെയ്യുക

## ആർക്കും പാടില്ല

സ്ട്രൈക്കിന്റെ പേരുംപറഞ്ഞു പബ്ളിക്ക്റോഡിൽ തൊഴിലാളികളേയും മററും കിടത്തി മാർഗ്ഗതടസ്സം വരുത്തുന്ന കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ നടപടിയെപ്പററി ദീപികയിലെ സെപ്റ്റംബർ 1-ാംതീയതിയിലെ മുഖപ്രസംഗത്തിൽ ഇപ്രകാരം വിമർശനം ചെയ്തിരിക്കുന്നു:- സ്ട്രൈക്ക് എന്നു പറഞ്ഞാൽ തൊഴിൽമുടക്ക് എന്നാണർത്ഥം. തങ്ങളുടെ സങ്കടപരിഹാരത്തിനുവേണ്ടി സംഘടിതമായി തൊഴിൽമുടക്കുക എന്ന ആയുധം പ്രയോഗിക്കുവാൻ നിയമം ഇക്കാലത്തു തൊഴിലാളികളെ അനുവദിക്കുന്നുണ്ടു്. അതിൽ കൂടുതൽ ശല്യങ്ങൾ ചെയ്യുവാൻ നിയമം അവരെ അനുവദിക്കുന്നില്ല.

ട്രേഡ്യൂണിയനിൽപ്പെട്ട തൊഴിലാളികളിൽ മഹാഭൂരിപക്ഷവും സ്ട്രൈക്കിനു തയ്യാറില്ലാത്ത കാര്യത്തിൽ ട്രാൻസ്പോർട്ടുതൊഴിലാളികളല്ലാത്തവരെക്കൊണ്ടു് പിക്കററിങ്ങ് നടത്തിക്കുന്നതും, ഓട്ടുന്നവണ്ടിക്കു മാർഗ്ഗതടസ്സം ചെയ്യാൻ രാജപാതയിൽ അവരെ കിടത്തുന്നതുമാണോ തൊഴിൽമുടക്കം (സ്ട്രൈക്ക്) എന്നു പറയുന്ന, നിയമം അനുവദിക്കുന്ന, ആ സമരം എന്നു്, സഗൗരവം, ഞങ്ങൾ മി. തോമസിനോടും മററു കമ്മ്യൂണിസ്റ്റ്നേതാക്കന്മാരോടും ചോദിച്ചുകൊള്ളട്ടെ.

ട്രാൻസ്പോർട്ടു് ബസ്സുകൾക്കു മുൻപിൽവന്നു മാർഗ്ഗതടസ്സം ചെയ്തു് പിക്കററിങ്ങ് നടത്തുന്നവർ ലേബർനിയമത്തിന്റെ സംരക്ഷണത്തിനു് അർഹരല്ല; നാട്ടിലെ പ്പീനൽകോഡ് മുതലായ ഇതര നിയമങ്ങൾക്കു വിധേയരാണു്. നിയമത്തിന്റെ നില ഇതാണെങ്കിൽ ബസ്സിന്റെ മുമ്പിൽ, രാജപാതയിൽ കിടന്നു്, ഗതാഗതത്തിനു തടസ്സം വരുത്തുന്നവരെ ക്രമസമാധാനപാലനത്തിനുത്തരവാദികളായ അധികാരികൾ ബലംപ്രയോഗിച്ചു വഴിയിൽനിന്നു മാററുന്നതിലും അറസ്റ്റു ചെയ്യുന്നതിലും ശിക്ഷിക്കുന്നതിലും നിയമവിരുദ്ധമായിട്ടെന്താണുള്ളതു്? അധാർമ്മികമായിട്ടെന്താണുള്ളതു്? അക്രമരഹിതമായി പബ്ളിക്കു റോഡിൽ കുത്തിയിരിക്കുകയും നെടുനീളെ കിടക്കുകയുമാണു തന്റെ അനുയായികൾ ചെയ്യുന്നതു്; ആ ന്യൂയിസൻസിനെ എടുത്തുമാററുന്നതു് നിയമവിരുദ്ധമാണു് എന്നു വാദിക്കുവാൻ ഒരു നിയമജ്ഞനുംകൂടിയായ മി. ടി. വി. തോമസ് തുനിയുന്നതു് അദ്ദേഹത്തിനു തന്നെ ആക്ഷേപകരമാണു്. അക്രമരഹിതമായാൽപോലും പബ്ളിക്കു റോഡിൽ കിടന്നു മാർഗ്ഗതടസ്സം ചെയ്യുക എന്നതു് കുററകരമായ ഒരു കൃത്യമാണു്. സ്ട്രൈക്കിനു അവകാശമുള്ള ട്രാൻസ്പോർട്ടു് തൊഴിലാളികൾക്കുപോലും അതു ചെയ്യുവാൻ വയ്യാ. അപ്പോൾ ഇതരന്മാർക്കു് ഒട്ടും പാടില്ല.

* * *

## ബ്രദർ വടക്കന്റെ നിർദ്ദേശം

### ക.വി.മു. ഘടകങ്ങൾക്കു്

ട്രാൻസ്പോർട്ടു് തൊഴിലാളിസമരത്തെ പരാമർശിച്ചു് ബ്രദർ വടക്കൻ ആഗസ്റ്റ് 30-ാംതീയതി പുറപ്പെടുവിച്ച പത്രപ്രസ്താവനയിൽ, സർക്കാരിനെ സ്തംഭിപ്പിക്കാനും വിപ്ലവപ്രസ്ഥാനത്തിനു കളമൊരുക്കുവാനും കരുതിക്കൂട്ടി സംഘടിപ്പിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ്സമരമാണിതെന്നു് അതിന്റെ സാഹചര്യങ്ങളിൽനിന്നു് വ്യക്തമാക്കിയതിനുശേഷം, കമ്മ്യൂണിസ്റ്റ്വിരുദ്ധമുന്നണി പ്രവർത്തകർക്കു് പ്രസ്തുതസമരത്തിൽ പ്രായോഗികമായ പ്രവർത്തനങ്ങൾ താഴെക്കാണുംവിധം നിർദ്ദേശിച്ചിരിക്കുന്നു:-

1) എല്ലാ സെല്ലുകളുടേയും ആഭിമുഖ്യത്തിൽ ഈ പണിമുടക്കിനെ പ്രതിഷേധിക്കാൻ പൊതുയോഗങ്ങളും പ്രകടനങ്ങളും നടത്തുക.

2) കമ്മ്യൂണിസ്റ്റുകളുടെ ഭീഷണികലർന്ന ഈ നിലപാടിന്റെ മുമ്പിൽ ഒരിക്കലും കീഴ്പ്പെടരുതെന്നുള്ള ജനഹിതം ഗവമെൻറിനെ പ്രമേയം അയച്ചും കമ്പിയടിച്ചും ധരിപ്പിക്കുക.

3, ധീരരും രാജ്യസ്നേഹികളുമായ ട്രാൻസ്പോർട്ടു തൊഴിലാളികളെ അനുമോദിച്ചുകൊണ്ടുള്ള ജയാരവങ്ങളും പൂമാലാർപ്പണങ്ങളും ഉടനീളം സംഘടിപ്പിക്കുക.

4) ഭയരഹിതമായി സാഭിമാനം ട്രാൻസ്പോർട്ടുവണ്ടികളിൽ സഞ്ചരിക്കാൻ നാട്ടുകാരെ ഉത്തേജിപ്പിക്കുക.

5, ട്രാൻസ്പോർട്ടുസമരത്തിന്റെ ചരിത്രവും അതിന്റെ നിരർത്ഥകമായ നിലപാടുകളും നാട്ടുകാരെ ധരിപ്പിക്കത്തക്കവിധത്തിൽ ചെറിയ ചെറിയ തെരുവുയോഗങ്ങൾ, വാൾപോസ്ററുകൾ, ജാഥകൾ ഇവയെല്ലാം ആരംഭിക്കുക.

—o—

# മരിയവത്സരമഞ്ജരി

### സൂനം 26

പരിശുദ്ധാത്മാവിയുടെ അധിവാസത്താലും അവിടുത്തെ ദിവ്യദാനങ്ങളുടെ സ്വീകരണത്താലും അവിടുത്തെ മണവാട്ടിയായ പരിശുദ്ധ കന്യകമറിയം ആത്മജ്ഞാനപൂരിതപാത്രമാണെന്നും, മനുഷ്യാവതാരംചെയ്ത ദൈവവചനത്തിന്റെ മാതൃസ്ഥാനത്തിൽ ദിവ്യചെമ്മരിയാടിന്റെ മാംസരക്തങ്ങളെ വഹിച്ച ഈ ചഷകം ബഹുമാനത്തിന്റെ പാത്രമാ



ണെന്നും നാം കണ്ടു. ലോകത്തിന്റെ രക്ഷാകർമ്മത്തിൽ തനിക്കു നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന പ്രത്യേകതരമായ കർത്തവ്യങ്ങളുടെ ഔന്നത്യത്തെ ശരിയായി ഗ്രഹിച്ചുകൊണ്ടു് കന്യകമറിയം തന്നെത്തന്നെ പരിപൂർണ്ണമായി ദൈവപിതാവിനു സ്വയം സമർപ്പണം നടത്തുന്നു. ഈ പരിപൂർണ്ണസമർപ്പണമാണു് ഭക്തിയുടെ കാതലായ ഭാഗം. അതിനെ പരിപോഷിപ്പിക്കുന്ന ഉപാധികൾമാത്രമാണു് ധ്യാനനിഷ്ഠ, ആദ്ധ്യാത്മികതീക്ഷ്ണത മുതലായ ഗുണവിശേഷങ്ങൾ. അതിൽനിന്നുളവാകുന്ന സൽഫലങ്ങളാണു് ആത്മീയാനന്ദം, ഹൃദയശാന്തത മുതലായവ. ഇവയെല്ലാം ഭക്തിയുടെ ആനുപത്തികങ്ങളായി മാത്രമേ പരിഗണിക്കേണ്ടതുള്ളു. എന്നാൽ പരിശുദ്ധ കന്യകമറിയത്തെ സംബന്ധിച്ചിടത്തോളം ഭക്തിയുടെ ഈ ഭാവങ്ങളെല്ലാം അസാധാരണമായ ഒരു തോതിൽ പ്രശോഭിച്ചിരുന്നു. അതുകൊണ്ടാണു് മറിയം അത്ഭുതമായ ഭക്തിയുടെ പാത്രമെന്നു വിളിക്കപ്പെടുന്നതു്.

### ഭക്തി

ദൈവം നമ്മുടെ സ്രഷ്ടാവും, കർത്താവും, പരമാന്ത്യവും, സർവ്വനന്മകളുടേയും ദാതാവുമാണെന്നുള്ള ബോദ്ധ്യതയിൽനിന്നു സംജാതമാകുന്ന സ്വയാർപ്പണത്തിലാണു് സാക്ഷാത്തായ ദൈവഭക്തി നിലകൊള്ളുന്നതെന്നു മുൻസൂചിപ്പിച്ചുവല്ലോ. ഇതിന്റെ മകുടോദാഹരണം ദിവ്യരക്ഷകൻതന്നെയാണു്. ഗാഗുൽത്താമലമുകളിൽ സ്വജീവൻ ബലിയർപ്പിച്ചു പര്യവസാനിപ്പിച്ച ദൗത്യനിർവ്വഹണത്തിൽ ഈ ആത്മാർപ്പണത്തിന്റെ പൂർത്തീകരണമാണു് നാം കാണുന്നതു്. ഈ ഭക്തിപ്രകടനത്തിന്റെ പ്രതിരൂപമാണു് മറിയത്തിൽ പ്രതിഫലിക്കുന്നതു്. "കർത്താവിന്റെ ദാസി ഇതാ, നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ" എന്ന വാക്കുകളിൽ ഈ അർപ്പണത്തിന്റെ സാരസർവ്വസ്വം സംഗ്രഹിച്ചിരിക്കുന്നുണ്ടു്. ഈ ആത്മാർപ്പണത്തിന്റെ പരിണാമഗുപ്തിയും ഗാഗുൽത്തായിലെ ദാരുണരംഗത്തിൽതന്നെയാണു് ദർശിക്കുന്നതു്. ലോകരക്ഷാർത്ഥം ക്രിസ്തു തൂങ്ങിമരിക്കുന്ന തിരുക്കുരിശിന്റെ ചുവട്ടിൽ തന്നെത്തന്നെയും തന്റെ തിരുക്കുമാരനേയും ദൈവത്തിനർപ്പിക്കുന്ന ഈ വ്യാകുലഅമ്മ യഥാർത്ഥത്തിൽ അത്ഭുതമായ ഭക്തിയുടെ പാത്രംതന്നെയല്ലയോ?

ധ്യാനനിഷ്ഠയും ആദ്ധ്യാത്മികതീക്ഷ്ണതയും പരിശീലിക്കുന്ന ഒരാത്മാവു് ദൈവത്തെ സംബന്ധിക്കുന്ന നിത്യസത്യങ്ങളാൽ പ്രകാശിപ്പിക്കപ്പെടുകയും ദൈവത്തിനു സ്വയം അർപ്പിക്കേണ്ട ആവശ്യകതയും അതു പ്രായോഗികമാക്കുന്നതുകൊണ്ടുള്ള ഗുണങ്ങളും കൂടുതൽ വിശദമായി ഗ്രഹിക്കുകയും ചെയ്യുന്നു. മറിയം മറെറല്ലാ പുണ്യാത്മാക്കളെക്കാളും ധ്യാനനിരതയായിരുന്നു. ദൈവവചനങ്ങളെ മറിയം ഭദ്രമായി ഹൃദയത്തിൽ സംഗ്രഹിച്ചു അവയെപ്പററി ധ്യാനിച്ചുകൊണ്ടിരുന്നു. മിശിഹായുടെ ജീവിതരംഗങ്ങളോടുള്ള സാമീപ്യവും അവിടുത്തെ ജീവിതകൃത്യങ്ങളിലുള്ള സഹകരണവും ഈ മനോഭാവത്തെ അത്യധികം ശക്തിപ്പെടുത്തി. അവ ഓരോന്നും മറിയത്തിന്റെ ഹൃദയത്തെ ദൈവസ്നേഹത്താൽ പ്രോജ്വലിപ്പിച്ചു. യഥാർത്ഥഭക്തിയുടെ ഫലമാണു് ആത്മീയാനന്ദം. അതിദാരുണമായ ക്ലേശങ്ങളുടെ മദ്ധ്യത്തിലും ദുസ്സഹമായ പീഡകൾക്കിടയിലും ഈ ആനന്ദം പ്രശാന്തമായി ഹൃദയത്തിൽ അലയടിച്ചുകൊണ്ടിരിക്കും. അതിനെ അടിപ്പെടുത്തുന്നതിനു യാതൊരു ശക്തിക്കും സാദ്ധ്യമാവുകയില്ല. ഈ ആത്മീയാനന്ദം ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ വളരെ ഭദ്രമായി സൂക്ഷിക്കപ്പെടേണ്ട ഗുണമാണു്. അതു പുണ്യാഭ്യാസങ്ങളെ എളുപ്പമുള്ളതും, മധുരമുള്ളതും കൂടുതൽ യോഗ്യതയുള്ളതുമാക്കുന്നു. പരിശുദ്ധ കന്യകമറിയത്തിൽ ഈ ഗുണം എത്ര ശക്തിമത്തായി പ്രവർത്തിച്ചിരുന്നുവെന്നുള്ളതിനു് ഈ അമ്മയുടെ വ്യാകുലതകളോരോന്നിലും നാം അവിടുത്തെ ശ്രദ്ധിച്ചാൽ കാണാം.

ഏവംവിധം ദൈവഭക്തിയുടെ നികേതനമായി, ധ്യാനത്തിന്റെയും ആദ്ധ്യാത്മികതീക്ഷ്ണതയുടേയും വിളനിലമായി, ഹൃദയാനന്ദത്തിന്റെയും ആത്മശാന്തിയുടേയും ഉറവയായി പരിലസിച്ച പരിശുദ്ധ കന്യകമറിയത്തെ സ്നേഹത്തോടെ നമുക്കു വിളിച്ചപേക്ഷിക്കാം:-

## അത്ഭുതമായ ഭക്തിയുടെ പാത്രമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

### സൂനം 27

സൃഷ്ടങ്ങളായ പ്രാപഞ്ചികവസ്തുക്കളിൽ ഏററം മനോഹരമായവ പുഷ്പങ്ങളാണെന്നു പറഞ്ഞാൽ അതിൽ അഭിപ്രായഭിന്നതയുണ്ടാകുമെന്നു തോന്നുന്നില്ല. അവ അത്യന്തം നയനാനന്ദകരങ്ങളും ഹൃദയാവർജ്ജകങ്ങളുമാണു്. കവികളുടെ ഭാവനകൾ മനോഹരമായ പ്രകൃതിവർണ്ണനകളിലൂടെ പുഷ്പങ്ങളിൽവന്നു നിശ്ചലമായി നിലയുറപ്പിക്കുന്നു. ബാലാർക്കന്റെ പ്രഭാധോരണിയും, ആകാശവിധാനത്തിന്റെ നീലിമയും, പച്ചപ്പരവതാനി വിരിച്ച പുൽത്തകിടികളും, മനോഹരമായ ഉപവനങ്ങളും, സുഗന്ധവാഹിയായ മന്ദമാരുതനും എല്ലാം അവയുടെ മകുടം ചാർത്തുന്നതിനു സുമസഞ്ചയത്തിലേക്കാണു കണ്ണുതിരിക്കുന്നതു്. ഒരു ക്രിസ്തീയഹൃദയത്തിനു മനോഹരമായ മലർവാടിയിലാണു് പറുദീസായുടെ പ്രതീതി സംജാതമാകുന്നതു്. ഇപ്രകാരം ഹൃദയാവർജ്ജകവും ചിന്താദ്യോതകവുമായ സുമസഞ്ചയത്തിൽ പുഷ്പറാണിയായ പനിനീർ പുഷ്പംപോലെയത്രെ നിത്യപറുദീസായിലെ ദിവ്യസുമങ്ങളായ വിശുദ്ധാത്മാക്കളുടെ ഗണത്തിൽ പരിശുദ്ധമറിയം പരിലസിക്കുന്നതു്. അതുകൊണ്ടത്രെ ദൈവരഹസ്യം നിറഞ്ഞ റോസപ്പുഷ്പമെന്ന മനോഹരനാമം മറിയത്തിനു ഏററവും യോജിക്കുന്നതും.

### ദൈവരഹസ്യങ്ങളുടെ നിറവു്

മറിയമാകുന്ന സ്വർഗ്ഗീയസുമം അതിന്റെ മൊട്ടിടലിലും, വിടർച്ചയിലും, വികസിതാവസ്ഥയിലും ഒരുപോലെ ദൈവരഹസ്യങ്ങളുടെ വിളനിലമായി പ്രശോഭിക്കുന്നുണ്ടു്. സകല സൃഷ്ടികളുടേയും പരമമായ പ്രതീക്ഷാകേന്ദ്രം ദൈവമനുഷ്യനായ മിശിഹായത്രെ. വിശുദ്ധ ശ്ലീഹാ പറയുന്നതുപോലെ "എല്ലാ വസ്തുക്കളും അവിടുന്നു വഴിയും അവിടുത്തേക്കുവേണ്ടിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." അലംഘനീയമായ ഈ നിത്യശാസനത്തിൽ മിശിഹായുടെ പാർശ്വത്തിൽ അവിടുത്തെ മാതാവായ മറിയത്തേയും നാം കാണുന്നു. പാപാന്ധകാരത്താൽ ശോകമൂകമായ പറുദീസായുടെ കവാടത്തിൽ പ്രത്യാശയുടെ സൗരഭ്യം പരത്തുന്ന ദിവ്യരഹസ്യങ്ങളുടെ ഒരു റോസപ്പുഷ്പമായി മറിയത്തെയല്ലയോ നാം കാണുന്നതു്? നാശകാരണമായ നരകസർപ്പത്തിന്റെ തലയെ തകർക്കുന്നവളായി മറിയത്തെയല്ലയോ ദൈവം വാഗ്ദാനം ചെയ്യുന്നതു്? ആദ്യപറുദീസാനഷ്ടത്തിന്റെ രംഗത്തെത്തുടർന്നു സ്വർഗ്ഗസൗരഭ്യം വിതറുന്ന ദിവ്യരഹസ്യം നിറഞ്ഞ റോസപ്പുഷ്പത്താൽ സമലംകൃതമാകുന്ന രണ്ടാമത്തെ പറുദീസാ വിഭാവനം ചെയ്യപ്പെടുന്നു. അവിടെ വച്ചുതന്നെ അനന്തനന്മയാകുന്ന ദൈവത്തിന്റെ കാരുണ്യം മൊട്ടിട്ടുകഴിഞ്ഞു. നിരവധി രഹസ്യങ്ങളുടെ അടുക്കുകൾക്കുള്ളിലായി. പ്രഭാതത്തിന്റെ പ്രശാന്തതയിൽ, ഉദിച്ചുയരുന്ന കുട്ടിസൂര്യന്റെ കിരണകന്ദളങ്ങളേററു, സ്വർഗ്ഗീയമഞ്ഞിന്റെ കുളിർമ്മയിൽ ആ മൊട്ടു സാവധാനം പ്രഫുല്ലമാവുകയാണു്. അതിന്റെ ദലപല്ലവങ്ങൾ ഒന്നൊന്നായി വിടരുന്ന കാഴ്ച എത്ര നയനാനന്ദകരമാണു്? ഇപ്രകാരംതന്നെ വേദാഗമങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ദിവ്യരഹസ്യങ്ങളെ ഒന്നൊന്നായി തരണം ചെയ്തുകൊണ്ടു ദൈവരഹസ്യം നിറഞ്ഞ റോസപ്പുഷ്പമാകുന്ന മറിയം കാലത്തിന്റെ പൂർണ്ണതയിൽ വികസിതമാകുന്ന കാഴ്ച ഏതൊരു നയനങ്ങളെയാണു് ആനന്ദം കൊള്ളിക്കാത്തതു്? പറുദീസായുടെ കവാടത്തിൽ മുളയെടുത്ത ഈ പ്രതീക്ഷാസുമം യൊവാക്കീമിന്റേയും അന്നായുടേയും ദാമ്പത്യോപവനത്തിൽ മൊട്ടിട്ടു നസ്രത്തിലെ ചെറുഭവനത്തിൽ മാലാഖായുടെ മംഗലവാർത്തയിൽ വിടർന്നു ദിവ്യരക്ഷകനോടുകൂടി വികസിച്ചു സ്വർഗ്ഗീയാരാമത്തിൽ നാകത്തിന്റേയും ലോകത്തിന്റേയും ആസ്വാദനത്തിനുവേണ്ടി സൂക്ഷിക്കപ്പെട്ടിരിക്കുകയാണു്. ഈ സുമത്തിൽനിന്നു പ്രവഹിക്കുന്ന സൗരഭ്യമാണു് വിശുദ്ധന്മാരെ പ്രചോദിപ്പിക്കുന്നതും, പാപികളെ സമാകർഷിക്കുന്നതും, ദുർബ്ബലരെ ശക്തിപ്പെടുത്തുന്നതും. ഈ പുഷ്പത്തിന്റെ മനോഹാരിതയിലാണു് സ്വർഗ്ഗീയപറുദീസ ആനന്ദം കൊള്ളുന്നതു്.

ഇപ്രകാരം സൃഷ്ടിയിലുള്ള ദൈവരഹസ്യങ്ങളെ സംഗ്രഹിച്ചു സമാകർഷകമായി വിടർന്നു വികസിച്ചുകൊണ്ടിരിക്കുന്ന അഭൗമപറുദീസായിലെ സുരഭിലകുസുമമായ മറിയത്തെ നോക്കി ഹൃദയാനന്ദത്തോടുകൂടി നമുക്കു പ്രാർത്ഥിക്കാം:-

## ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന റോസപ്പുഷ്പമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

—o—

## അടുത്ത ആഴ്ചയിൽ

സെപ്റ്റംബർ

9 വ്യാ: യോഹന്നാൻമാംദാനയുടെ ശിരച്ഛേദം
10 വെ: നിക്കൊളാവോസ് തൊലെന്തീനോസ്
11 ശ: പ്രോത്താസും ഹ്യാസിന്തോസും
12 ഞാ: പന്തക്കുസ്ത 14-ാംഞായർ മറിയത്തിന്റെ തിരുനാമം
13 തി: അമാത്തൂസ്
14 ചൊ: കുരിശിന്റെ പുകഴ്ച
15 ബു: മാതാവിന്റെ ഏഴു വ്യാകുലങ്ങൾ

## ഇടവകവാർത്തകൾ

**അരുവിത്തുറ:** അമേരിക്കൻ കത്തോലിക്കരുടെ ഔദാര്യഫലമായി ഇൻഡ്യക്കു ലഭിച്ചിരിക്കുന്ന പാൽപ്പൊടി ഓരോ രൂപതകൾ വഴി നാടാകെ സാധുക്കൾക്കു വിതരണം ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. സ്ഥലം സെൻ തോമസ് മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ കാർഡ് അടിസ്ഥാനത്തിൽ സെപ്റ്റംബർ അഞ്ചാംതീയതി മുതൽ സ്ഥലത്തെ സാധുക്കളുടെ ഇടയിലും അതു വിതരണംചെയ്തുവരുന്നു.

**ഇരിഞ്ഞാലക്കുട:** മരിയൻ വത്സരം പ്രമാണിച്ച് സ്ഥലം ഫാത്തിമാബാലസംഘത്തിൽ നിന്നു് പരിശുദ്ധപിതാവിനു് സമർപ്പിക്കുവാനുള്ള സുകൃതമഞ്ജരിയുടെ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു.

**പുളിലകുന്നു:** ഇവിടെ സെൻറു് ആൻറണീസ് അനാഥശാലയിൽ ഫാത്തിമാബാലസംഘത്തിൻെറ ഒരു ശാഖ സ്ഥാപിച്ചിരിക്കുന്നു. ഇവിടത്തെ കുട്ടികൾ മരിയൻവത്സരം പ്രമാണിച്ച് സുകൃതമഞ്ജരി ശേഖരിക്കുന്നുണ്ടു്.

**ആനിക്കാട്:** സ്ഥലം ചെറുപുഷ്പമിഷൻലീഗു് കഴിഞ്ഞ ഒരു കൊല്ലത്തിൽ 2000 രൂപായോളം മിഷൻകാര്യങ്ങൾക്കായി വിനിയോഗിച്ചിരിക്കുന്നു. ഈ വർഷത്തിൽ 14 ദൈവവിളികൾ ഈ ഇടവകയിൽനിന്നും ഉണ്ടായിട്ടുള്ളതു് ലീഗിൻെറ പ്രവർത്തനനേട്ടങ്ങളിൽ ഒന്നുമാത്രമാണു്.

**പാലയൂർ:** സ്ഥലം ഫൊറോനാപ്പള്ളിയിലെ സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിൻേറയും മരിയസഖ്യത്തിൻേറയും സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു- റൈററു് റവ. മോൺ. എസ്. ചിറയത്തു് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ആഘോഷിച്ചു. റവ. ഫാദർ ആൻറണി മാളിയേക്കൽ ബി. എ. എൽ. പിഎച്ച്. എൽ. ഡി. അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു.

**മേവെള്ളൂർ:** മഹാവന്ദ്യദിവ്യ ശ്രീ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ പ്രമാണിച്ച് ആഗസ്റ്റ് 28-ാംനു- സ്ഥലം മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗംകൂടി. റവ. ഫാദർ തോമസു് പയ്യപ്പിള്ളി ആദ്ധ്യക്ഷം വഹിച്ചു. മെ. പി. വി ജോർജ്, പി. കെ. ദേവസ്യാ, എൻ. പി. വക്കീ എന്നിവർ പ്രസംഗിച്ചു.

**മരുതോംകര:** ആഗസ്റ്റ് 15-ാംനു- രാവിലെ സ്ഥലം സ്കൂൾ മൈതാനത്തു് ഭാരതസ്വാതന്ത്ര്യദിനം പ്രമാണിച്ച് അദ്ധ്യാപകാദ്ധ്യേതാക്കൾചേർന്നു് ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ദേശീയഗാനാലാപം, പതാകഉയർത്തൽ, പതാകവന്ദനം എന്നീ ചടങ്ങുകൾ നടത്തി. വൈകിട്ടു് 4 മണിയോടുകൂടി ഇടവകാതിർത്തിയിൽപ്പെട്ട കുണ്ടുതോടു് എന്ന സ്ഥലത്തു് പുതിയതായി സ്ഥാപിതമായിരിക്കുന്ന കപ്പേളയുടെ വെഞ്ചരിപ്പും പ്രഥമപൂജാർപ്പണവും സ്ഥലത്തു് പണിയാരംഭിച്ചിരിക്കുന്ന സ്കൂൾകെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മവും പുതിയ വികാരി റവ. ഫാദർ എപ്പിഫാനോസു് ടി. ഒ. സി. ഡി. അവർകൾ നിർവ്വഹിച്ചു. തദവസരത്തിൽ റവ. ഫാദർ അർണോൾസു് ടി. ഒ. സി. ഡി. ഒരു പ്രസംഗം ചെയ്തു.

**ആലങ്ങാട്:** ഇൻഡ്യയുടെ സ്വാതന്ത്ര്യദിനവും പരി. കന്യകാമറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാളുമായ ആഗസ്റ്റ് 15-ാംനു- മരിയസഖ്യാംഗങ്ങളുടെ ആഭിമുഖ്യത്തിൽ കൊണ്ടാടി. കാലത്തു് സഖ്യാംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും, പ്രദക്ഷിണവും നടന്നു. ഉച്ചതിരിഞ്ഞു് മൂന്നരമണിക്കു് റവ. ബ്ര. സിറിയക്കു് ബി. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു. റവ. ബ്ര. ജോർജ് കോട്ടയ്ക്കൽ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു് സഖ്യാംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

**കലയന്താനി:** ഈ ഇടവകയിൽ പ്രവർത്തിച്ചുവരുന്ന സൊഡാലിററി സംഘടനയുടെ ആഭിമുഖ്യത്തിൽ മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച്, സംഘടനാഡിറക്ടർ ബ. മൊതകുന്നേൽ ഗീവറുഗീസച്ചൻെറ അദ്ധ്യക്ഷതയിൽ 15-ാം തീയതി ഒരു യോഗംചേർന്നു. മി. കെ. സി. ജോസഫ് സദസ്സിനു് സ്വാഗതമാശംസിച്ചു. മെ. ററി. ററി. സെബാസ്റ്റ്യൻ, ഒ. എം. ഏലിയാമ്മ എന്നിവർ ഓരോ പ്രസംഗംചെയ്തു. മിസു് കെ. എം. ആഗ്നസിൻെറ കൃതജ്ഞതാപ്രകടനത്തിനുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

**കുടമാളൂർ:** അമേരിക്കൻ കത്തോലിക്കരിൽനിന്നും സംഭാവനയായി ലഭിച്ച പാൽപ്പൊടി 14-ാംനു- ശനിയാഴ്ച സ്ഥലം വിൻസെൻറു് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ നാനാജാതിമതസ്ഥരായ ആയിരത്തിലധികം സാധുക്കൾക്കു വിതരണം ചെയ്യപ്പെട്ടു.

**തെ. പറവൂർ:** സ്ഥലം മരിയൻസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഘോഷയാത്രയും റവ. ഫാദർ പോൾ തച്ചിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഹോളിഫാമിലി എം. പി. സ്കൂൾഹാളിൽ പൊതുയോഗവും നടന്നു. ശ്രീ ജോസഫ് സി. മലമേലും കുമാരി കെ ജെ. മേരിയും പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു് സഖ്യാംഗങ്ങളുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**അയമന്തൂർ:** അമേരിക്കൻ കത്തോലിക്കരുടെ സംഭാവനയായി ഇവിടെ കിട്ടിയ പാൽപ്പൊടി പാലാക്കി ജാതിമതഭേദമില്ലാതെ ദിവസംപ്രതി ഇരുനൂറിൽപ്പരം സാധുകുടുംബങ്ങൾക്കു് സ്ഥലം

## കർദ്ദിനാൾ ഷൂസ്റ്റർ തിരുമേനി
### നിര്യാതനായി

മിലാനിലെ മെത്രാപ്പോലീത്തായായിരുന്ന അത്യുന്നത കർദ്ദിനാൾ ആൽഫ്റെഡോ ഇൽഡഫോ



ൻസോ ഷൂസ്റ്റർ തിരുമേനി ആഗസ്റ്റ് 30-ാംനു- നിര്യാതനായി. അദ്ദേഹത്തിനു് 74 വയസ്സു പ്രായമുണ്ടായിരുന്നു. ഇപ്പോൾ കർദ്ദിനാൾ സംഘത്തിൽ 68 കർദ്ദിനാളന്മാർ മാത്രമേ ശേഷിച്ചിട്ടുള്ളു.

---

പള്ളിവികാരിയുടെ മേൽനോട്ടത്തിലും വിൻസെൻറു് ഡിപോൾ സംഘാംഗങ്ങളുടെ സഹകരണത്തിലും വിതരണം നടത്തിവരുന്നു.

**ആരമാന്തൂർ:** പരിശുദ്ധ കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണതിരുനാൾ പ്രമാണിച്ചു മുളന്താനത്തു് കുന്നേൽപള്ളിയിൽവച്ചു അനേകം സാധുക്കൾക്കു് ഫാദർ ജേക്കബ് ചുണ്ടേവാലേൽ അവർകളുടെ മേൽനോട്ടത്തിൽ പാൽപായസവിതരണം നടത്തിയിരിക്കുന്നു.

**എടക്കുന്നു:** ഈ ഇടവകയിലെ സെൻറു് വിൻസെൻറു് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 8-ാംനു- ഉദ്ദേശം ഇരുനൂറോളം സാധുക്കൾക്കു് വിഭവസമൃദ്ധമായ ഭക്ഷണം നൽകിയിരിക്കുന്നു.

**തച്ചപ്പുഴ:** സ്ഥലം നെയ്യാറ്റുശ്ശേരിയിലെ പ്രകൃതിരമണീയമായ കുന്നിൻപുറത്തു് സ്ഥലവാസികളുടെ പരിശ്രമഫലമായി അത്ഭുതപ്രവർത്തകനായ വി. ഗീവറുഗീസു് സഹദായുടെ നാമത്തിൽ പണിയാൻപോകുന്ന പുതിയപള്ളിയുടെ ശിലാസ്ഥാപനകർമ്മം ആഗസ്റ്റ് പതിനഞ്ചാംതീയതി റവ. ഫാദർ ജോസഫ് ആലുങ്കൽ അനേകശതം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ റവ. ഫാദർ അബ്രാഹം നെടുംതകിടി അവർകൾ ഉത്തേജകമായ ഒരു പ്രസംഗംചെയ്തു.

**ചൊവ്വര:** പരിശുദ്ധകന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണവും സ്വാതന്ത്ര്യദിനവും എടനാടു യൂണിയൻ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. കാലത്തു് ഡോ. വാരിയർ പതാക ഉയർത്തി. അതിനുശേഷം കുട്ടികൾക്കു മധുരപലഹാരങ്ങൾ വിതരണം ചെയ്യപ്പെട്ടു. തദനന്തരം സത്യദീപം പത്രാധിപർ, റവ. ഫാദർ ജോസഫ് വിതയത്തിൽ ക്ലബംഗങ്ങൾ ആരംഭിച്ചിരിക്കുന്ന "നവോദയം" എന്ന കൈയെഴുത്തുമാസികയുടെ ഉൽഘാടനം നടത്തി. പിന്നീടു് ശ്രീമാന്മാർ കെ. പി. ഉറുമീസ് എം.എൽ. എ, കെ. സി. എം. മേത്തർ എന്നിവർ പ്രസംഗിച്ചു.

**പുത്തൂക്കാട്:** സ്ഥലം മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളും ഭാരതസ്വാതന്ത്ര്യദിനവുമായ ആഗസ്റ്റ് 15-ാംനു- വിവിധപരിപാടികളോടുകൂടി റവ. ഫാദർ ജേക്കബ് പാലക്കലിൻെറ മഹനീയാദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. സഖ്യാംഗങ്ങളായ മെ. ആൽഫ്റഡ് കയ്യാലക്കൽ, വർഗ്ഗീസു് മാണിയാക്കു, യു. എൻ. ആൻറണി പി. വി. ക്ലാര മുതലായവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

**കരാഞ്ചിറ:** സ്ഥലം സെൻറു് ജോർജ്ജ് ക്ലാരമഠത്തോടനുബന്ധിച്ച വി. പത്താംപീയൂസിൻെറ നാമത്തിൽ പണിതുവരുന്ന ദേവാലയത്തിൽ പുണ്യവാൻെറ തിരുനാൾ പ്രമാണിച്ച് ആഗസ്റ്റ് 20-ാം തീയതി തൃശ്ശൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് ദിവ്യപൂജ അർപ്പിച്ചു. പുണ്യവാൻെറ വ്യക്തിമാഹാത്മ്യത്തെപ്പററി മെത്രാൻ തിരുമേനി കുർബാനമദ്ധ്യേ ജനങ്ങളെ ഉൽബോധിപ്പിക്കുകയുണ്ടായി. തിരുമേനിയുടെ കാർമ്മികത്വത്തിൽ വി. കുർബാനയുടെ വാഴ്വു നടത്തപ്പെട്ടു. തുടർന്നു റവ. ഫാദർ അഗസ്റ്റിൻ തട്ടിൽ ബി. എ. പുണ്യവാൻെറ ജീവിതത്തെ ആസ്പദമാക്കി തിരുനാൾ പ്രസംഗം നിർവ്വഹിച്ചു. പുണ്യവാൻെറ തിരുശേഷിപ്പു പൊതുജനങ്ങളെ മുത്തിക്കുകയുമുണ്ടായി.

—o—

## തൃശ്ശൂർരൂപതയിലെ
### കത്തോ. പ്രവർത്തക സമിതി

തൃശ്ശൂർ രൂപതയിലെ വിവിധ കത്തോലിക്കാ പ്രവർത്തനസംഘങ്ങളുടെ—ക. പ്ര. സംഘടന, മരിയാസഖ്യം, വിൻസെൻറു് ഡി പോൾ സംഘം, ഫ്റാ. മൂന്നാം സഭ, കർമ്മലീത്താ മൂന്നാംസഭ, സി. വൈ. എം. എ., യൂനിവേർസിററി ക. വി. സംഘടന, ന്യൂമൻ അസോസിയേഷൻ, എം. സി. എസ്സ്. എൽ., ലീജിയൻ ഓഫ് മേരി, സി. ഇ. സി—പ്രതിനിധികൾ മെത്രാസനമന്ദിരത്തിൽ 29-8-54 ഞായറാഴ്ച 3 മണിക്കു് രൂപതാദ്ധ്യക്ഷൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. മോൺ. ചിറയത്തു്, വെരി റവ. ഫാ. ജോൺ അക്കര, ഫാ. ലാസർ ടി. ഒ. സി. ഡി., ബ. സക്കറിയാസ് വാഴപ്പിള്ളി, ബ. പോൾ ചിററിലപ്പിള്ളി, ബ. മാത്യൂ മുരിങ്ങത്തേരി, ബ. തേർമഠം, ബ. ഇ. പാലത്തിങ്കൽ എന്നീ വൈദികരും, ഷെവ. ജോസഫ് പെട്ട, ശ്രീ പി. ഡി, തൊമ്മൻ, ശ്രീ പി. വി. റാഫേൽ മുതലായ അൽമായപ്രമുഖരും കൂടി 37 പേർ യോഗത്തിൽ സന്നിഹിതരായിരുന്നു. ശ്രീ സി. എ. പോൾ ജ. സെക്രട്ടറി ക. പ്ര. സംഘടന പ്രതിനിധികൾക്കും മററും സ്വാഗതമാശംസിച്ചു. ഷെവ. പെട്ട വിജ്ഞാനപ്രദമായ ഒരു പ്രസംഗംചെയ്തു. മററു പലരുടേയും അഭിപ്രായപ്രകടനങ്ങൾക്കുശേഷം ക. പ്രവർത്തനസംബന്ധമായി ഒരു രൂപതാ ക. പ്രവർത്തകസമിതി സ്ഥാപിക്കണമെന്നും, അതിനോടു ബന്ധംപുലർത്തത്തക്കവണ്ണം ഓരോ ഇടവകയിലും അതതിലുള്ള ക. പ്രവർത്തനസംഘങ്ങളുടെ പ്രതിനിധികൾ ചേർന്നു് ഒരു ഇടവകബോർഡുവിതം ഉണ്ടായിരിക്കണമെന്നും മററും പ്രായോഗികമായ പ്രമേയങ്ങൾ പാസാക്കി. പൊതുനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി നിയമാവലി യുണ്ടാക്കുവാൻ ഒരു കമ്മിററിയെ നിശ്ചയിച്ചു. നിയമാവലി എത്രയുംവേഗത്തിൽ തയ്യാറാക്കി മെത്രാനച്ചൻ തിരുമനസ്സിലേക്കു സമർപ്പിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടു് യോഗം പിരിഞ്ഞു.

## മിഷനറിയൂണിയൻ
## പ്രസിഡൻറ്

ഇററലിയിലെ വൈദികരുടെ മിഷനറി യൂണിയൻ പ്രസിഡൻറായി നേപ്പിൾസിലെ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ മിമ്മി തിരുമേനിയെ മാർപ്പാപ്പാ കല്പിച്ചുനിയമിച്ചിരിക്കുന്നു. ഈ സംഘടനയ്ക്കു ഇററലിയിൽ തന്നെ 40000 അംഗങ്ങളുണ്ടു്. ലോകത്തിലാകെ അംഗസംഖ്യ 300,000 ആണു്.

## 31ലക്ഷംസന്ദർശകർ

മരിയവത്സരത്തിൻെറ ആദ്യത്തെ ആറുമാസത്തിൽ 31 ലക്ഷത്തിൽപ്പരം സന്ദർശകർ വിദേശങ്ങളിൽനിന്നു ഇററലിയിൽ വന്നിട്ടുണ്ടെന്നു് ഇററാലിയൻ ടൂറിസ്റ്റ് ബ്യൂറോ ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തെക്കാൾ ഈ സംഖ്യ 5 ലക്ഷത്തിൽപ്പരം അധികമാണു്.

## സംഭാവന

ഉത്തരബീഹാറിലെ ജലപ്രളയത്തിൽ സർവ്വസ്വവും നശിച്ച ജനങ്ങൾക്കു് നൽകുന്നതിനു ഒന്നരലക്ഷം കവിലയ്ക്കുള്ള പാൽപൊടി അമേരിക്കയിലെ കാത്തലിക്കു് വെൽഫെയർ കൗൺസിൽ ബീഹാറിലെ മുഖ്യമന്ത്രിക്കു് അയച്ചുകൊടുത്തിരിക്കുന്നു.


## "ഗർഭധാരണംമൂലം 2 ലക്ഷം മാതാക്കൾ നഷ്ടപ്പെടുന്നു"

അനേകവർഷങ്ങളായി സ്ത്രീലോകത്താൽ ആദരിക്കപ്പെട്ടുപോരുന്ന "പ്രഗ്നോൾ" ഉപയോഗിച്ചാൽ, ഗർഭിണികൾക്കുണ്ടാകാവുന്ന തലകറക്കം, ഛർദ്ദി, തളർച്ച, അഗ്നിമാന്ദ്യം, കൈകാൽ കഴപ്പ്, വായുക്ഷോഭം, നെഞ്ചിടിപ്പ്, രുചിയില്ലായ്മ, മൂത്രതടസ്സം മുതലായ ഉപദ്രവരോഗങ്ങളെ ശമിപ്പിച്ചും ഗർഭം അലസിപ്പോകാതെ സംരക്ഷിച്ചും, മാതാവിനും പ്രജക്കും നല്ല ആരോഗ്യത്തെ പ്രദാനം ചെയ്യുന്ന




ആവ്സൺസ്

# പ്രഗ്നോൾ

### വിദഗ്ദ്ധ വൈദ്യാഭിപ്രായം

"പ്രഗ്നോൾ" ഞാൻ അനവധി രോഗികളിൽ പരീക്ഷിച്ചുനോക്കിയതിൽ അതിശയനീയമായ ഫലസിദ്ധിയുണ്ടായി. ഗർഭകാലത്തുള്ള ഇതിൻെറ ഉപയോഗം ഗർഭിണികളിൽ സുഖാനുഭവത്തെ ഉളവാക്കുന്നു. ഈ ടേബ്ലററ്സു് എല്ലാ ഗർഭിണികൾക്കും സുരക്ഷിതമായി ശുപാർശചെയ്യുവാൻ എനിക്കു കഴിയും.

ഡോക്ടർ മിസ്സിസ് പുന്നൻ ലൂക്കോസ്, B. A., M. B. B. S., (London), L. M. (Rot.), R. M. O. G. Rtd. സർജൻ ജനറൽ

എല്ലാം പ്രധാന മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

Distributors for T. C. State:- **MODERN TRADERS, Alleppey**

തിരുസഭാചരിത്രം 43

# കോൺസ്റ്റാൻഷ്യസും വിശ്വാസത്യാഗിയായ ജൂലിയനും

(പ്രഫസർ പി. ററി. തോമസ് എം. എ.)

കോൺസ്റ്റൻറയിൻെറ മൂന്നു പുത്രന്മാരിൽ കോൺസ്റ്റാൻഷ്യസു (Constantius) ആണു് ഏററം അധികകാലം (337—361) സാമ്രാജ്യഭരണം നടത്തിയതു്. അവസാനത്തെ പത്തു സംവത്സരം അദ്ദേഹം സാമ്രാജ്യത്തിൻെറ മുഴുവൻ അധിപനായിരുന്നു. ബഹുദൈവമതത്തെ നിർമ്മാർജ്ജനം ചെയ്തു് ക്രിസ്തുമതത്തെ പ്രചരിപ്പിക്കുന്നതിനു് കഴിവുള്ളതെല്ലാം അദ്ദേഹം ചെയ്തു. പുരാതനമതപ്രകാരമുള്ള ബലികൾ നടത്തുന്നതു് മരണശിക്ഷയെ അർഹിക്കുന്ന ഒരു കുററമായി പ്രഖ്യാപിക്കപ്പെട്ടു. ഏ. ഡി. 353-ൽ ബഹുദേവക്ഷേത്രങ്ങൾ എല്ലാം അടച്ചുപൂട്ടുവാനോ, നശിപ്പിക്കുവാനോ അല്ലെങ്കിൽ മററാവശ്യങ്ങൾക്കായി വിനിയോഗിക്കുവാനോ, ചക്രവർത്തി കല്പനനൽകി. ഈ കർശനനടപടികൾ ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കുന്നതിനു പകരം നാശോന്മുഖമായിരുന്ന ബഹുദൈവമതത്തിൻെറ ആയുസ് അല്പംകൂടി ദീർഘിപ്പിക്കുവാൻ ഉപകരിച്ചതേ ഉള്ളൂ. പഴയമതത്തിൻെറ തണലിൽ സുഖമായി കഴിഞ്ഞുകൂടിയിരുന്ന പുരോഹിതന്മാർ, അദ്ധ്യാപകന്മാർ, കലാകാരന്മാർ തുടങ്ങിയവർ അവരുടെ അസ്തിത്വംതന്നെ അപകടത്തിലാകുമെന്നുകണ്ടു് ശക്തിയായ ഒരു പ്രതിരോധത്തിനു വട്ടംകൂട്ടി. ചക്രവർത്തി വിദ്യാഭ്യാസവിഷയത്തിൽ സ്വീകരിച്ച ബുദ്ധിശൂന്യമായ നയം ക്രിസ്തുമതത്തിനുതന്നെ ഹാനികരമായി ഭവിച്ചു. സാമ്രാജ്യത്തിലെ ഉന്നതവിദ്യാലയങ്ങളിലെല്ലാം ക്രിസ്തുമതത്തിൻെറ ബദ്ധവിരോധികളായ പണ്ഡിതന്മാർക്കും പ്ലേറേറായുടെ സിദ്ധാന്തങ്ങളിൽ വിശ്വസിച്ചിരുന്ന തത്വശാസ്ത്രജ്ഞന്മാർക്കും (Neo-Platonists) സ്വൈര്യമായി അദ്ധ്യാപനം നടത്തുന്നതിനു് ചക്രവർത്തി അനുവദിച്ചു. ഇക്കൂട്ടർ ബഹുദൈവമതസിദ്ധാന്തങ്ങൾക്കു് ഉന്നതമായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ടു് സംസ്കൃതചിത്തരായ ആളുകളെ അതിലേക്കാകർഷിച്ചു. തദ്ഫലമായി പുരാതനമതത്തിൻെറ ഒരു നവോത്ഥാനം സംഭവിക്കുന്നതിനിടയായി. പക്ഷേ അതു് അണഞ്ഞുകൊണ്ടിരുന്ന ദീപത്തിൻെറ അവസാനത്തെ ഉദ്ദീപനം മാത്രമായിരുന്നു.

ഈ നവോത്ഥാനത്തിനു് രാഷ്ട്രീയമായ പിൻബലം നൽകിയതു് വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തിയാണു്. കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ സഹോദരപുത്രനായിരുന്നു ജൂലിയൻ. കോൺസ്റ്റൻറയിൻെറ മരണശേഷം അദ്ദേഹത്തിൻെറ കുടുംബത്തിൽ ഒരു കൂട്ടക്കൊല നടന്നു. കോൺസ്റ്റാൻഷ്യസു് ചക്രവർത്തിയാണു് ഈ ഘോരകൃത്യം നടത്തിയതു്. തൻെറ അടുത്ത ചാർച്ചക്കാരായവരെ ഒട്ടുമുക്കാലും അയാൾ സംഹരിച്ചു. ജൂലിയൻെറ പ്രായക്കുറവു് ഒന്നുകൊണ്ടുമാത്രം അയാൾ വാളിനിരയാക്കപ്പെട്ടില്ല. എങ്കിലും ചെറുപ്പകാലം മുതൽക്കുതന്നെ അയാൾക്കു് കോൺസ്റ്റാൻഷ്യസിൽനിന്നും വളരെ പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. തൻെറ പിതാവിനെയും സഹോദരന്മാരെയും നിഷ്ഠുരണം വധിച്ച കോൺസ്റ്റാൻഷ്യസിനോടു് ജൂലിയൻ ഒടുങ്ങാത്ത വൈരാഗ്യം പുലർത്തിയിരുന്നു അക്കാരണത്താൽ കോൺസ്റ്റാൻഷ്യസിൻെറ പ്രത്യേകമായ സ്നേഹാദരങ്ങൾക്കു് പാത്രീഭവിച്ച ക്രിസ്തുമതത്തെ ജൂലിയൻ കഠിനമായി വെറുക്കുകയും ബഹുദൈവമതത്തോടു് അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു കൂടാതെ അരിയൻ പാഷണ്ഡതമൂലം ക്രിസ്തുമതത്തിലുണ്ടായ ഛിദ്രങ്ങളും പാഷണ്ഡികളായ ചില മെത്രാന്മാരുടെ സ്വഭാവവൈകല്യങ്ങളും അയാളുടെ വെറുപ്പിനെ വർദ്ധമാനമാക്കി. എല്ലാററിലും ഉപരിയായി കുടിലബുദ്ധിയും ബഹുദൈവമതാനുസാരിയുമായ മാർഡോനിയോസ് (Mardonios) എന്ന ഗുരുഭൂതൻെറ ദുഷ്പ്രേരണകളും ജൂലിയൻെറ ക്രിസ്തുമതവിരോധത്തിനു മൂർച്ചകൂട്ടി. ഈ സാഹചര്യങ്ങളുടെ ഫലമായി ജൂലിയൻ താൻ സ്വീകരിച്ച ജ്ഞാനസ്നാനത്തേയും ക്രിസ്തീയ പ്രബോധനങ്ങളെയും വിസ്മരിച്ചുകൊണ്ടു് വിശ്വാസത്യാഗിയായിത്തീർന്നു. പ്രായപൂർത്തിയായ ശേഷം അദ്ദേഹം ആതൻസ് നഗരത്തിലെത്തി അവിടത്തെ ക്രിസ്തുമതവിരോധികളായ പണ്ഡിതന്മാരുടെ കീഴിൽ വിദ്യാഭ്യാസം തുടരുകയും ചെയ്തു. ഏ. ഡി. 355-ൽ ജൂലിയൻ മിലാനിലേക്കു വിളിക്കപ്പെടുകയും അവിടെവച്ചു് "സീസർ" എന്ന സ്ഥാനവും ഗാളിലേയും ഇററലിയിലേയും സൈന്യങ്ങളുടെ നേതൃത്വവും അദ്ദേഹത്തിനുനൽകപ്പെടുകയുംചെയ്തു.

ജൂലിയൻസമർത്ഥനായ ഒരു സേനാനിയും ഭരണകർത്താവുമെന്ന നിലകളിൽ അചിരേണ പ്രസിദ്ധനായിത്തീർന്നു ഗാളിനെ ആക്രമിച്ച ഫ്രാങ്കുവർഗ്ഗക്കാരെ യുദ്ധത്തിൽ പലവട്ടം അദ്ദേഹം തോല്പിച്ചു. ഭരണകാര്യങ്ങളിൽ സ്തുത്യർഹമായ നീതിബോധവും, മിതവ്യയശീലവും, ഊർജ്ജസ്വലതയും പ്രകടിപ്പിച്ചതിനാൽ ജനങ്ങളുടെയും സൈനികരുടെയും അഭിനന്ദനങ്ങൾക്കു് അദ്ദേഹം പാത്രീഭൂതനായി. ഈ ഘട്ടത്തിലാണു് കോൺസ്റ്റാൻഷ്യസ് ചക്രവർത്തി ജൂലിയൻെറ കീഴിലുണ്ടായിരുന്നഏററം നല്ലസൈന്യവിഭാഗങ്ങളെ പേർഷ്യാക്കാർക്കെതിരായി യുദ്ധം ചെയ്യുവാൻ നിയോഗിച്ചുകൊണ്ടു് കല്പന പുറപ്പെടുവിച്ചതു്. ജൂലിയൻെറ സൈന്യങ്ങൾ ഒന്നടങ്കം ഈ കല്പനയെ എതിർക്കുകയും അദ്ദേഹത്തെ ചക്രവർത്തിയായി പ്രഖ്യാപിക്കുകയുംചെയ്തു (ഏ. ഡി. 360). മൂവായിരത്തോളം വരുന്ന ഒരു സൈന്യത്തോടുകൂടി ജൂലിയൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു തിരിച്ചു. കോൺസ്റ്റാൻഷ്യസു് ചക്രവർത്തിയുടെ പെട്ടെന്നുണ്ടായ മരണത്തെപ്പററി ഈ യാത്രാമദ്ധ്യേയാണു് ജൂലിയൻ കേൾക്കാനിടയായതു്. ഉടൻതന്നെ അദ്ദേഹം സ്വയം ചക്രവർത്തിസ്ഥാനം കൈയേററിരിക്കുന്നതായും ബഹുദൈവമതത്തെ ആശ്ലേഷിച്ചിരിക്കുന്നതായും പ്രഖ്യാപനം ചെയ്തുകൊണ്ടു് ദേവന്മാർക്കു ബലിയർപ്പിച്ചു. നശിപ്പിക്കപ്പെട്ട ക്ഷേത്രങ്ങളെല്ലാം പുതുതായി പണിയുന്നതിനും അദ്ദേഹം കല്പനകൊടുത്തു. ഇതേത്തുടർന്നു് ക്രിസ്തുമതത്തെ അമർച്ചചെയ്യുവാൻവേണ്ടിയുള്ള കർശനമായ നടപടികൾ ചക്രവർത്തി കൈക്കൊണ്ടു. ക്രിസ്ത്യാനികൾ അവരുടെ വിദ്യാലയങ്ങളിൽ പുരാതന ഗ്രീക്കുസാഹിത്യം പഠിപ്പിക്കുന്നതിനെ നിരോധിക്കുകയും, അവർ കൈയടക്കിവച്ചിരുന്ന ക്ഷേത്രങ്ങൾ വീണ്ടെടുക്കുകയും, വൈദികർ അനുഭവിച്ചിരുന്ന പ്രത്യേക സൗജന്യങ്ങൾ നിറുത്തൽ ചെയ്യുകയുംചെയ്തു കൂടാതെ ക്രിസ്തുമതത്തിനെതിരായി ഒരു തൂലികാസമരം സമാരംഭിക്കുകയും അതിൽ ചക്രവർത്തിതന്നെ ഊർജ്ജസ്വലമായ ഒരു പങ്കുവഹിക്കുകയും ചെയ്തു.

രക്തപങ്കിലമായ ഒരു മതപീഡനം അഴിച്ചുവിടുന്നതു് ക്രിസ്തുമതത്തിൻെറ ആത്മവീര്യത്തെ കൂടുതൽ ഉത്തേജിപ്പിക്കുകയേ ഉള്ളുവെന്നു് ബുദ്ധിമാനായ ജൂലിയൻ മനസ്സിലാക്കിയിരുന്നു. എന്നാൽ ജനക്കൂട്ടത്തിൻെറ കോപാവേശവും ചില ഉദ്യോഗസ്ഥന്മാരുടെ ക്രിസ്തുമതവിരോധവുംമൂലം കുറേ ക്രിസ്ത്യാനികൾ അക്കാലത്തു് രക്തസാക്ഷികളായി മരിക്കേണ്ടി വന്നിട്ടുണ്ടു്. ബഹുദൈവമതത്തിൻെറ പുനരുജ്ജീവനത്തിലാണു് ചക്രവർത്തി കൂടുതലായി ശ്രദ്ധ ചെലുത്തിയതു്. ക്രിസ്തീയമാതൃകയെ അനുകരിച്ചുകൊണ്ടുള്ള ഒരു പുരോഹിതസമൂഹത്തേയും ആരാധനക്രമത്തേയും ബഹുദൈവമതത്തിൽ സംഘടിപ്പിക്കുവാനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. ജീവിതവിശുദ്ധി, ദൈവഭക്തി, പാണ്ഡിത്യം സഹോദരസ്നേഹം എന്നീ കാര്യങ്ങളിൽ പുതിയ പുരോഹിതവർഗ്ഗം ഒരുയർന്നതോതു പാലിക്കണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു. ബഹുദൈവമതാനുയായികൾ പരസ്നേഹപരമായ പ്രവർത്തനങ്ങളിൽ ജാഗരൂകരായിരിക്കണമെന്നും, ക്രിസ്ത്യാനികളെപ്പോലെ മതപ്രചരണസംരംഭങ്ങളിൽ ഏർപ്പെടണമെന്നും ജൂലിയൻ നിർദ്ദേശിച്ചു. ബഹുദൈവമതത്തിൻെറ ആഭിമുഖ്യത്തിൽ ദൈവശാസ്ത്രവിദ്യാലയങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ മുതലായവ സ്ഥാപിക്കുവാനും ജൂലിയൻ ഏർപ്പാടുചെയ്തു. എന്നാൽ ഈ നവീകരണപരിപാടികൾ കൊണ്ടു് ബഹുദൈവമതത്തെ സജീവമാക്കുവാനോ ജനങ്ങളെ അതിലേക്കാകർഷിക്കുവാനോ ചക്രവർത്തിക്കു കഴിഞ്ഞില്ല. ക്രിസ്തീയ പ്രബോധനങ്ങളുടെ പ്രകാശത്താൽ ദീപ്തമായ മനുഷ്യഹൃദയങ്ങളിൽ അന്ധകാരാവൃതമായ ബഹുദൈവമതത്തിനു് മേലിൽ സ്ഥാനമില്ലെന്നുള്ള നില വന്നുകഴിഞ്ഞിരുന്നു.

ഏ. ഡി. 362-ൽ ജൂലിയൻ പേർഷ്യാക്കാരുമായി യുദ്ധത്തിനു പുറപ്പെട്ടു് അന്ത്യോക്യയിൽ എത്തി താവളമുറപ്പിച്ചു. അപ്പോൾ വിശ്വാസത്യാഗിയായ ചക്രവർത്തിയുടെ ഹൃദയത്തിൽ ഒരു മോഹമുദിച്ചു. റോമാക്കാർ നശിപ്പിച്ച യറുശലേമിലെ പുരാതന ക്ഷേത്രത്തെ പുതുക്കിപ്പണിയിച്ചു് ക്രിസ്തുവിൻെറ പ്രവചനത്തെ അസാധുവാക്കണമെന്നു്. അതിനുവേണ്ടി ജൂലിയൻ വേലക്കാരെ നിയോഗിച്ചു എന്നാൽ അവിടെയും അദ്ദേഹത്തിനു ദയനീയമായ പരാജയമാണു നേരിട്ടതു്. പ്രസ്തുത സംഭവത്തെപ്പററി അമ്മിയാനുസ് മാർസലീനസു് (Ammianus Marcellinus) എന്ന അക്രൈസ്തവചരിത്രകാരൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "പുതിയ ക്ഷേത്രത്തിൻെറ അടിത്തറ കെട്ടുവാനുള്ള പണികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഭൂമിയിൽനിന്നും ഭയങ്കരങ്ങളായ അഗ്നിഗോളങ്ങൾ പുറപ്പെടുകയായി. അവയുടെ ചൂടേററു് ജോലിക്കാരുടെ ശരീരങ്ങൾ കരിഞ്ഞുപോയി. പലപ്രാവശ്യം ശ്രമിച്ചുനോക്കിയെങ്കിലും ആർക്കും ആ സ്ഥലത്തെ സമീപിക്കുന്നതിനു കഴിഞ്ഞില്ല."

ഏ. ഡി. 363-ൽ ചക്രവർത്തി പേർഷ്യാക്കാരുടെ നേരെ ആക്രമണം ആരംഭിച്ചു. ആദ്യം ചില നേട്ടങ്ങൾ ഉണ്ടായിയെങ്കിലും പിന്നീടു് ജൂലിയൻ പിൻവാങ്ങുവാൻ നിർബന്ധിതനായി. ടൈഗ്രീസ് (Tigris) നദീതടത്തിൽകൂടി നീങ്ങിക്കൊണ്ടിരിക്കുമ്പോൾ പേർഷ്യക്കാരുടെ ഒരു അശ്വസൈന്യവുമായുണ്ടായ ഏററുമുട്ടലിൽ ജൂലിയനു മരണകരമായി മുറിവേററു. കുതിരപ്പുറത്തുനിന്നും ഒരു വശത്തേക്കു വീഴുന്നതിനിടയ്ക്കു് അദ്ദേഹം ഇപ്രകാരം ഏററുപറഞ്ഞതായി വിശ്വസിക്കപ്പെടുന്നു: "അല്ലയോ ഗലീലേയാ, നീ വിജയം വരിച്ചിരിക്കുന്നു."

—o—

സംഭവകഥ



# "സത്യദീപം" പ്രകാശം നൽകി

(അനുഭവസ്ഥൻ)

അന്നു് ഞാൻ "പുതൃക്കായിൽ" മിഷ്യൻസ്ഥലത്തു് നാലുമണിക്കാപ്പിയും കഴിഞ്ഞു് വിശ്രമിച്ചിരിക്കുകയായിരുന്നു. അപ്പോൾ വിയർത്തൊലിച്ചു് ഒരു സൈക്കിളും ഉന്തിക്കൊണ്ടു് റവ. ഫാദർ ജോൺ കച്ചിറമററം അവിടെ എത്തി. മിഷ്യൻസ്ഥലത്തുവച്ചു സാധിക്കുന്നവിധം ഞാൻ അദ്ദേഹത്തെ സല്ക്കരിച്ചു. യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ, "ഞാനൊരു വലിയ മത്സ്യത്തിനു വലയിടാൻ പോകയാണു്; ഒന്നു പ്രാർത്ഥിക്കണമെ" എന്നു് സ്വതസിദ്ധമായ പുഞ്ചിരിയോടുകൂടി അദ്ദേഹം ഈയുള്ളവനോടാവശ്യപ്പെട്ടു. "ഈ വലിയ മത്സ്യം ഏതായിരിക്കുമെന്നുള്ള ചോദ്യത്തിനു മറുപടിയായി "കണ്ടനാട്ടുകാരൻ സൈമൻ കോർഎപ്പിസ്ക്കോപ്പാ" എന്നു പറയുകയും ചെയ്തു. "ഏതപ്പാ കോതമംഗലം" എന്നൊരു വാക്യമാണു് എൻെറ മനസ്സിൽ പെട്ടെന്നുദിച്ചതു്. അങ്ങിനെ അന്നു ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

* * *

ഏതാണ്ടു് ഒരു കൊല്ലം കഴിഞ്ഞു് പത്രങ്ങളിൽ കണ്ടു സൈമൻ കോർ എപ്പിസ്ക്കോപ്പാ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുവെന്നു്. ഉടൻതന്നെ, ആളെ നേരിട്ടറിയുകയില്ലെങ്കിലും ഉപചാരരീത്യാ ഒരു അനുമോദനക്കത്തു് അദ്ദേഹത്തിനു് ഈയുള്ളവൻ അയച്ചു ഇതിനു് അദ്ദേഹത്തിൻെറ ഭാവിപരിപാടികളെ വിവരിക്കുന്നതായ ഒരു മറുപടിയും ലഭിച്ചു.

ഉദ്ദേശം നാലുമാസം കഴിഞ്ഞു് മാർ സേവേറിയോസ്സിൻെറ നേതൃത്വത്തിൽ കുന്നംകുളത്തൊരു പ്രസംഗപരമ്പര നടന്നു. അ[illegible]ൽ സംബന്ധിച്ച പ്രശസ്താതിഥികളുടെ കൂട്ടത്തിൽ നമ്മുടെ സൈമൺ കോറെപ്പിസ്ക്കോപ്പായും ഉണ്ടായിരുന്നു. ഞാനദ്ദേഹത്തെ സമീപിച്ചു് പലതും സംസാരിച്ചു. അവസാനം എന്താണു പുനരൈക്യത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു ജിജ്ഞാസാപൂർവ്വം ചോദിച്ചപ്പോൾ അദ്ദേഹം ദൃഢമായി പറഞ്ഞ മറുപടി എന്നെ അത്ഭുതവിവശനാക്കി. അതിവിടെപ്രസ്താവിക്കുന്നതു് സത്യദീപത്തിൻെറ "സൗജന്യവിതരണഫണ്ടി"നെ സഹായിക്കുന്നതിനു മാന്യവായനക്കാർക്കു ഒരു പ്രേരണക്കൂടെയാകുമെന്നു വിശ്വസിച്ചുകൊള്ളുന്നു.

* * *

ഒരു ദിവസം ചങ്ങനാശ്ശേരിക്കാരനായ ഒരു കച്ചവടക്കാര


## പണ്ടത്തെ 5ക. = ഇന്നത്തെ 50ക.

ഇന്നത്തെ 50ക. ക്കു് 500 ക. വിലവരുന്ന കാലം വിദൂരമല്ലാ. ഉല്പന്നങ്ങളുടെ വിലയിടിവു് ഇതിൻെറ ഒരു നാന്ദിയാണു്. കൈവശമുള്ള പണം പണമായിട്ടുതന്നെ സൂക്ഷിക്കുന്നതാണു് ഇന്നു് ഏററവും ആദായകരം.

— എന്നാൽ —

പണം സ്വയം സൂക്ഷിക്കുന്നതു് സുരക്ഷിതമല്ലാ.
അതു് രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിയെ തടയുകയുംചെയ്യും.
നിങ്ങളുടെ നിക്ഷേപങ്ങൾക്കു്

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

അവിടെ നിങ്ങളുടെ ധനം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കും.
അതു് നാടിൻെറ സാമ്പത്തികാഭിവൃദ്ധിയെ സഹായിക്കുകയും ചെയ്യും.

പലിശനിരക്കു്:

| | | | |
|---|---|---|---|
| കറൻറു് ഡെപ്പോസിററു് | 1½% | 1 വർഷത്തെ സ്ഥിരനിക്ഷേപം | 4½% |
| സേവിംഗ്സ് ബാങ്കു് " | 3 % | 2 " " | 5 % |
| 15 ദിവസത്തെ നോട്ടീസ് " | 4 % | 3 " " | 5½% |

ബ്രാഞ്ചുകൾ:- ആലുവാ, അങ്കമാലി, എറണാകുളം, പെരുമ്പാവൂർ, ചാലക്കുടി.

K. P. HORMIS B. A., B. L., M. L. A.
Managing Director

ന്റെ മണിപേഴ്സ് ബോട്ടിൽ വച്ചു നഷ്ടപ്പെട്ടു. കടം ചോദിക്കുവാനുള്ള മടിനിമിത്തം അയാൾ കാൽനടയായിത്തന്നെ ചങ്ങനാശ്ശേരിക്കു തിരിച്ചു. സന്ധ്യയായപ്പോൾ കണ്ടനാരട്ടത്തി രാത്രി കഴിക്കുന്നതിനായി കയറിച്ചെന്നതു് നമ്മുടെ കഥാനായകന്റെ ഭവനത്തിലായിരുന്നു. "ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞ" മെന്നുണ്ടല്ലോ. ഇദ്ദേഹത്തെ കണ്ടയുടനെ കോറെപ്പിസ്കോപ്പാക്കു ഇയാൾ മാന്യകുടുംബത്തിൽപ്പെട്ട ഒരാളാണെന്നു് തോന്നി. ആകയാൽ ഒരു മാന്യഅതിഥിയായി അദ്ദേഹത്തെ സ്വീകരിച്ചു പചരിച്ചു. കിടന്നുറങ്ങുന്നതിനുമുമ്പു രാവിലത്തെ ആഗതന്റെ പരിപാടിയെപ്പററി ആരായുകയുണ്ടായി. അപ്പോൾ അതിഥി അദ്ദേഹത്തിന്റെ ചരിത്രം മുഴുവൻ വെളിപ്പെടുത്തുകയും വെളുപ്പിനെ എഴുന്നേററു നടന്നു പോകുവാനുദ്ദേശിക്കുന്നുവെന്നു പറയുകയും ചെയ്തു. "കൊള്ളാം, അങ്ങിനെ ആകട്ടെ" എന്നു് വീട്ടുനായകനും പറഞ്ഞു. എല്ലാവരും ഉറങ്ങാൻ പോയി. രാവിലെ യാത്രക്കാരനെ പടിവാതുക്കൽവരെ പിൻതുടർന്നശേഷം കോർഎപ്പിസ്കോപ്പാ രണ്ടു രൂപാ ആഗതന്റെ കൈയിൽ കൊടുത്തിട്ടു് യാത്രപറഞ്ഞുപിരിഞ്ഞു.

രൂപായും വാങ്ങി ഉപകാരവും പറഞ്ഞു അതിഥി യാത്ര തുടർന്നു. താൻ രാത്രി കയറിയ വീടു് ഒരു യാക്കോബായവീടാണെന്നു അവരുടെ നമസ്കാരക്രമങ്ങളിൽനിന്നും അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിച്ചിരുന്നു. യാത്രക്കാരൻ സ്വഭവനത്തിൽ മടങ്ങിച്ചെന്നയുടനെ ഒരു "സത്യദീപം" പത്രം കോറെപ്പിസ്കോപ്പാക്കയച്ചുകൊടുക്കണമെന്നും അതിന്റെ വരിപ്പണം താൻ അയച്ചുതന്നുകൊള്ളാമെന്നും പത്രമാപ്പീസിലേക്കു് എഴുതുകയാണു ചെയ്തതു്. അന്നു മുതൽ തുടർച്ചയായി 7 കൊല്ലം സത്യദീപം കോർഎപ്പിസ്കോപ്പായുടെ വായനാവിഷയമായിത്തീർന്നു. ദൈവാനുഗ്രഹത്താൽ അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനും ഇടയായി.

കോർഎപ്പിസ്കോപ്പാ തിരുവല്ലാ അരമനയിൽവച്ചാണല്ലോ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടതു്. അന്നു് അദ്ദേഹത്തെ അനുമോദിക്കുന്നതിനായി അവിടെ കൂടിയിരുന്നവരുടെ കൂട്ടത്തിൽ നമ്മുടെ ചങ്ങനാശ്ശേരിക്കാരനും ഉണ്ടായിരുന്നു. അവിടെവച്ചു ഇവർ തമ്മിൽ നടന്ന രഹസ്യസംഭാഷണത്തിനിടയിലാണു് ഈ മഹാരഹസ്യം പുറത്തുവന്നതു്. സത്യദീപംവഴി കച്ചിറമററത്തു് ജോണച്ചന്റെ "വലിയ മത്സ്യം" പത്രോസിന്റെ വലയിൽപ്പെട്ടു.

—o—

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ദേവസ്യാ മറിയക്കുട്ടി
മുണ്ടയ്ക്കൽ, നെയ്യശ്ശേരി.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. സി. അന്തോണി
എടത്തുരുത്തി.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |




വേദപുസ്തകചരിത്രകഥ

# സിംഹക്കുഴിയിലെ ഡാനിയേൽ

(ജി. സി. ടീച്ചർ)

ഏഴു സിംഹങ്ങളാണു് ആ കൂട്ടിൽ ഉണ്ടായിരുന്നതു്. ദിവസംതോറും രണ്ടു കാളയേയും രണ്ടാടിനേയും വീതം അവയ്ക്കു കൊടുത്തിരുന്നു. എന്നാൽ ആറു ദിവസത്തേക്കു് അവയ്ക്കു ഭക്ഷണമൊന്നും ലഭിച്ചില്ല. ഡാനിയേലിനെ അവ കടിച്ചുകീറി തിന്നുകൊള്ളും വിശപ്പുകൊണ്ടു് എന്നവർ കരുതി. പക്ഷേ സിംഹങ്ങൾക്കു വിശപ്പുണ്ടായില്ല. ഡാനിയേലിനു് അത്ഭുതകരമായി ഭക്ഷണം ലഭിക്കുകയും ചെയ്തു.

ബാബിലോണിൽനിന്നും അതിവിദൂരമായ യൂദയാ നാട്ടിൽ അന്നു ജീവിച്ചിരുന്ന ഹബക്കുക്ക്—ഒരു ദീർഘദർശി. അദ്ദേഹം രാവിലെ എഴുന്നേററു് അപ്പമുണ്ടാക്കി. കുറേ എണ്ണം ഒരു പാത്രത്തിലെടുത്തു് അദ്ദേഹം വയലിലേക്കു് പുറപ്പെട്ടു, അവിടെ കോതമ്പു കൊയ്യുന്ന ജോലിക്കാർക്കു് കൊടുക്കുവാൻ. എന്നാൽ വഴിക്കുവെച്ചു് ഒരു തടസ്സം നേരിട്ടു. ദൈവദൂതനെപ്പോലെ ഒരാൾ പ്രത്യക്ഷപ്പെട്ടു് അദ്ദേഹത്തോടു പറഞ്ഞു: "നിന്റെ കൈവശമുള്ള ഭക്ഷണം ഇപ്പോൾ നീ ബാബിലോണിലേക്കു കൊണ്ടുപോകുക. അവിടെ സിംഹങ്ങളുടെ ഒരു കൂട്ടിൽ ഡാനിയേൽ കിടക്കുന്നു അവനു് നീ ഈ ഭക്ഷണം കൊടുക്കുക." വിസ്മയഭരിതനായി ഹബക്കുക്ക് പറഞ്ഞു: "ഭഗവാനേ, ഞാൻ ബാബിലോൺ കണ്ടിട്ടില്ല അവിടെ സിംഹങ്ങളുടെ കൂടു് എവിടെ എന്നെനിക്കറിഞ്ഞുകൂടാ."

വാചകം പറഞ്ഞവസാനിപ്പിക്കുന്നതിനു മുമ്പേ ഹബക്കുക്ക് അത്ഭുതകരമായി ആകാശത്തിലേക്കുയർന്നു. അല്പംകഴിഞ്ഞപ്പോൾ അദ്ദേഹം നിൽക്കുന്നു സിംഹങ്ങൾ അലറുന്ന ഒരു ഗുഹയുടെ മുമ്പിൽ! അതിന്റെ വാതിൽക്കൽ ചെന്നു മുട്ടിയിട്ടു് അദ്ദേഹം പറഞ്ഞു: "ദൈവത്തിന്റെ ദാസനായ ഡാനിയേൽ, അങ്ങേക്കു് ഇതാ ദൈവം തന്നെ അയച്ചിരിക്കുന്ന ഭക്ഷണം. ഭക്ഷിച്ചു് തൃപ്തനായാലും!"

ദൈവത്തെ സ്തുതിച്ചുകൊണ്ടു് ഡാനിയേൽ എഴുന്നേററുപറഞ്ഞു: "ദൈവമേ, അങ്ങു് എന്നെ വിസ്മരിച്ചില്ല. അവിടുത്തെ സ്നേഹത്തിൽ വസിക്കുന്നവരെ അവിടുന്നു് ഉപേക്ഷിക്കയില്ല എന്നും അങ്ങു വെളിപ്പെടുത്തിയിരിക്കുന്നു." വളരെ വിദൂരത്തിൽ വസിച്ചിരുന്ന രണ്ടു വിശുദ്ധന്മാർ തമ്മിൽ അത്ഭുതകരമായ വിധത്തിലുള്ള ഒരു കൂടിക്കാഴ്ചയായിരുന്നു അതു്. ഡാനിയേൽ ഭക്ഷണം കഴിച്ചു സംതൃപ്തനായി വീണ്ടും ദൈവത്തിനു സ്തോത്രം ചെയ്തു.

"എന്റെ കുഞ്ഞേ നീ എന്താണു് ഇത്ര താമസിച്ചതു്. കൊയ്ത്തുകാർ കളത്തിൽ കററയടുക്കുവാൻ തുടങ്ങിയോ?" അമ്മ ഹബക്കുക്കിനോടു ചോദിച്ചു.

"കൊയ്ത്തുകാരുടെ അടുക്കലേക്കു ഞാൻ പോയില്ല. ഞാൻ കൊണ്ടുപോയ പൊതി ബാബിലോണിൽ താമസിക്കുന്ന ഡാനിയേലിനു കൊടുത്തു."

"ബാബിലോൺ! നീ എന്തു കിറുക്കാണു പറയുന്നതു്! കരയും കടലും കടന്നു് അവിടെ പോകുന്നതെന്നാണു ഞാൻ കേട്ടിട്ടുള്ളതു്. നീ പിന്നെ എങ്ങനെ അവിടെ ചെന്നുപാററി?"

"ഒരു ദൈവദൂതൻ എന്റെ തലമുടിയേൽ തൊട്ടതു ഞാൻ ഓർക്കുന്നു. അടുത്ത ക്ഷണത്തിൽ ഞാൻ ആകാശത്തിൽക്കൂടി അതിവേഗമാണു പാഞ്ഞതു്. ബാബിലോണിൽ ചെന്നു് ഡാനിയേൽ ദീർഘദർശിയെ കണ്ടു. അദ്ദേഹത്തിനു ഭക്ഷണം കൊടുത്തു കഴിഞ്ഞപ്പോൾ ദൈവദൂതൻ വീണ്ടും എന്റെ തലമുടിയേൽ പിടിച്ചു. ഞാൻ ഇവിടെ വന്നുചേരുകയും ചെയ്തു."

"അങ്ങേക്കു് അവിടെ ആരും ഭക്ഷണം കൊടുക്കയില്ലായിരുന്നോടാ?"

"അദ്ദേഹത്തെ അവിടത്തെ ജനങ്ങളെല്ലാംകൂടി സിംഹക്കൂട്ടിൽ ഇട്ടിരിക്കയാണു്. എന്നാൽ സിംഹങ്ങൾ പട്ടിക്കുഞ്ഞുങ്ങളെപ്പോലെ അദ്ദേഹവുമായി കളിച്ചുകൊണ്ടിരിക്കുന്നു."

"എന്നാൽ മഹത്വമുള്ളവനായ യഹോവായെ ഞാൻ സ്തുതിക്കുന്നു."

ഏഴാമത്തെ ദിവസം ഉദിച്ചുയർന്നു. ഡാനിയേലിനെ ഓർത്തു ദുഃഖിക്കുവാൻ രാജാവു് സിംഹക്കൂടിന്റെ സമീപത്തേക്കുപോയി. അകത്തുനിന്നും ഒരു ശബ്ദവും കേൾക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം എത്തിവലിഞ്ഞുനോക്കിയപ്പോൾ കണ്ടു ഡാനിയേലിനെ സിംഹങ്ങളുടെ മദ്ധ്യത്തിൽ. ഒരു പോറൽപോലും അദ്ദേഹത്തിന്റെ ദേഹത്തുണ്ടായിരുന്നില്ല. പട്ടിണികൊണ്ടു ശരീരം മെലിയുന്നതിനു പകരം കൊഴുത്തു തടിച്ചിരിക്കുന്നു അദ്ദേഹം. അത്ഭുതപരതന്ത്രനായി രാജാവു് വിളിച്ചുപറഞ്ഞു: "ഡാനിയേലിന്റെ ദൈവം വലിയവൻതന്നെ."



ഡാനിയേൽ സുരക്ഷിതനായി പുറത്തിറങ്ങി. എന്നാൽ ഡാനിയേലിനെതിരായി പ്രക്ഷോഭണമുണ്ടാക്കിയവരെയെല്ലാം സിംഹക്കൂട്ടിലേക്കു് എറിയുവാൻ അദ്ദേഹം ആജ്ഞാപിച്ചു. പട്ടാളക്കാർ അവരെയെല്ലാം വേട്ടയാടി പിടിച്ചുകൊണ്ടുവന്നു് രാജകല്പന നിറവേററി. വായ്പൊളച്ചു മുകളിലേക്കു നോക്കിക്കൊണ്ടുനിന്ന സിംഹങ്ങളുടെ വായിലേക്കുതന്നെയാണു് ഓരോന്നും വീണതു്. ഡാനിയേലിന്റെ ദൈവത്തെ ലോകത്തിലുള്ള സകല ജാതി ജനങ്ങളും ബഹുമാനിച്ചുകൊള്ളണമെന്നു് രാജാവു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ആദ്ധ്യാത്മികവീഥി 29

# രണ്ടു തരം പ്രാർത്ഥന

ദൈവത്തിന്റെ വത്സലമക്കളേ,

പ്രാർത്ഥനയെ വാചാപ്രാർത്ഥനയെന്നും മനഃപ്രാർത്ഥനയെന്നും (Vocal Prayer and Mental Prayer) എന്നു രണ്ടായി തരംതിരിക്കാറുണ്ടു്. വാചാപ്രാർത്ഥനയിൽ നാം ചുണ്ടും നാവും ഉപയോഗിച്ചു വാക്കുകൾ ഉച്ചരിക്കുന്നു. മനഃപ്രാർത്ഥനയിൽ ചിന്തിക്കുകമാത്രമേ ചെയ്യുന്നുള്ളു.

എന്നാൽ വാചാപ്രാർത്ഥന പ്രാർത്ഥനയാകണമെങ്കിൽ വെറും സ്വരംമാത്രം പോരാ, അതിനു പുറകിൽ, അതിനു ജീവൻകൊടുക്കുന്ന ചിന്തയും ആവശ്യമാണു്. കാരണം വാക്കുച്ചരിക്കുമ്പോൾ നാം ബോധത്തെ ദൈവത്തിൻപക്കലേക്കു് ഉയർത്താത്തപക്ഷം അതു പ്രാർത്ഥനയാകുകയില്ല. അതുപോലെതന്നെ നാം ചിന്തിക്കുകമാത്രം ചെയ്യുമ്പോഴും സ്വരം പുറപ്പെടുവിക്കുന്നില്ലെങ്കിലും, നമ്മുടെ ആശയങ്ങളുടെ പുറകിൽ വാക്കുകളുണ്ടു് അതിനാൽ രണ്ടുതരത്തിലുള്ള പ്രാർത്ഥനകളിലും ചിന്തയും വാക്കുകളുമുണ്ടെന്നു പറയാം. ഒന്നിനു സ്വരമുണ്ടു്, മററതിനു സ്വരമില്ല എന്ന വ്യത്യാസമേയുള്ളു.

ഇനി വാചാപ്രാർത്ഥനയെത്തന്നെയും രണ്ടായി തരംതിരിക്കാം. ഒന്നു "ആകാശങ്ങളിലിരിക്കുന്ന" "നന്മനിറഞ്ഞമറിയം" മുതലായവപോലെ തിരുസ്സഭ അംഗീകരിച്ചിട്ടുള്ള നിശ്ചിതരൂപത്തിലുള്ളതു്; മററതു അപ്പോഴപ്പോഴത്തെ ആവശ്യാനുസരണം ഓരോരുത്തരും തനിയെ ഉണ്ടാക്കിച്ചൊല്ലുന്നതു്.

ഇവയിലേതാണു കൂടുതൻ നല്ലതെന്നു നിർണ്ണയിക്കുക അത്ര എളുപ്പമല്ല. ആദ്യം പറഞ്ഞതിനു തിരുസ്സഭയുടെ അംഗീകാരമുണ്ടെന്നുള്ള ഒരു മെച്ചമുണ്ടു്. എന്നാൽ പലപ്പോഴും ആവർത്തിച്ചുചൊല്ലുമ്പോൾ ശ്രദ്ധ കുറഞ്ഞുപോകാൻ എളുപ്പമുണ്ടു്. രണ്ടാമത്തേതിനു പ്രത്യേക അംഗീകാരമില്ലെങ്കിലും സ്വന്ത ഹൃദയത്തിൽനിന്നു നിർഗ്ഗമിക്കുന്നതാകയാൽ ശ്രദ്ധ കൂടുതലുണ്ടായിരിക്കും. അതിനാൽ കൂടുതൽ സജീവവുമായിരിക്കും.

അങ്ങനെ രണ്ടിനും ഓരോതരത്തിലുള്ള മേന്മയുള്ളതു രണ്ടു വിധത്തിലുള്ളതും നാം ഉപയോഗിക്കുകയാണു വേണ്ടതു്. വി കൊച്ചുത്രേസ്യാ രണ്ടാമത്തെ രീതിയിലുള്ള പ്രാർത്ഥന ഇഷ്ടപ്പെട്ടിരുന്നുവെന്നു് അവളുടെ സ്വയംകൃത ജീവചരിത്രത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. അതു കുറെക്കൂടി സ്വാഭാവികവും കൊച്ചുകുട്ടികൾക്കുപോലും ചൊല്ലാവുന്നതുമാണു്. "എന്റെ ഈശോ, എന്റെ അമ്മച്ചിയുടെ പനി പൊറുപ്പിക്കണെ, എന്റെ അപ്പനു ഒരു ജോലി കൊടുക്കണെ, ചേച്ചിയെ ഇക്കൊല്ലം ജയിപ്പിക്കണെ" എന്നും മററും ഒന്നും പറഞ്ഞുകൊടുക്കാതെപോലും കുട്ടികൾ പ്രാർത്ഥിക്കാറുണ്ടല്ലോ.

ഒരിക്കൽ അഞ്ചാമത്തെ വയസ്സിൽ ആദ്യകുർബാന സ്വീകരിച്ച ഒരു കുട്ടിയോടു ഉപകാരസ്മരണസമയത്തു എന്താണു ചെയ്തതെന്നു ചോദിച്ചപ്പോൾ, "എന്റെ അടുക്കൽ വന്നതിനു ഈശോയോടു ഞാൻ നന്ദിപറഞ്ഞു. പിന്നെ അപ്പച്ചനും, അമ്മച്ചിക്കും, വല്യമ്മച്ചിക്കും, ചേച്ചിക്കും, കൊച്ചാച്ചനും വേണ്ടി അപേക്ഷിച്ചു പിന്നെ ഞാൻ ഈശോയോടു കുറുക്കന്റെയും മുന്തിരിഞ്ഞായുടേയും കഥപറഞ്ഞു" എന്നായിരുന്നു മറുപടി. വീട്ടിൽ ചില മാന്യന്മാരും മററും വരുമ്പോൾ അവനെക്കൊണ്ടു ആ കഥ പറയിക്കാറുണ്ടായിരുന്നതുകൊണ്ടു് ഈശോയ്ക്കും തന്റെ ആ സാമർത്ഥ്യപ്രകടനം ഇഷ്ടപ്പെടുമെന്നുള്ള ധാരണയാണു കഥ പറയാൻ അവനെ പ്രേരിപ്പിച്ചതു്. അവന്റെ പ്രതീക്ഷ അസ്ഥാനത്തിലായിരുന്നിരിക്കയില്ല.

ഒരു വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിച്ചിരുന്ന സാധുക്കളെ സഹായിക്കാൻ എന്താണു ചെ

(ശേഷം 4-ാം പേജിൽ)

(11-ാം പേജ് തുടർച്ച)

വലേ:- അതെ, ഒന്നുകിൽ അവരുടെ പ്രവൃത്തികൾ സുബദ്ധങ്ങളല്ല. അല്ലെങ്കിൽ ഇവിടത്തെ നിയമങ്ങൾ സുബദ്ധങ്ങളല്ല. അപ്പോൾ രണ്ടും അബദ്ധമാണെന്നു വരുമോ. ഹേയ് അതുണ്ടാവില്ല.

റൈറ:- ഒരു കാര്യംകൂടി തിരുമനസ്സുണർത്തിക്കുവാനുണ്ടു്.

മാക്:- എന്താണതു്?

റൈറ: അലക്സാണ്ഡ്റിയായിലെ കാതറൈൻ എന്ന പ്രഭുകന്യകയാണു് അവർക്കു നേതൃത്വം കൊടുക്കുന്നതെന്നു കേൾക്കുന്നു.

മാക്:- അവൾക്കും അത്രമേൽ ധിക്കാരമോ?

റൈറ:- അതെ, ധിക്കാരത്തിന്റെ പരമകാഷ്ഠ! അവൾ കടൽ കടന്നു റോമിലേക്കു വന്നിരിക്കുകയാണു്.

മാക്:- റൈററസ്, ഉടൻതന്നെ പുറപ്പെടു. അവളെ എത്രയുംവേഗം നമ്മുടെ മുൻപിൽ ഹാജരാക്കേണ്ടതാണു്. ഊം, പോകാം.

റൈറ:- ഉത്തരവു്. (വണങ്ങി പോകുന്നു)

ജൂലി:- സ്വാമിൻ, നമുക്കു് ഉദ്യാനത്തിലേക്കു പോകാം. എനിക്കു തീരെ സുഖം തോന്നുന്നില്ല.

മാക്:- നമുക്കും അപ്രകാരം തന്നെ. എത്രതന്നെ മർദ്ദിച്ചിട്ടും ഈ ക്ഷുദ്രജീവികളുടെ വിശ്വാസദാർഢ്യത്തിനു ഒരിടർച്ചയും സംഭവിക്കുന്നില്ല.

വലേ:- അതോർക്കുമ്പോൾ വലിയ ചിന്താക്കുഴപ്പമാണെനിക്കുമുണ്ടാവുക.

മാക്:- എന്തു്?

വലേ:- എനിക്കും മനസ്സിനു തീരെ സുഖം തോന്നുന്നില്ല.

മാക്:- പോയി വിശ്രമിച്ചുകൊള്ളൂ

വലേ:- ഉത്തരവു്. (വണങ്ങി, പോകുന്നു)

(മാക്സിമിയൻ ചിന്താധീനനായി സാവധാനത്തിൽ നടന്നു പോകുന്നു. ജൂലിയാന അനുഗമിക്കുന്നു)

കർട്ടൻ

(തുടരും)

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം ഒന്നു്

(രാജവീഥി. ആയുധധാരികളായ രണ്ടു ഭടന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ:- ആരും ഇനി ഇവിടെ നില്ക്കുവാൻ പാടില്ല. ചക്രവത്തി തിരുമേനി എഴുന്നള്ളുന്നു. പോകുവിൻ. വേഗമാകട്ടെ.

രണ്ടാമൻ:- ഉം. വേഗമാകട്ടെ.

ഒന്നാ:- (ഒരുവശത്തേക്കു നോക്കി ആരേയോ കണ്ടതായി ഭാവിച്ചു്) ആരാ അവിടെ? പലഹാരക്കച്ചവടക്കാരൻ! ഛീ, എടുക്കവിടന്നു്. പലഹാരം വില്ക്കുവാൻ കണ്ട സ്ഥലം! പറഞ്ഞതു കേട്ടില്ലേ? എടുത്തുകൊണ്ടുപോകൂ.

രണ്ടാ:- (മറെറാരുവശത്തേക്കു തിരിഞ്ഞു്) എന്തു്. മരുന്നോ? ഇവിടാർക്കും തന്റെ മരുന്നു വേണ്ടാ. എടുത്തുകൊണ്ടുപോകൂ. ചക്രവത്തി തിരുമേനി എഴുന്നള്ളുവാൻ സമയമായി. വേഗം, വേഗം.

ഒന്നാ:- എന്തു്, കസ്തൂരിയോ! കൊള്ളാം, കൊള്ളാം. അല്പം എന്റെ കുപ്പായത്തിൽ പൂശിയിട്ടു പൊയ്ക്കോ. (സൗകര്യമായവിധത്തിൽ നിന്നുകൊടുക്കുന്നു) വേറെ വല്ലതുമുണ്ടെങ്കിൽ വൈകിട്ടു് വീട്ടിലേക്കു കൊണ്ടുവന്നേക്കു്. ഉം മതി മതി. പൊയ്ക്കോ.

(ഒരു പാട്ടുകേൾക്കുന്നു)

രണ്ടാ:- ആരാ അതു്?

ഒന്നാ:- ആരായാലും പാടാൻ കണ്ട സമയം! (ഇരുവരും പാട്ടു കേട്ട ഭാഗത്തേക്കു് നോക്കുന്നു. കാഷായവസ്ത്രധാരിയായ പെഡ്രോണിയസ്സ് പാടിക്കൊണ്ടു പ്രവേശിക്കുന്നു. ഭടന്മാർ തെല്ലിട ജിജ്ഞാസയോടുകൂടി നോക്കിനില്ക്കുന്നു)

രണ്ടാ:- അളിയാ, മതി നിറുത്തു്. (പെഡ്രോണിയസ്സ് യാതൊന്നും ശ്രദ്ധിക്കാതെ പാട്ടു തുടരുന്നു)

ഒന്നാ:- നിറുത്താൻ പറഞ്ഞില്ലേ!

രണ്ടാ:- ഛീ—നിറുത്തടാ.

പെഡ്രോ:- ഉം, നിങ്ങൾക്കെന്തുവേണം?

രണ്ടാ:- ഒന്നുംവേണ്ടാ. ഒന്നാമതായി താനിനി ഇവിടെനിന്നു പാടരുതു്.

ഒന്നാ:- രണ്ടാമതായി താനുടനെ ഇവിടെനിന്നു പോകണം.

പെഡ്രോ:- ഞാൻ പാടുകയോ പാടാതിരിക്കുകയോ ചെയ്യും. അതിൽ നിങ്ങൾക്കു കാര്യമില്ല.

രണ്ടാ: ഹ ഹ! ഇയാൾ ആൾ മോശമില്ലല്ലോ. എടോ, പറഞ്ഞാൽ അനുസരിച്ചില്ലെങ്കിൽ തന്നെ ഞങ്ങൾ തല്ലുകയോ ചവിട്ടുകയോ ചെയ്യും. മനസ്സിലായോ?

പെഡ്രോ:- തീരെ മനസ്സിലായില്ല. ഞാൻ പെരുവഴിയിലൂടെ നടന്നു് എനിക്കേററം പ്രിയംകരമായ എന്റെ ഹൃദയഗാനമാലപിക്കുന്നു. നിങ്ങൾക്കെന്തു ചേതം?

ഒന്നാ:- അതു കൊള്ളാം. നല്ല യുക്തിതന്നെ! അപ്പോൾ പെരുവഴിയിൽവച്ചു് എന്തുമാകാമെന്നാണോ തന്റെ ഭാവം?

രണ്ടാ:- വെറുതെയല്ല താനിങ്ങനെ പെരുവഴിയിലായതു്.

ഒന്നാ:- നല്ല മൂടുള്ള അടികിട്ടാതെ ഇവൻ നന്നാകുന്ന ലക്ഷണം കാണുന്നില്ല.

പെഡ്രോ:- ആരും ആരേയും നന്നാക്കരുതു്. അപ്പോൾ എല്ലാം നന്നായിക്കൊള്ളും.

രണ്ടാ:- ഹ ഹ ഹ! ഇവൻ പറയുന്നതു കേട്ടില്ലേ?

ഒന്നാ:- ഞാൻ പറഞ്ഞില്ലേ, ഇവൻ രണ്ടുകൊണ്ടേ അടങ്ങൂ എന്നു്.

രണ്ടാ:- ഇവനേയും ആ തലതിരിഞ്ഞ ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ വല്ല ഇരുട്ടറയിലും അടച്ചുപൂട്ടണമെന്നാണു തോന്നുന്നതു്.

പെഡ്രോ:- ഇരുട്ടറ! ഹ ഹ ഹ! ഇരുട്ടറ!! വെളിച്ചംവിശാത്ത ഒരിരുട്ടറയും ഈ റോമ്മാസാമ്രാജ്യത്തിലില്ല.

ഒന്നാ:- എന്തുപറഞ്ഞു. ഇവിടത്തെ ഇരുട്ടറകൾ താൻ തുറന്നുകളയുമെന്നു തോന്നുന്നല്ലോ!

പെഡ്രോ:- തുറക്കേണ്ട ആവശ്യമില്ല. ഇരുട്ടറകളിൽ നിങ്ങൾ അടച്ചുവച്ചിരിക്കുന്നതു് വെളിച്ചത്തിന്റെ സന്താനങ്ങളെയാണു്. ദീപം പ്രകാശിക്കുമ്പോൾ ഇരുട്ട് ഓടിയൊളിക്കുന്നു.

രണ്ടാ:- ഓഹോ! വെളിച്ചത്തിന്റെ പ്രവാചകൻ! പറഞ്ഞതു കേട്ടില്ലേ?

ഒന്നാ:- ഭ്രാന്തന്മാർ എന്തെല്ലാം പറയുന്നു!

പെഡ്രോ:- പ്രവാചകനു് മൂഢന്മാർ നല്കുന്ന പേരാണു് ഭ്രാന്തനെന്നു്.

രണ്ടാ:- മതിയെടോ പ്രസംഗിച്ചതു്. തല്ലുകൊള്ളാതെ പൊയ്ക്കോ.

പെഡ്രോ:- ഞാൻ പോവുകയാണു്.

ഒന്നാ:- എങ്ങോട്ടാണോ?

പെഡ്രോ:- അനന്തതയിലേക്കു്.

രണ്ടാ:- വലിയ ഉപകാരം. (ഭടന്മാർ ഇരുവരും പൊട്ടിച്ചിരിക്കുന്നു. പെഡ്രോണിയസ്സ് തന്റെ ഗാനം തുടർന്നുകൊണ്ടു് സാവധാനത്തിൽ നടന്നുമറയുന്നു. ഭടന്മാർ നോക്കിനില്ക്കുന്നു. ചക്രവത്തിയുടെ ആഗമനത്തെ സൂചിപ്പിക്കുന്ന കാഹളം മുഴങ്ങുന്നു)

ഒന്നാ:- അതാ, ചക്രവത്തി തിരുമേനി എഴുന്നള്ളിക്കഴിഞ്ഞു. നമുക്കു പോകാം. (ഇരുവരും തിടുക്കത്തിൽ നടന്നുമറയുന്നു)

രംഗം രണ്ടു്

(ചക്രവത്തിയുടെ വസന്തകാലവസതി ദൃശ്യമാകുന്നു. മാക്സിമിയനും ജൂലിയാനായും പ്രവേശിക്കുന്നു)

മാക്:- പ്രിയേ, ഇന്നത്തെ സായാഹ്നം തികച്ചും ആനന്ദസംദായകമായിരുന്നു അല്ലേ?

ജൂലി:- വാസ്തവ. ഈ വസന്തകാലവസതി സന്ദശിക്കുമ്പോഴെല്ലാം അനവദ്യമായ ആനന്ദവും ആശ്വാസവും എനിക്കുണ്ടാകാറുണ്ടു്.

മാക്:- നാമതറിയുന്നു. അതുകൊണ്ടുതന്നെയാണു് ഒരാഴ്ചകൂടി ഇവിടെ താമസിച്ചുകളയാമെന്നു നാം തീരുമാനിച്ചതു്. ഭവതിക്കും അതു ഹിതകരമായിരിക്കുമല്ലോ?

ജൂലി:- തീർച്ചയായും.

മാക്:- ആകട്ടെ. ഭവതിയൊന്നു പാടിക്കേട്ടിട്ടു് വളരെ നാളായി. ഒന്നു പാടു.

ജൂലി:- അങ്ങുകൂടി പാടാമെങ്കിൽ.

മാക്:- ഉം. പാടു.

(ജൂലിയാനാ പാടിത്തുടങ്ങുന്നു. മാക്സിമിയനും ചേർന്നുപാടുന്നു. പാട്ടു തീരുന്നതോടുകൂടി റൈററസ്സ് പ്രവേശിക്കുന്നു. ചക്രവത്തിയേയും ചക്രവത്തിനിയേയും യഥായോഗ്യം അഭിവാദ്യം ചെയ്യുന്നു)


മാക്:- (അഭിവാദ്യം സ്വീകരിച്ചുകൊണ്ടു്) കുശലം റൈററസ്സ്, താങ്കളുടെ ആഗമനം അപ്രതീക്ഷിതമെങ്കിലും അകാരണമല്ലെന്നു നാം കരുതുന്നു.

റൈററ:- അവിടുത്തെ പ്രതീക്ഷ അസ്ഥാനത്തല്ല. സുപ്രധാനമായ പലതും തിരുമനസ്സുണത്തിക്കുവാനുണ്ടു്.

മാക്:- കേൾക്കട്ടെ. അറിയുവാൻ നമുക്കു തിടുക്കമായി. (മാക്സിമിയനും ജൂലിയാനായും ഉപവിഷ്ടരാകുന്നു. വലേരിയസ്സ് പ്രവേശിച്ചു് എല്ലാവരേയും യഥോചിതം വണങ്ങി മാറിനില്ക്കുന്നു)

റൈററ:- നാം സമാരംഭിച്ചുകഴിഞ്ഞ ക്രൈസ്തവസംഹാരപരിപാടി പൂർത്തീകരിക്കുവാൻ ഇനിയും കാലവിളംബമുണ്ടാകുന്ന ലക്ഷണമാണു കാണുന്നതു്.

മാക്:- എന്തു്! നമ്മേയും പരി


കമ്മ്യൂണിസ്റ്റ് ഹംഗറിയിൽനിന്നും ഒരു കാലുപോലും നഷ്ടപ്പെട്ടു രക്ഷനേടിയ കാപ്പുസ് കുടുംബാംഗങ്ങളെ അമേരിക്കൻ പ്രസിഡന്റു് ഐസനോവർ സ്വാഗതം ചെയ്യുന്നു. (വിശദവിവരം 12-ാം പേജിൽ)

ശുദ്ധരായ നമ്മുടെ ദേവന്മാരേയും അനാദരിക്കുന്ന ആ മ്ലേച്ഛവംശം ഇനിയും നമ്മുടെ രാജ്യത്തവശേഷിക്കുന്നുവെന്നോ?

റൈററ:- പ്രഭോ, ബഹുശതം പുരോഹിതന്മാരേയും ആയിരക്കണക്കിനു സാധാരണന്മാരേയും ഇതിനകം ഹിംസിച്ചുകഴിഞ്ഞു. ഭൂഗർഭാലയങ്ങളിൽനിന്നു പിടികിട്ടിയ അഞ്ഞൂറിലധികം വരുന്ന ഒരു സംഘത്തെ ടൈബർ നദീതീരത്തുള്ള വീനസ്സിന്റെ മഹാക്ഷേത്രത്തിൽ ബലികൊടുത്തു. ബലിപീഠത്തിൽനിന്നു നിർഗ്ഗമിച്ച രക്തപ്രവാഹസമ്പർക്കത്താൽ നദീജലംപോലും അരുണിമപൂണ്ടു പാഞ്ഞൊഴുകുന്നു.

ജൂലി:- മഹാപാപം! ഇത്ര ഭയാനകമായ പീഡനങ്ങൾക്കു പാത്രമാകത്തക്കവിധം അവർ എന്തു കുററമാണു ചെയ്തതു്?

വലേ:- അവർ നമ്മുടെ മഹാമന്ത്രിയെ അനാദരിച്ചു, അതു മാത്രം.

മാക്:- അല്ല; അവർ നമ്മേയും, സൃഷ്ടിസ്ഥിതിസംഹാരകരായ റോമൻ ദേവന്മാരേയും അനാദരിച്ചു. റോമൻ ജനത നൂററാണ്ടുകളായി സംരക്ഷിച്ചുപോരുന്ന വിശ്വാസാചാരങ്ങളെ തച്ചുടച്ചുകൊണ്ടു് ഒരു പുതിയ വ്യവസ്ഥിതിതന്നെ ഇവിടെ പടുത്തുയർത്തുവാൻ അവർ ശ്രമിച്ചു.

വലേ:- അങ്ങിനെ സകല കൊള്ളരുതായ്മകളേയും അവർ ചെറുത്തു.

മാക്:- ഛരായ്! എന്തു പറഞ്ഞു?

വലേ:- ക്ഷമിക്കണം. അങ്ങയെ സംബന്ധിച്ചിടത്തോളം കൊള്ളരുതാത്തതു പലതും അവർ പ്രവത്തിച്ചു. അതിന്റെ ഫലമാണല്ലോ അവരിപ്പോഴനുഭവിക്കുന്നതു്.

റൈററ:- തിരുമേനി, അവിടുത്തെ ഉഗ്രശാസനങ്ങളെ തൃണവൽഗണിച്ചുകൊണ്ടു് അതിർത്തിപ്രദേശങ്ങളിൽ ബഹുശതം ക്രൈസ്തവർ പരസ്യമായി പ്രകടനം നടത്തുന്നതായി വാത്ത ലഭിച്ചിട്ടുണ്ടു്.

മാക്:- ധിക്കാരം! ആ നീചപ്പരിഷയിൽ ഒരെണ്ണംപോലും അടുത്ത സൂര്യോദയം ദശിച്ചുകൂടാ. ക്ഷണം പുറപ്പെടു.

വലേ:- ആരായിരുന്നാലും അതിർത്തി ലംഘിക്കുന്നതു് നല്ലതിനല്ല.

ജൂലി:- പ്രഭോ, ഇനിയെങ്കിലും ഈ നരവേട്ട അവസാനിപ്പിക്കണേ. അവർ രാജ്യശത്രുക്കളോ രാജ്യദ്രോഹികളോ ആണെന്നു വിശ്വസിക്കുവാൻ യാതൊരു തെളിവും ഞാൻ കാണുന്നില്ല.

മാക്:- അബദ്ധം, സവ്വാബദ്ധം. അവരുടെ എല്ലാ പ്രവത്തനങ്ങളും നമ്മുടെ നിയമങ്ങൾക്കെതിരാണു്. പരസ്യമായ അവഹേളനമാണു്.

(ശേഷം 10-ാം പേജിൽ)




Reg. M. No. 2293

# Sathya Deepam

Vol. 28 | Ernakulam, September 8, 1954 | No. 4

## വോൾട്ടയർ അനുതപിച്ചു

ചരിത്രത്തിൽ ഈശോസഭയുടെ ബദ്ധശത്രുവെന്നും, വൈദികവിദ്വേഷികളുടെ നേതാവെന്നും, അജ്ഞേയവാദികളുടെ സമ്രാട്ടെന്നും, സ്വാതന്ത്ര്യചിന്തയുടെ അപ്പസ്തോലനെന്നും കുപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള വോൾട്ടയർ അദ്ദേഹത്തിന്റെ മരണക്കിടക്കയിൽ അനുതപിച്ചു തിരുസഭയുമായി രമ്യപ്പെട്ടുവെന്നതിനു പ്രാമാണികമായ ചില രേഖകൾ ഈയിടെ കണ്ടുകിട്ടിയിരിക്കുന്നു. ലോകം ഇന്നുവരെ വിശ്വസിച്ചുപോന്നതിനുകടകവിരുദ്ധമായ ഈ വസ്തുത എം. ജാക്വിസ് "ഡാർവസ്" "ഫിഗാരോ ലിററെറയാ"യിൽ പ്രമാണരേഖകളോടുകൂടി പ്രസിദ്ധപ്പെടുത്തി. പാരീസിലുള്ള ഒരു വക്കീലിന്റെ പ്രമാണശേഖരത്തിൽനിന്നാണ് അവ കണ്ടെടുക്കപ്പെട്ടതു്. വിശുദ്ധ സൾപ്പീസിന്റെ ഇടവകയിൽ ജോലിചെയ്തിരുന്ന ഒരു ഈശോസഭാംഗമായിരുന്ന ആബെ ഗൗവുൾട്ടിയെയാണത്രെ ഈ രേഖകൾ അവിടെ നിക്ഷേപിച്ചതു്. അദ്ദേഹമാണ് വോൾട്ടയറെ കുമ്പസ്സാരിപ്പിച്ചതും. അവയിൽ വോൾട്ടയർ തന്റെ തെററുകളെ രേഖാമൂലം പിൻവലിക്കുകയും അദ്ദേഹം വരുത്തിയ ഉതപ്പിനെപ്പററി അനുതാപം പ്രകടമാക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെയും കണ്ടെടുത്തിട്ടുള്ള രേഖകളിൽ വോൾട്ടയർ മരണക്കിടക്കയിൽ വച്ചെഴുതിയ മററു കത്തുകളും, അദ്ദേഹത്തെ സന്ദർശിക്കുന്നതിനപേക്ഷിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ സഹോദരി മാഡം ഡെനിസ് ആബെ ഗാവുൾട്ടിയേക്കെഴുതിയ കത്തും, അദ്ദേഹത്തിന്റെ തെററു പിൻവലിക്കൽ പ്രഖ്യാപനവും ഉൾക്കൊള്ളുന്നു. ഈ രേഖ അദ്ദേഹം തന്നെ അദ്ദേഹത്തിന്റെ ഭാഗിനേയനായ ആബെ മിഗ്നോട്ടിന്റേയും മാർക്വിസ് ദെവില്ലവിലിന്റേയും സാന്നിദ്ധ്യത്തിൽ 1778 മാർച്ചു 2-ാംതീയതിയാണു എഴുതിയതായി കാണുന്നതു്. മാനസാന്തരപ്പെട്ട പ്രസിദ്ധ മതവിദ്വേഷികളിൽ ഒരാളായി അദ്ദേഹത്തേയും പരിഗണിക്കാം.

## സ്പെയിനിൽ ഗൃഹനിർമ്മാണപദ്ധതി

രണ്ടുകൊല്ലം മുമ്പു ബർസലോണായിൽവച്ചു 35-ാമത്തെ സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സ് ആഘോഷിച്ച അവസരത്തിൽ ആ മഹാസംഭവത്തിന്റെ സ്മാരകമായി 2000 പുതിയ ഭവനങ്ങൾ പണിതു ഭവനരഹിതർക്കു ദാനം ചെയ്യണമെന്നു തീർച്ചപ്പെടുത്തിയിരുന്നു. അന്നത്തെ കണക്കനുസരിച്ചു ബർസലോണായിൽ 45000 ഭവനരഹിതകുടുംബങ്ങളുണ്ടായിരുന്നു. പൊതുപിരിവുകളിൽനിന്നു 175000 പവൻ ശേഖരിച്ചുകൊണ്ടു ഒരു കൊല്ലം മുമ്പു ജോലിയാരംഭിച്ചു. 400 പേരാണ് നിർമ്മാണജോലിയിൽ ഏർപ്പെട്ടിരുന്നതു്. ഇപ്പോൾ 184 ഭവനങ്ങൾ പണിതീർന്നു. അവയിൽ അത്രയും കുടുംബങ്ങളെ പ്രവേശിപ്പിച്ചുകഴിഞ്ഞു.

# —വിവിധവൃത്താന്തങ്ങൾ—

## കുട്ടികളെ വിട്ടുകൊടുക്കാത്തതിനു് ശിക്ഷ

ആംസ്റ്റർഡാമിൽ മിസ്സിസ് ലാഞ്ചെൻഡിക്ക് വാൻ മൂഴ്സ്ററു് എന്ന യുവതി ദത്തെടുത്തു വളർത്തിക്കൊണ്ടിരുന്ന രണ്ടു കുട്ടികളെ യഹൂദ സംരക്ഷണബോർഡുകാർക്കു വിട്ടുകൊടുത്തില്ലഎന്നകുററത്തിനു അവരെ ഒരു കൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു. കുട്ടികളുടെ മാതാപിതാക്കന്മാർ യുദ്ധത്തിൽ മരിച്ചുപോയപ്പോഴാണ് മിസ്സിസ് വാൻമൂഴ്സ്ററു് അവരെ ദത്തെടുത്തതു്. 1948-ൽ അവർക്കു കുട്ടികളുടെ മേലുള്ള സംരക്ഷണാവകാശം കോടതിയിൽ അംഗീകരിക്കപ്പെട്ടു. പക്ഷെ അഞ്ചു മാസം കഴിഞ്ഞപ്പോൾ വേറൊരു കോടതിവിധിമൂലം കുട്ടികളുടെ മേലുള്ള അവകാശം യഹൂദസംരക്ഷണബോർഡുകാർക്കു ലഭിച്ചു. എന്നാൽ കുട്ടികളുടെ കത്തോലിക്കാവിശ്വാസം ഒരു യഹൂദഭവനത്തിൽ അവർക്കു നഷ്ടപ്പെട്ടേക്കുമെന്നു ഭയന്നു മിസ്സിസ് വാൻമൂഴ്സ്ററു് അവരെ ഒളിച്ചു സൂക്ഷിക്കുകയാണുണ്ടായതു്.

## സുവിശേഷപ്രസംഗങ്ങൾ പോലീസ് പരിശോധിക്കുന്നു

കമ്മ്യൂണിസ്റ്റധീനമായ ചെക്കൊസ്ലോവാക്യായിൽ ഒരു പുതിയ നിയമം നടപ്പിലാക്കിയിരിക്കുന്നു. വൈദികർ പള്ളിയിൽ പറയാനുള്ള സുവിശേഷപ്രസംഗങ്ങൾ നേരത്തെ തയാറാക്കി പൊലീസിക്കൽ പോലീസുദ്യോഗസ്ഥന്മാർക്കു സമപ്പിക്കണം. അവരുടെ അംഗീകാരം കിട്ടിയാലേ അതു പ്രസംഗിക്കാവൂ. പ്രസംഗം പറയുന്ന അവസരത്തിൽ മുമ്പു് തയാറാക്കി സമപ്പിച്ചതുതന്നെയാണോ പറയുന്നതെന്നു നിരീക്ഷിക്കുന്നതിനു് പോലീസുമേധാവി ആ പകർപ്പും കൊണ്ടുവന്നിരിക്കും. വൈദികർ ശരിയായി ശ്രദ്ധിച്ചു പ്രസംഗം തയാറാക്കുന്നതിനും, കമ്മ്യൂണിസ്റ്റുകളിൽ ചിലരെങ്കിലും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും ഇതു പ്രകാരം തന്നേരണ സഹായകമാകുമല്ലോ എന്നു സമാധാനിക്കാം.

## സ്വാതന്ത്ര്യത്തിനുവേണ്ടി കാലുകളഞ്ഞു

ഈയിടെ അമേരിക്കൻ പ്രസിഡൻറു് മി. ഐസനോവറെ സന്ദർശിച്ചശേഷം ചക്രംവച്ചു ഉന്തുവണ്ടിയിൽ മടങ്ങിപ്പോകുന്ന അവസരത്തിൽ മിസ്സിസ് ഗെസ്സാകാപ്പുസ് അവരുടെ ചരിത്രം പത്രപ്രതിനിധികൾക്കു വിശദീകരിച്ചുകൊടുത്തു. ഇരുമ്പുമറയ്ക്കപ്പുറത്തുള്ളഹംഗറിയിൽനിന്നുഅവരും അവരുടെ ഭർത്താവും രക്ഷപെടുവാൻ നിശ്ചയിച്ചു. ഏഴുവയസ്സുമാത്രം പ്രായമുള്ള അവരുടെപുത്രി ഏവാദ്ദയയും കൂടെക്കൊണ്ടുപോരണമെന്നും തീച്ചപ്പെടുത്തി. ആസ്ട്രിയൻ അതിർത്തിവരെ ഒരുവിധത്തിൽ ഒളിച്ചും മറഞ്ഞും അവർ വന്നെത്തി. യാതൊരു മറവും വനവുമില്ലാത്ത തെളിവായ അതിർത്തിപ്രദേശം കടക്കണം. അവിടെവച്ചു ആരെയെങ്കിലും കണ്ടുകിട്ടിയാൽ ഒരുക്ഷണത്തിനുള്ളിൽ തോക്കിനിരയാക്കുമെന്നതു തീർച്ചയാണ്. എലക്ട്രിക്കുകമ്പികളും മൈനുകളുംകൊണ്ടു് അവിടം കടന്നുപോകുക ഏററം ദുഷ്കരമാക്കിയിരിക്കുകയാണ്. ഈ മരണകവാടവും കടക്കുന്നതിനുതന്നെ ഞങ്ങൾ ഉറച്ചു. നിലത്തുകൂടി ഇഴഞ്ഞിഴഞ്ഞു മുമ്പോട്ടുനീങ്ങുന്നതിനിടയിൽ ഒരു മൈനിൽ എന്റെ കാലുകൾ തട്ടുകയാൽ അതു പൊട്ടി എന്റെ കാലു തകർന്നുമറിഞ്ഞുപോയി. എന്റെ ഭർത്താവു് ക്ഷണത്തിൽ കുട്ടിയെ കൊണ്ടുപോയി കമ്പികളിൽ തൊടാതെ മറുപുറത്തെത്തിച്ചു. അനന്തരം ഓടിവന്നു എന്നേയും എടുത്തു കമ്പിവേലിമുറിച്ചു ഞങ്ങളിരുവരും സ്വാതന്ത്ര്യത്തിന്റെ മണ്ണിൽകടന്നു. ഒരുവിധത്തിൽ വിയന്നായിലെത്തിയപ്പോൾ അമേരിക്കൻ കത്തോലിക്കാസമാശ്വാസസംഘടനക്കാർ കണ്ടുമുട്ടുകയും അവരുടെ സംരക്ഷണയിൽ ആശുപത്രിയിൽ പ്രവേശിച്ചു രക്ഷപ്രാപിക്കുകയുംചെയ്തു. മർദ്ദനത്തിന്റെ ഒരു നാട്ടിൽനിന്നു സ്വാതന്ത്ര്യത്തിന്റെ നാട്ടിലേക്കു വരുന്നതിൽ ഒരു കാലിന്റെ നഷ്ടം ഗണ്യമായൊരു നഷ്ടമല്ലെന്നാണ് അവർ പ്രസിഡൻറിനോടു പ്രസ്താവിച്ചതു്.

## ദേശീയഭാഷകളിൽ ദിവ്യകർമ്മങ്ങൾ

ഐക്യനാടുകളിൽ മിൽവാക്കി എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട ഒരു കോൺഫറൻസിൽ മേയർ മെത്രാപ്പോലീത്താ പ്രസ്താവിച്ചതു് പരിശുദ്ധ സിംഹാസനം ഏതാനും തിരുകർമ്മങ്ങളിൽ ഇംഗ്ലീഷ്ഭാഷ ഉപയോഗിക്കുന്നതിനു് ഐക്യരാജ്യങ്ങൾക്കു അനുമതി നൽകിയിരിക്കുന്നു എന്നാണ്. മാമ്മോദീസ, മുമ്പിലത്തെ ഒപ്രുശുമാ, വിവാഹം, അന്ത്യലേപനം ഈ കൂദാശകളാണ് ഇംഗ്ലീഷ് ഉപയോഗിച്ചുനടത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളതു്. കൂടാതെ ആശീർവ്വാദകർമ്മങ്ങളിലും 25 എണ്ണം ഇംഗ്ലീഷിൽ നടത്താൻ അനുമതിയുണ്ടു്. ഇംഗ്ലണ്ടിലും വെയ്ത്സിലും പ്രസ്തുതാനുവാദം സിദ്ധിക്കുന്നതിനു് തർജ്ജമജോലി ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. തർജ്ജമ പൂർത്തിയായാൽ അനുമതിക്കായി പരിശുദ്ധ സിംഹാസനത്തിനു് സമപ്പിക്കും. ബർമിങ്ങ്ഹാമിലെ മെത്രാപ്പോലീത്താ ഗ്രിംഷാ തിരുമനസ്സുകൊണ്ടാണ് തർജ്ജമയുടെ മേൽനോട്ടം വഹിക്കുന്നതു്. മററു പല രാജ്യങ്ങൾക്കും അടുത്തകാലത്തു് ദേശീയഭാഷകളിൽ തിരുകർമ്മങ്ങൾ നടത്തുന്നതിനു അനുവദിച്ചിട്ടുണ്ടു്. ആസ്ട്രിയാ, ജർമ്മനി, ഫ്റാൻസ്, ഇൻഡൊനേഷ്യാ, ജപ്പാൻ, ചൈന മുതലായവ അതിൽപ്പെടുന്നു. വടക്കെ ഇന്ത്യയിൽ ഹിന്ദിഭാഷയിൽ അവ നടത്തുന്നതിനും അനുവദിക്കപ്പെട്ടിട്ടുണ്ടു്.

## തീർത്ഥകവ്യൂഹം ലൂർദ്ദിൽ

മരിയന്മുബിലിവർഷം പ്രമാണിച്ചു് ലൂർദ്ദിൽ വന്നുചേരുന്ന തീത്ഥകരുടെ സംഖ്യ അനുദിനം വർദ്ധിച്ചുതന്നെ വരുന്നു. താർബെസിലേയും ലൂർദ്ദിലേയും മെത്രാനായ നെയാസു് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതു്, "ലൂർദ്ദിന്റെ പ്രശസ്തി കുറയുകയല്ല, അതു സമാരംഭിക്കുന്നതേയുള്ളൂ" എന്നാണ്. ഹൊട്ടേലുകളിൽ ശരാശരി ഒരുദിവസം 25000 തീർത്ഥകർ അഭയംതേടുന്നുണ്ടു്. പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ 40,000 പേർ വീണ്ടും വന്നുചേന്നു. പെരുമഴയത്താണ് ഈ തീർത്ഥകഗണം അവരുടെ ഭക്തകൃത്യങ്ങൾ നിർവ്വഹിച്ചതു്. ഫ്റാൻസിലെ വ്യവസായപ്രധാനമായ ഭാഗങ്ങളിൽനിന്നും, അമേരിക്കൻ ഐക്യരാജ്യങ്ങളിൽനിന്നും, കാനഡായിൽനിന്നും, ബ്രിട്ടനിൽനിന്നും, ഐർലണ്ടിൽനിന്നും, ഇററലി, ബൽജിയം, ഹോളണ്ടു്, ആഫ്റിക്കാ മുതലായ എല്ലാ രാജ്യങ്ങളിൽനിന്നും തീർത്ഥകർ കൂട്ടംകൂട്ടമായി വന്നുചേരുന്നു.

## ധീരബാലന്റെ വീരകൃത്യം

കമ്മ്യൂണിസ്റ്റധീനത്തിലുള്ള കിഴക്കെ ജർമ്മനിയിൽ ബാൾട്ടിക്ക് തീരത്തുള്ള ഒരു ഗ്രാമത്തിൽ കോൺറാഡ് എന്നു പേരുള്ള 14 വയസ്സായ ഒരു കുട്ടിയുണ്ടു്. ഈയിടെ ബർലിനിലെ വെസ്സംമെത്രാൻ തിരുമനസ്സുകൊണ്ടു് പ്രസ്തുത ഗ്രാമത്തിൽനിന്നും 20 മൈലകലെയുള്ള ഒരു ദേവാലയത്തിൽ കുട്ടികൾക്കു മുമ്പിലത്തെ ഒപ്രുശുമാ നൽകുന്നതിനുള്ള പരിപാടിയുണ്ടായിരുന്നു. കോൺറാഡും അതിൽ സംബന്ധിച്ചു കൂദാശസ്വീകരിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ട കൂട്ടത്തിലായിരുന്നു. ഞായറാഴ്ച രാവിലെ കുട്ടി കാലത്തെ ബസ്സിനു പോകുന്നതിനു സ്റ്റാൻറിലെത്തിയപ്പോഴേക്കും ബസ്സു യാത്രക്കാരെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു. സ്ഥലമില്ല എന്നുള്ള കണ്ടക്ടറുടെ സുഗ്രീവാജ്ഞയും ബസ്സുനീങ്ങുന്നതിനുള്ള വിസിലും ഒന്നിച്ചു മുഴങ്ങി. ബസ്സുപോയിക്കഴിഞ്ഞു. ദിവസത്തിൽ ഈ ഒരു ബസ്സുമാത്രമേയുള്ളുതാനും. ഭഗ്നാശനായ ബാലനും വിട്ടില്ല. 20 നാഴികയും അവൻ നടന്നു വൈകിട്ടു നാലുമണിക്കു പള്ളിയിലെത്തി. അപ്പോഴേക്കും അവൻ കുഴഞ്ഞുതളർന്നുപോയി എന്നു പറയേണ്ടല്ലോ. സ്ഥൈര്യലേപനകർമ്മവും അവസാനിക്കാറായിരുന്നു. ഒരുകന്യാസ്ത്രീ അവന്റെ ദയനീയസ്ഥിതി കണ്ടപ്പോൾ അവനോടുപോയി കിടന്നാശ്വസിക്കുവാൻ ആവശ്യപ്പെട്ടു. ഞാൻ മുമ്പിലത്തെ ഒപ്രുശുമാ സ്വീകരിക്കാനാണ് ഇത്ര ക്ലേശങ്ങൾ സഹിച്ചുവന്നതു്. അതുകൊണ്ടു ആദ്യം എനിക്കു കൂദാശ തരിക എന്നായി ബാലൻ. അവന്റെ അഭിലാഷംതന്നെ നിർവ്വഹിക്കപ്പെട്ടു. അങ്ങിനെ ആ ധീരബാലൻ സ്ഥൈര്യലേപനം സ്വീകരിച്ചു. ഈ ക്രിസ്തുയോദ്ധാവു ഭാവിസമരത്തിനുള്ള ഒരു ധീരസേനാനിയായിരിക്കുമെന്നു പ്രതീക്ഷിക്കാം.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

